# MESSAGES OF OUR LADY OF KANCHIKODE

(മലയാളം)



*PUBLISHED BY*

**FR. ABRAHAM KADIYAKUZHY**

Fr. Abraham Kadiyakuzhy, Rector, St. Antony's Pilgrim Church
Nariyani P.O., Manthara – Ponkunnam, Kottayam - 686 506
www.motherofkanchikode.com

റാണിജോണിലൂടെ ഈശോയും പരിശുദ്ധ അമ്മയും നൽകിയ സന്ദേശങ്ങൾ

I 1996 - നവംബർ 2

"കർത്താവിനെ സ്തുതിക്കുവിൻ! നീതിമാന്മാരുടെ സംഘത്തിലും സഭയിലും പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദിപറയും. കർത്താവിന്റെ പ്രവൃത്തികൾ മഹനീയങ്ങളാണ്! അവയിൽ ആനന്ദിക്കുന്നവൻ അവ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നു. അവിടുത്തെ പ്രവൃത്തി മഹത്തും തേജസ്സുറ്റതുമാണ്; അവിടുത്തെ നീതി ശാശ്വതമാണ്. തന്റെ പ്രവൃത്തികളെ അവിടുന്ന് സ്മരണീയമാക്കി; കർത്താവ് കൃപാലുവും അത്ഭുത വാത്സല്യനിധിയുമാണ്." (സങ്കീർത്തനങ്ങൾ 111:1-4)

II 1996 - ഡിസംബർ 8

"നിങ്ങളെ സ്നേഹിക്കുന്ന അമ്മയാണു ഞാൻ. സ്നേഹമാകുന്ന യേശു രൂപത്തെ പ്രതിഫലിപ്പിച്ച അമ്മയാണ് ഞാൻ. എത്രയും പരിശുദ്ധ ത്രിത്വം അതിവിശേഷമായ ഒരാനുകൂല്യത്താൽ മഹിമയിലേക്ക് എന്നെ ഉയർത്തി. മക്കളേ നിങ്ങൾ പാപമാകുന്ന തിന്മയിൽ നിന്നും യേശുവിന്റെ തിരുരക്തത്താൽ കഴുകപ്പെടണം. ലോകശത്രുവായ പിശാചിന്റെ അടിമത്വത്തിൽ കഴിയുന്ന മക്കളെയോർത്ത് ഞാൻ ദുഃഖിതയാണ്. അമലോത്ഭവയായ നിങ്ങളെ സ്നേഹിക്കുന്ന അമ്മ നിങ്ങളുടെ സമീപത്തുണ്ട്. എന്റെ പുത്രനായ യേശുവിനോടും സഭയോടും വിശ്വസ്തത കാണിക്കാതെ ജീവിക്കുന്ന പുരോഹിത ഗണത്തിനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുക. സമാധാനവും സ്നേഹവുമായ യേശുവിനരികിലേക്ക് ഓടിയണയുന്നതിനുപകരം വെറുപ്പിന്റേയും സ്വാർത്ഥതയുടെയും അഴിമതിയുടെയും പിറകേപോയി അന്ധകാരം നിറഞ്ഞ ലോകത്തിൽ അവിശ്വസ്തരും അഹന്തയുള്ളവരുമായ മക്കളെയോർത്ത് ഞാനും തിരുസുതനും വേദനിക്കുന്നു. ഈ സമയം മുതൽ പ്രതിഫലിക്കുന്ന എന്റെ ദീപ്തി ലോകമാസകലം എത്തുന്നതിനും ദൈവത്തെ സ്വീകരിക്കുന്നതിനും എല്ലാവരും ഒരുങ്ങട്ടെ. സ്വയം വഞ്ചിതരാകാതിരിക്കുവാൻ ശ്രമിക്കുക. അല്ലെങ്കിൽ സകലരും സമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടി ഓടുമ്പോൾ അനർത്ഥങ്ങളായ അത്യാഹിതങ്ങൾ നിങ്ങളുടെമേൽ പതിക്കാൻ ഇടവരും. എന്റെ മകളേ, ഞാൻ നിന്നെ ചെറിയ ദൗത്യമാണ് ഏല്പ്പിച്ചിരിക്കുന്നത്, എങ്കിലും അതിലൂടെ അനേകർ രക്ഷപ്പെടും. അവിശ്വസ്തരിൽ നിന്ന് നിനക്ക് മുറിവേല്ക്കേണ്ടിവരും. നീയോ കുടുംബമോ പതറരുത്. ഇവിടെ വരുന്ന മക്കളെ ഞാൻ പറയുന്നതുപോലെ നയിക്കുക. ഞാൻ അമലോത്ഭവയാകുന്നു."

IIII. 1997 ജനുവരി 1

ഞാൻ കരുണാമയിയായ അമ്മയാണ്. പിതാവിന്റെ അനർഗ്ഗളമായ സ്നേഹത്തിന്റെ പ്രതീകമായ യേശുവിനെ നിങ്ങൾക്ക് നൽകുകയാണ് എന്റെ മാതൃവിശേഷമായ ദൗത്യം. കഷ്ടതകളുടേയും പരീക്ഷണങ്ങളുടേയും വിനാഴികകളെ അതിജീവിക്കാൻ നിങ്ങളെ സഹായിക്കാൻ ഞാൻ വന്നിരിക്കുന്നു. വൈദികരിലും സന്യസ്തരിലും ദൈവീകവെളിച്ചം പൂർണ്ണതയിൽ കൈവരാൻ മക്കളെ, പ്രാർത്ഥിക്കുക. സാത്താന്റെ ആസൂത്രണങ്ങളിൽ അവർ കൂടുതൽ ഇരകളാകുന്നു. മഹത്വത്തിന്റെ ദിവ്യരഹസ്യങ്ങൾ ഊഷ്മളതയോടെ ധ്യാനിച്ച് നിങ്ങൾ പുനരുത്ഥാനത്തിന്റെ മഹിമ നിറഞ്ഞ ജീവിതത്തിലേക്ക് ഉയരണം. മറ്റുള്ളവരെ ഉയർത്ത

ണം. മക്കളെ, ഞാൻ നവയുഗത്തിന്റെ പ്രാരംഭങ്ങളിൽ പ്രാരംഭമാകുന്നു. തിരുസഭയിൽ നടമാടുന്ന അനൈക്യം വളരെയേറെയാണ്. വിശ്വാസസത്യങ്ങളിൽ നിന്ന് അബദ്ധവഴികളിലൂടെ തിരുസഭാതനയരെ വലിച്ചിഴക്കുന്ന സിദ്ധാന്തങ്ങളും പരിശുദ്ധപിതാവിനും ഹയരാർക്കിക്കും എതിരേയുള്ള വഴക്കുകളും മാത്സര്യമനോഭാവങ്ങളും സഭയുടെ ആത്മീയ ഐക്യത്തെ തകിടം മറിക്കുന്ന സാത്താന്റെ തന്ത്രപൂർവ്വമായ പ്രവർത്തനങ്ങളാണ്. പാപത്തിന്റേയും തിന്മയുടേയും വഴികളിലേക്ക് അർപ്പിതരെ നയിക്കുന്ന സാത്താന്റെ പ്രവർത്തനം വിജയം വരിക്കാതിരിക്കാൻ പ്രാർത്ഥിക്കണം. എന്റെ മക്കളെ, നന്മയിലേക്കും ദൈവസ്നേഹത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കാനാഗ്രഹിക്കുന്ന എന്നോടുള്ള സ്നേഹത്തെ അനേകം വ്യക്തികളിൽ നിന്നും എടുത്തുമാറ്റുകയാണ് സാത്താന്റെ പദ്ധതി. സുപ്രധാനമായ ഒരു കാലഘട്ടത്തിന്റെ ആരംഭമാണിത്. സഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു പുതിയയുഗത്തിലേക്ക് നിങ്ങളെ നയിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ദിനങ്ങളാണ് വരുന്നത്. ഒരുങ്ങുക, പ്രാർത്ഥിക്കുക. പാപം അതിന്റെ ഉച്ചകോടിയിൽ എത്തിയിരിക്കുന്നു. മക്കളേ, ഈ നാളുകളിൽ ശക്തമായിക്കൊണ്ടിരിക്കുന്ന സ്വരമാണ് ഞാൻ. എന്റെ വിമലഹൃദയത്തിൽ ഓരോ മക്കളും പ്രതിഷ്ഠിതരായിരിക്കും. ധൈര്യം കൈവെടിയാതെ അർപ്പണമനോഭാവത്തോടെ മുന്നേറുക. മാതൃസ്നേഹം നൽകികൊണ്ട് ഞാൻ നിങ്ങളുടെ ഒപ്പമുണ്ട്. പ്രാർത്ഥിക്കുക. ജപമാല ഭക്തി പ്രചരിക്കട്ടെ.

IV. 1997 ഫെബ്രുവരി 2

മക്കളെ, ദൈവമാതൃത്വത്തിന്റെ സ്നേഹരഹസ്യം നിർവ്വഹിക്കപ്പെട്ട ദിനമാണിന്ന്. ദൈവകുമാരനായ ഉണ്ണിയെ ദൈവീകകരങ്ങളിൽ സമർപ്പിച്ചദിനം. ഞാനും എന്റെ ഭർത്താവായ ജോസഫും നോക്കി നിൽക്കെ ദിവ്യരഹസ്യം വെളിപ്പെട്ട അനർഘനിമിഷം. പാവപ്പെട്ടവനായ ശിമയോൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായി ശിശുവിനെക്കുറിച്ചുള്ള പ്രവചനം നടത്തി. എന്റെ ഹൃദയത്തെ ഒരുവാൾ ഭേദിക്കും. എന്ന് പറഞ്ഞു. കാലത്തിന്റെ പൂർത്തീകരണത്തിൽ എല്ലാം സംഭവിച്ചു. എന്നാൽ മക്കളേ, ഇന്നത്തെലോകം സമ്മാനിക്കുന്ന വാളുകൾ, സഭാതനയരുടെ നിന്ദനങ്ങൾ, ഏറ്റുവാങ്ങാൻ സാധിക്കാത്ത മുറിവുകൾ ആയിത്തീരുന്നു. എങ്കിലും ഈ ലോകത്തിന്റെ മുഴുവൻ അമ്മയായി എന്റെ കുമാരൻ എന്നെ ഭരമേൽപ്പിച്ചതിനെയോർത്ത് ഞാൻ സഹനത്തോടെ മക്കളെ രക്ഷിക്കാൻ ഇറങ്ങിയിരിക്കുന്നു. ദൈവതിരുമനസ്സിനോട് വിധേയത്വമില്ലാതെ ജീവിക്കുന്ന എന്റെ പുത്രന്മാരെയും പുത്രികളേയും കാണുമ്പോൾ എന്റെ ഹൃദയം മുറിവേൽക്കുന്നു. ആന്തരീകശൂന്യതയാണ് ഇതിന് കാരണം. സഭാ സൗധം അന്ധതയിലേക്ക് നീങ്ങുന്നു. മക്കളേ അർപ്പിതർക്കായി പ്രത്യേകം പ്രാർത്ഥിക്കുക. മോശയുടെ നിയമമനുസരിച്ച് എന്റെ ഉണ്ണിയെ ഞാൻ സമർപ്പിച്ചതുപോലെ എന്റെ ഓരോ മക്കളേയും പിതാവിന്റേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മഹിമക്കായി ഞാൻ സമർപ്പിക്കുന്നു. ഒരു പിഞ്ചുകുഞ്ഞിനെയെന്നപോലെ നിങ്ങളുടെ ആത്മീയ ജീവിതത്തെ നിയന്ത്രിക്കാൻ എന്നെ അനുവദിക്കുക. അതുമാത്രം മതി മക്കളേ, എന്റെ വിമലഹൃദയം വഴിയായി ഞാൻ നിങ്ങളെ രക്ഷയിലേക്കു നയിക്കാം.

V. 1997 ഫെബ്രുവരി 11

മക്കളേ, അതിരറ്റ പാപകൂമ്പാരമാണ് ഇന്നത്തെലോകം. എവിടെ നോക്കിയാലും ആർഭാടങ്ങളും ലൈംഗീകപാപങ്ങളും ഏറിയിരിക്കുന്നു. മനസ്സിന്റെ ശുദ്ധതയെ മലിനപ്പെടുത്താൻ, അഹങ്കാരം നൽകാൻ മുൻകാലത്തേക്കാളധികമായി എന്റെ ശത്രു ഉത്സുകനാണ്. വചനം പ്രസംഗിക്കപ്പെടുന്നുണ്ടെങ്കിലും ഫലം പുറപ്പെടുവിക്കുന്ന വിത്തുകൾ വിരളമാണ്. മനുഷ്യൻ സഞ്ചരിക്കേണ്ട പ്രാർത്ഥനയുടെ, പരിഹാരത്തിന്റെ പ്രായശ്ചിത്തത്തിന്റെ പാത കാണിക്കാൻ പല സ്ഥലങ്ങളിലും യോഗ്യമായ ഇടങ്ങളിലും വ്യക്തികളിലൂടെയുമായി ഞാൻ വരുന്നു. സന്ദേശങ്ങൾ നൽകുന്നു. എന്നാൽ ഞാൻ കാണിച്ചുതരുന്ന ഉറവയിൽ കഴുകി ശുദ്ധീകരിക്കപ്പെടാൻ വളരെയേറെ മക്കൾക്ക് മടിതോന്നുന്നു. എന്റെ മകന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽ നിന്നൊഴുകുന്ന ജീവ ഉറവ ലോകത്തിനു മുമ്പിൽ വറ്റാതെ വളരാതെ ഇരിക്കുന്നു. മക്കളെ, പാപാവസ്ഥയിൽ വേട്ടയാടുന്നവരെ ഈ ഉറവയിലേക്ക് കൊണ്ടുവരിക. വിധേയത്വത്തോടും സ്നേഹത്തോടും കൂടെ ജീവിക്കുക. മക്കളേ, എനിക്കേറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണ് ജപമാല. നിങ്ങൾ ജപമാല ചൊല്ലുമ്പോൾ നിങ്ങളോടൊപ്പം ഞാനും പ്രാർത്ഥിക്കേണ്ടതിന് നിങ്ങൾ എന്നെ ക്ഷണിക്കുക. ജപമാലാമണികൾ എന്റെ വിരലിലൂടെ ഞാൻ ചലിപ്പിക്കും. അപ്പോൾ നിങ്ങളുടെ സ്വർഗ്ഗീയ മാതാവിന്റെ കൂടെ പ്രാർത്ഥിക്കുന്ന മക്കളായിത്തീരും നിങ്ങൾ. അപ്പോൾ സാത്താന്റെയും അവന്റെ ദുഷ്ടസൈന്യത്തിന്റെയും ഭീകര സമരത്തിൽ എതിർത്തു നിൽക്കാൻ നിങ്ങൾക്കു സാധിക്കും. അവന്റെ സമരത്തിനെതിരെയുള്ള സുശക്തമായ ഒരു ആയുധമാണിത്. ജപമാല ചൊല്ലുമ്പോൾ സ്വർഗ്ഗനിവാസികളോടൊപ്പം പരിശുദ്ധ ത്രിത്വം സന്തോഷിക്കുന്നു. നിങ്ങൾക്കു ചുറ്റും സംരക്ഷണം ലഭിക്കുന്നു. നിങ്ങൾക്കായി കോട്ടകൾ സൃഷ്ടിക്കപ്പെടുന്നു.

VI. 1997 മാർച്ച് 24

മക്കളേ, 1997 കരുണയുടെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നുവെങ്കിലും കരുണ ഈ വർഷത്തേക്കുമാത്രമുള്ളതല്ല, കരുണയുടെ കാലാവധി നീട്ടികിട്ടുവാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. കാരണം, ഒരു പ്രത്യേക കാലയളവിൽ മാനസാന്തരപ്പെടുന്ന പാപികളല്ല ഈ ലോകത്തുള്ളത്. അർപ്പിത ആത്മാക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. കാരണം, സാത്താൻ എന്റെ തിരുക്കുമാരനുമായി വെല്ലുവിളിച്ചിരിക്കുന്നു. നിനക്ക് അർപ്പിതരായിരിക്കുന്നവരുടെ ആത്മാക്കളെ ആദ്യം എന്റെ വലയിൽ വീഴ്ത്തിയാൽ സാധാരണക്കാരെ വീഴ്ത്താൻ എനിക്കെളുപ്പമാണെന്ന് അവൻ പറയുന്നു. അതിനാൽ മക്കളേ, പ്രാർത്ഥിക്കുവിൻ, തീക്ഷ്ണമായി പ്രാർത്ഥിക്കുവിൻ. മുട്ടിന്മേൽ നിന്ന് ജപമാല ചൊല്ലുവിൻ. 153 മണി ജപമാണ് ഒരു പൂർണ്ണജപമാല. നിങ്ങൾ ജപമാല ചൊല്ലി പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുകയും ഞാൻ നിങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു. ജഡികത, ലൗകീകത ഇവയിൽ നിന്നു മാറി ദൈവീകതയിൽ മനുഷ്യമക്കൾ വരാൻ നിങ്ങൾ പ്രാർത്ഥിക്കുക. ഭൂമിയുടെ ചലനങ്ങളും ഉഗ്രകോപങ്ങളും നിങ്ങൾ കാണും. പ്രാർത്ഥന എന്ന ആയുധം വചനം എന്ന ആയുധം നിങ്ങൾ ധരിക്കണം. പിശാച് ഉഗ്രകോപത്തോടെ നിങ്ങളുടെ ഇടയിൽ ഇറങ്ങിയിട്ടുണ്ട്. അവന്റെ

പിടിയിൽ നിന്നും ദൈവകോപത്തിൽ നിന്നും രക്ഷപ്പെടുവാനായി കരുണക്കായി പ്രാർത്ഥിക്കുക. മനുഷ്യൻ തന്നെയാണ് അവന് തിന്മവരുത്തി വെയ്ക്കുന്നത്. ഉറയൂരിയവാൾകൊണ്ടോ, കുതിരപടയാളികൾകൊണ്ടോ നാശത്തെ എതിർക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ ഇത് കേട്ട് പരിഭ്രമിക്കുകയോ ഭയവിഹ്വലരാകുകയോ വേണ്ട. കരുണയ്ക്കായി പ്രാർത്ഥിക്കുവിൻ.

VII. 1997 മാർച്ച് 30 ഈസ്റ്റർ ദിനം

മക്കളെ, നൂറ്റണ്ടുകളായി മനുഷ്യമക്കളുടെ സ്മരണക്കായി ആവർത്തിക്കപ്പെടുന്ന സംഭവമാണിത്. എന്നാൽ പരിശുദ്ധിയുടെ പാതയിൽ പുനരുത്ഥാനത്തിന്റെ വെളിച്ചത്തിൽ നടക്കുന്ന എത്ര മക്കളുണ്ട് ഇന്നത്തെ ലോകത്തിൽ? ലോകസുഖങ്ങൾക്കും ലൗകീകതയ്ക്കും മാത്രം പ്രാധാന്യം കൊടുക്കുന്ന പാവം മക്കൾ. മക്കളേ, അവർക്കായി എന്നോടൊപ്പം പ്രാർത്ഥനയുടെ പാന്ഥാവിൽ നടക്കുക. ഈ ലോകത്തെ കാത്തിരിക്കുന്ന പുതുയുഗത്തിലേക്ക് പ്രാർത്ഥനയിൽക്കൂടി മാത്രമേ പ്രവേശിക്കാനാവൂ. മകളേ, എന്റെ പക്കൽ അണയുന്ന മക്കളെ ദൈവവരപ്രസാദത്താലും സാന്ത്വനത്താലും നിറയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വലിയ മണൽക്കാടായ ഭൂമിയിലും, പാപയാതനയാൽ നീറുന്ന മനുഷ്യജീവിതത്തിലും പൊഴിയുന്ന ഹിമകണമാണ് യേശുവിന്റെ വചനം. വിരസതയും അലസതയും മൂലം ഉണങ്ങി മുരടിച്ച ചെടിപോലെ എത്രയോ മക്കളാണ് തിരുസഭയിലുള്ളത്. മക്കളേ, ഉണങ്ങി വരണ്ട ആ ഹൃദയങ്ങലിലേക്ക് ശീതളമാരിവർഷിക്കാനുള്ള തിരുവുത്ഥാനത്തിന്റെ ദിനമാണിന്ന് എന്ന് എന്തേ അവരോർക്കാത്തത്? നവജീവന്റെ ഊഷ്മളത അനുഭവിക്കാൻ ആ മക്കളെ എന്റെ വിമലഹൃദയത്തിലേക്ക് പ്രതിഷ്ഠിച്ചുകൊണ്ട് പ്രാർത്ഥിക്കുക.

VIII. 1997 മെയ് 1-ാം തീയതി യേശുവിന്റെ കണ്ണുകളിൽ നിന്നും രക്തകണ്ണുനീർ പൊഴിച്ച സമയം നൽകിയ സന്ദേശം.

എന്റെ മക്കളേ, നിങ്ങളോട് എനിക്കുള്ള സ്നേഹം അപരിമേയമാണ്. എന്നാൽ നിങ്ങളെപ്പോലെയുള്ള എന്റെ കുറേയേറെ മക്കൾ പാപത്തിന്റെ രക്തക്കറയേറ്റ് ചെളിക്കുണ്ടിൽ ആണ്ടുകിടക്കുന്നു. അവർക്കായി നിങ്ങൾ ഉപവാസത്തോടും പ്രായശ്ചിത്തത്തോടും കൂടി പ്രാർത്ഥിക്കണം. അവർക്കായി എന്റെ ഹൃദയം തുടിക്കുന്നതിന്റെ അടയാളമാണ് നിങ്ങളിന്ന് എന്റെ കണ്ണിൽ നിന്നും വായിൽ നിന്നും ഒഴുകിക്കണ്ട രക്തം & (ജോയേൽ 2:12-13)

IX. 1997 - ജൂൺ 6 - തിരുഹൃദയ തിരുനാളിന് കർത്താവു നല്കിയ സന്ദേശം

(യോഹ 11:5-10)

ഈശോയുടെ തിരുഹൃദയം തുറന്നു കാണിച്ചുകൊണ്ട് "മക്കളേ വേദനിക്കുന്ന ഈ ഹൃദയത്തിൽ ഒത്തിരി നിഗൂഢരഹസ്യങ്ങളുണ്ട്. മകളേ, ഈ ലോകത്തിന്റെ വേദനിക്കുന്ന ദുഃഖരഹസ്യങ്ങൾ ഞാൻ ഇന്നും ഏറ്റുവാങ്ങുമ്പോൾ എന്റെ ഹൃദയം മുറിവാക്കപ്പെടുന്നു. മക്കളേ നിങ്ങൾ ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുവിൻ. ദിവ്യകാരുണ്യം അവഹേളിക്കപ്പെടുന്ന നിമിഷങ്ങൾ വർദ്ധിച്ചുവരുന്നു. മക്കളേ, എന്റെ ഹൃദയവേദന നിങ്ങൾ മനസ്സിലൂക്കൂ. ഹൃദയം നിറഞ്ഞ സ്തുതിജീവിതം ഈ ലോകത്തിൽ മനുഷ്യമക്കളിൽ നിന്ന് എനിക്കു പ്രതീക്ഷി

ക്കാമോ? എന്റെ മകളേ, ഈ ഹൃദയം ഒന്നു നോക്കൂ, ഇതിൽ നിന്നു പുറപ്പെടുന്ന കരുണയുടെ ജലത്തിൽ പാപികളായ മക്കളെ മുക്കിയെടുക്കൂ. പ്രകാശക്കടലിൽ നിന്ന് കൃപകൾ സ്വീകരിക്കൂ. അജ്ഞാതമായ പ്രവചനങ്ങളെ തീർത്തും അവഗണിക്കൂ. ആരും ആരെയും വഴിതെറ്റിക്കാതിരിക്കാൻ പരിശ്രമബുദ്ധിയോടെ ആത്മാവിനായി ദാഹിച്ചു പ്രാർത്ഥിക്കുവിൻ. കള്ള പ്രവാചകന്മാരും, ഭാഷാവരങ്ങൾ ഉപയോഗിക്കുന്നവരും നിങ്ങളെ വഴിതെറ്റിക്കാൻ ഇറങ്ങിയിരിക്കുന്നു. വിശ്വസിക്കരുത്. എന്റെ ഹൃദയത്തിൽ അഭയം തേടിയാൽ ഞാൻ നിങ്ങളെ ഉപേക്ഷിക്കില്ല, തീർച്ച മക്കളേ. പാപം പതിന്മടങ്ങുവർദ്ധിക്കുന്നു. നിരന്തരമായ പ്രാർത്ഥന ഇനിയും ദുർലഭ്യമായിരിക്കുന്നു. മക്കളേ, ലോകം നിങ്ങളെ ദ്വേഷിച്ചാൽ നിങ്ങൾ ഭയപ്പെടരുത്. ഇന്നത്തെ ജീവിതം എന്റെ അമ്മ നിങ്ങൾക്കു സമ്മാനമായി നല്കാൻ എന്നോടാവശ്യപ്പെടുന്നു. ഞാനതു നല്കും. അന്ധകാരം നിങ്ങളെ കീഴ്പ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കുക. ഇതാ എന്റെ ഹൃദയം നിങ്ങൾക്കായി തുറന്നിരിക്കുന്നു. അമ്മയുടെ പരിശുദ്ധിയെചോദ്യം ചെയ്യുന്ന മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. സ്ത്രീത്വം അറവുശാലയാക്കുന്നു. മക്കളേ, അവർക്കായി പ്രാർത്ഥിക്കുക. എന്റെ അമ്മ നിങ്ങളുടേയും അമ്മ, എത്രമാത്രം വേദനിക്കുന്നു. ആ അമ്മയുടെ നിലവിളി നിങ്ങൾ കേൾക്കുന്നില്ലേ."

X. 1997 ജൂൺ 30

പ്രകാശധാരയൊഴുകുന്ന യേശുവിന്റെ തിരുഹൃദയത്തിനരികേ നിന്നുകൊണ്ട് അമ്മ പറയുകയാണ്, ഞാൻ പരമദിവ്യകാരുണ്യത്തിന്റെ അമ്മയാണ്. മക്കളേ, നിരാശനിറഞ്ഞ മനസ്സുകളിലേക്ക് പ്രത്യാശ നൽകുന്ന എന്റെ തിരുകുമാരന്റെ സവിധേ അണയാൻ എന്തിനു നിങ്ങൾ മടിക്കുന്നു? ഈ പ്രകാശക്കടലിൽ നിന്നും കൃപകൾ സ്വീകരിക്കൂ. പാപമനഃസാക്ഷിയെ നിർമ്മലമാക്കൂ. പിതാവായ ദൈവത്തിന്റെ തിരുമുമ്പിൽ നിങ്ങളും നിർമ്മലരായി കാണുന്നതിന് എന്റെയും തിരുക്കുമാരന്റെയും ഹൃദയം എത്ര ആഗ്രഹിക്കുന്നു. ശത്രുതവെടിഞ്ഞ് ക്ഷമയിൽ ശക്തിപ്രാപിക്കൂ. സഹോദരസ്നേഹത്തെ പ്രതി പിളർക്കപ്പെട്ട തിരുവിലാവിന്റെ അസഹനീയ കാഴ്ച നിങ്ങൾ കാണുകയോ ഓർക്കുകയോ ചെയ്യുന്നുണ്ടോ? മക്കളേ, പാപം ചെയ്യരുത്. എല്ലാവരേയും പരിശുദ്ധമായി സ്നേഹിക്കുക.

XI. 1997- ജൂലൈ 11

"മക്കളേ അനുഭവസ്ഥർക്കേ അനുഭവങ്ങളെ ഗ്രഹിക്കാൻ കഴിയൂ. എന്റെ വിമലഹൃദയത്തെ പുച്ഛിച്ചുതള്ളുന്നവർക്ക് അതിൽ നിന്നു പുറപ്പെടുന്ന പ്രകാശം എപ്പോഴും അന്ധകാരമായിരിക്കും. നിങ്ങൾ യേശുവിനെ സ്നേഹിക്കുന്നുവോ? എങ്കിൽ കുരിശിനേയും സ്നേഹിക്കണം. സഹനത്തിലൂടെ ലഭിക്കുന്ന സ്നേഹം സുദൃഢവും അചഞ്ചലവുമാണ്. അതാണ് യഥാർത്ഥ ക്രിസ്തുസ്നേഹം.

നിയമാവർത്തനം - 30:11-14, എസ്തേർ -10:9, തിത്തോസ് - 2:11-15, എഫേസൂസ് 2:10-17, ഫിലി - 2:15-17.

ആകാശത്തിലെ നക്ഷത്രങ്ങളും, ഭൂമിയിലെ മണൽത്തരികളും മനുഷ്യനാൽ എണ്ണപ്പെടാൻ കഴിയുമോ? പിന്നെ എന്തിനാണ് വെറും മണ്ണിനടിമയായ മനുഷ്യൻ ഗർവ്വോടെ നടക്കുന്നത്? എന്റെ മകന് സ്നേഹിക്കാനേ അറിയൂ. ആ സ്നേഹം ആസ്വദിക്കാനും സ്വീകരി

ക്കാനും നിങ്ങൾക്ക് ആവുമോ?

1–പത്രോസ് 3:8–17

ചിന്തിക്കൂ മക്കളേ, നിങ്ങളെല്ലാം നിലനിൽക്കുന്ന ക്രിസ്തു ശിഷ്യരാണോ? അതോ പത്രോസിനേക്കാൾ കൂടുതലായി നിങ്ങൾ യേശുവിനെ തള്ളിപ്പറയുമോ? വെള്ളയടിച്ച കുഴിമാടങ്ങളെപ്പോലെ നിങ്ങൾ ആകരുതേ. ഏതൊരുവസ്ഥയിലും ഭയപ്പെടേണ്ടെന്നോതുന്ന ആരെങ്കിലും നിങ്ങളുടെ ഇടയിലുണ്ടോ?

"ഇതാ ഞാൻ"

ആദിയിലേ ഭയപ്പെടേണ്ടെന്നോതിയ യേശു നിങ്ങളോടു പറയുന്നു. "ഇതാ ഞാൻ ഇന്നും നിങ്ങളോടു പറയുന്നു ഭയപ്പെടേണ്ട."

XII. 1997 ആഗസ്റ്റ് 15

എന്റെ കുഞ്ഞേ, നിന്നേയും നിന്റെ ഭവനത്തിലുള്ളവരേയും ഞാൻ ഓരോ ഉപകരണങ്ങളായി തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. കാരണം വിരളമായിട്ടെങ്കിലും എന്റെ മക്കൾ രക്ഷപ്പെടേണ്ട കാലഘട്ടമാണിത്. ഒരു ചുരുങ്ങിയ കാലയളവിലേക്ക് നിങ്ങളേയും പിതാവായ ദൈവം എന്റെ സാന്നിദ്ധ്യം വഴി ചില കടമകൾ ഏല്പിച്ചു. സമയത്തിന്റെ പൂർത്തീകരണത്തിൽ എല്ലാം നിർവ്വഹിക്കപ്പെടുന്നു. ഈ ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ നൽകുന്ന ദർശനങ്ങളിൽ നൽകുന്നതുപോലെ, ഇവിടെയും എന്റെ മാതൃസാന്നിധ്യത്തിന്റെ അടയാളം തന്നു. എന്നാൽ അത് പല മക്കൾക്കും അരോചകവും അവിശ്വസനീയവും ആയിരിക്കുന്നു. എന്റെ സാന്നിദ്ധ്യത്താൽ പ്രവർത്തിക്കപ്പെടുന്ന പല അടയാളങ്ങളും മനുഷ്യബുദ്ധിയാൽ ചോദ്യം ചെയ്യപ്പെടുന്നു. ഈ ഭവനത്തിൽ നൽകുന്ന കാണപ്പെടുന്ന അടയാളങ്ങൾ മാത്രം തേടുന്നവർ യഥാർത്ഥ വിശ്വാസികൾ അല്ല. ഒമ്പതിലേറെ മാസക്കാലം എന്നലൂടെ അടയാളങ്ങൾ നൽകപ്പെട്ടു. ഇനി മാനസാന്തരം പ്രാർത്ഥനയിലൂടെ, വിശ്വാസത്തിലൂടെ എന്റെ മാദ്ധ്യസ്ഥം വഴി ലഭ്യമാകുന്നു. മാനസാന്തരം മാത്രമായിരിക്കും അടയാളം. ജപമാല എന്ന ആയുധത്തെ മുറുകെ പിടിയ്ക്കൂ. സാത്താനെതിരെ പോരാടാനുള്ള ആയുധമാണ് ജപമാല. എല്ലാ മക്കളും മനമുരുകി പ്രാർത്ഥിക്കട്ടെ പ്രാർത്ഥനയെക്കാൾ വലിയ ശക്തിയില്ല. സംശയകാരണമാകുന്ന സുഗന്ധം അനേകരിൽ വിശ്വാസം സൃഷ്ടിച്ചിട്ടുണ്ട്. എന്നിരുന്നാലും ആ സുഗന്ധം ആത്മാവിൽ നിറയുന്ന ഏതെങ്കിലും സമയത്ത് മാത്രമേ ഇനി അനുഭവിക്കാൻ സാധിക്കൂ. ഞാൻ ഇന്ന് ഇവിടെ ഒഴുക്കിയ പാൽ അവസാനത്തെ, ക്ഷണികവും എന്നാൽ മനസ്സിൽ നിലനിൽക്കുന്നതുമായ അടയാളമാണ്. ഇനിയും എതിർപ്പുകളും ദുഃഖങ്ങളും ഏറെയുണ്ടാകും. അധികാരികൾ പോലുമെതിർക്കും. നിരാശ നിങ്ങളെ വേട്ടയാടും. ഒരിക്കലും നിങ്ങൾ പിന്മാറരുത്. ചില ശ്രേഷ്ഠരായ മക്കൾ പരിശുദ്ധത്മാവിനാൽ പ്രചോദിതരായി മുൻകൂട്ടി പറഞ്ഞതുപോലെ ശുശ്രൂഷയ്ക്കു മാറ്റം വരേണ്ട സമയമായി. ഇനി പ്രാർത്ഥനമാത്രം. പ്രാർത്ഥനയിലൂടെ മാനസാന്തരത്തിലേക്കു വരുന്ന മക്കൾ എന്നോടൊപ്പം സ്വർഗ്ഗത്തിൽ ആനന്ദിക്കും. മക്കളേ, ഭയപ്പെടരുത്, ദൈവം നിങ്ങളോടുകൂടെ.

മക്കളേ, ഞാൻ സ്വർഗ്ഗാരോപിതയായ അമ്മയാണ്. മനുഷ്യമക്കളുടെ മുന്നോടിയായി പിതാ

വിന്റെ കൃപയാൽ ഞാൻ സ്വർഗ്ഗത്തിൽ വസിക്കുന്നു. മക്കളേ, മറ്റുള്ളവരാൽ ചോദ്യം ചെയ്യപ്പെടുന്നു എന്നതിനാൽ നിങ്ങൾ എത്ര വേദനിക്കുന്നു. ക്ലേശപൂർണ്ണമായ ഈ അന്തരീക്ഷത്തിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന ഈ സമയത്ത് എന്റെ ശത്രുവായ പിശാച് മാരകമായ വിഷം മനുഷ്യഹൃദയത്തിൽ കുത്തിവെയ്ക്കുന്നതുമൂലം അനേകർ സംശയങ്ങളിലേക്കും തെറ്റായ ജീവിതത്തിലേക്കും നീങ്ങുന്നു. അവൻ ഈ ലോകത്ത് ഭരണം നടത്തുന്നു എന്ന ചിന്ത അവനിലുണ്ടാകുന്നു. മക്കളേ, നിങ്ങളോട് ഞാൻ പറയുന്നു, ഭയപ്പെടാതിരിക്കൂ, ദൈവം നിങ്ങളോടുകൂടെ, ആപത്തുകളെ അഭിമുഖീകരിക്കുന്ന എന്റെ പ്രിയമക്കളേ, വിമലഹൃദയത്തിന്റെ വിജയത്തോടുകൂടെ സത്യം വെളിപ്പെടുന്ന കാലം വരും. അംഗീകരിക്കപ്പെടാനല്ല മനുഷ്യരുടെ രക്ഷയ്ക്കാണ് ഞാൻ ഈ സമയം പ്രവർത്തനനിരതയായിരിക്കുന്നത്. യേശുസ്നേഹം നൽകുന്ന വിജയത്തിനായി എന്നോടൊപ്പം സഹകരിച്ച നിന്നെ പ്രതിയും ഈ ഭവനത്തെ പ്രതിയും പിതാവിനോട് ഞാൻ നന്ദി ചൊല്ലുന്നു. എന്റെ വിമലഹൃദയത്തിലേക്ക് നിങ്ങൾ എല്ലാം പ്രതിഷ്ഠിച്ചതിന് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. സമർപ്പണ മനോഭാവത്തിൽ നിങ്ങൾ ജീവിച്ച ഈ നാളുകളെയോർത്ത് ഞാൻ സന്തുഷ്ടയാണ്. നിങ്ങൾ പൂർണ്ണമായും എനിക്കു വിധേയപ്പെട്ടു സഹിച്ചു. എന്റെ ശത്രുവായ പിശാച് ഈ ലോകത്തിനുനേരെ ഒരുക്കിയിരിക്കുന്ന കെണികൾ വളരെ വലുതാണ്. അവന്റെ പിടിയിൽ പെടുന്നവർക്ക് ക്ഷണികസന്തോഷവും നിത്യനിരാശയും അനുഭവിക്കേണ്ടി വരും. മക്കളേ, നിങ്ങളുടെ ഓരോ ബലിയും പൂർണ്ണമായി അർപ്പിച്ച് ദൈവ തിരുമനസ്സിന് കീഴ്വഴങ്ങുവിൻ. നാശം നിങ്ങൾ സമ്പാദിക്കരുത്. മാതൃസ്നേഹത്തിന്റെ സന്തോഷം അനുഭവിക്കാത്ത, മന്സിലാക്കാത്ത, എന്നെ ദുഷിച്ച് പുച്ഛിച്ചു പറയുന്ന നിരവധി മക്കൾ ഈ ലോകത്തുണ്ട്. മക്കളേ, നിസ്സീമമായ കരുണ യേശുവിൽ നിന്നും ചൊരിയപ്പെടുന്നതിനും, സ്വീകരിക്കാനും വേണ്ടി, പ്രാർത്ഥിക്കുക, ഒരുങ്ങുക. എന്നോടൊപ്പം സ്വർഗ്ഗനിവാസികളോടൊപ്പം സ്വർഗ്ഗീയാനന്ദം അനുഭവിക്കുവാൻ നല്ല ജീവിതത്തിലൂടെ അർഹരാകുക.

XIII. 1997- ആഗസ്റ്റ് 31

"മക്കളേ, മുട്ടുകുത്തി കരുണയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മക്കളേ നിങ്ങളാൽ കഴിയുംവിധം പരിഹാരവും പ്രായശ്ചിത്തവും ചെയ്ത് കരുണയ്ക്കായി യാചിക്കണം. എളിമയിലൂടെയും വിധേയത്വത്തിലൂടെയും മാത്രമേ കർത്താവിന്റെ പ്രഭാവം പ്രവർത്തിക്കൂ. എന്റെ ജനനതിരുനാളിന് ഒരുക്കമായി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും 8 ദിവസത്തെ അനുഷ്ഠയാനങ്ങളിൽ വ്യാപൃതരാവുകയും ചെയ്ക. സ്നേഹത്തിന്റെ മഹാത്ഭുതം ഭൂമിയിലെ മക്കൾക്ക് അനുഭവിക്കാൻ എന്റെ വിമലഹൃദയത്തിന്റെ വിജയം ഇനിയും എത്രയോ ആയിരങ്ങളിൽ പൂർത്തീകരിക്കപ്പെടണം? ഞാൻ ആരാധനയുടേയും പരിഹാര പ്രവർത്തനങ്ങളുടേയും അമ്മയാകുന്നു. മക്കളേ, തിരുസഭ അജപാലകനായ മാർപാപ്പയ്ക്കും അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. തിരുസഭ വളരെയേറെ താളം തെറ്റിയിരിക്കുന്നു. സഹനത്തിന്റെ മണിക്കൂറിൽ യേശുവിനോടൊപ്പം ആയിരിക്കുവാൻ എന്നോടൊപ്പം തിരുസഭാതനയർ ഒരുങ്ങുന്നതിനായി പ്രാർത്ഥിക്കുക."

XIV. 1997 സെപ്തംബർ 8

മക്കളേ, വചനം മാംസമാകുന്നതിനായി അനാദിയിലേ നിശ്ചയിച്ചുറപ്പിച്ചിരുന്നതനുസരിച്ച് ഒരു നിസ്സാര മനുഷ്യവ്യക്തിയായി ഞാൻ ജനിച്ചതിന്റെ ഓർമ്മദിനമാണിന്ന്. എന്റെ ജനന സമയം പരിശുദ്ധാത്മാവ് എന്റെ ആത്മാവുമായി സ്നേഹത്തോടുകൂടി ബന്ധപ്പെടുകയും സകലപാപങ്ങളിൽ നിന്നും മോചനം നൽകുകയും ചെയ്തു. അതൊരു രക്ഷാപ്രവർത്തന ത്തിന്റെ തുടക്കം മാത്രം. നൂറ്റാണ്ടുകളായി പ്രവചിക്കുകയും ജനം കാത്തിരിക്കുകയും ചെയ്ത വീണ്ടെടുപ്പ് ചരിത്രത്തിലെ യഥാർത്ഥ സംഭവമായി മാറ്റുവാൻ ഒരുക്കുകയായിരുന്നു എന്നെ. ലോക രക്ഷകനും നായകനുമായ യേശുവിന് ജന്മമേകുവാനാണ് ഞാൻ ജനിച്ചത്. മക്കളേ ഇതെല്ലാം ചരിത്ര സംഭവങ്ങളായി നിലകൊള്ളേണ്ട കാര്യം മാത്രമല്ല. പാപത്തിന് തോൽവി സമ്മതിക്കേണ്ട കാലം ഇതാ എത്തിയിരിക്കുന്നു. ദുഷ്ടന്റെ പരാജയത്തിലൂടെ പരിപൂർണ്ണ നവീകരണം സായത്തമാക്കുവാൻ എല്ലാ സൃഷ്ടികളും ഇനിയും ഒരുങ്ങേണ്ടിയിരിക്കുന്നു. പാപത്തിനും വെറുപ്പിനും ഇരയായവർ എന്റെ മക്കളാണ്. മക്കളേ, കൊടുങ്കാറ്റിന്റെ വിഷമേ റിയ ദിവസങ്ങളിൽ ജീവിക്കുന്നവരാണ് നിങ്ങളെല്ലാം. മനുഷ്യർ അധികമധികം ദൈവ ത്തിൽ നിന്ന് പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. സ്വാർത്ഥതയും, വിദ്വേഷവും നിറഞ്ഞ ഹൃദയ ങ്ങൾ വരണ്ടുണങ്ങിയിരിക്കുന്നു. പരമപിതാവ് എന്നെ ഭരമേൽപ്പിച്ച ആത്മരക്ഷയെ സംബ ന്ധിച്ച സ്നേഹപദ്ധതി പൂർത്തിയാക്കാൻ കഴിയുന്നത് മക്കളേ നിങ്ങളോരോരുത്തരിലൂടെ യാണ്. മനുഷ്യവർഗ്ഗം മുഴുവനും രക്ഷയിലേക്കു തിരിച്ചുവരുമ്പോൾ തികച്ചും നവീനമാ യൊരു ജനനം നിങ്ങൾ കാണും. മക്കളേ, യേശു ആഗ്രഹിക്കുന്നതുപോലെ ഓരോ മക്ക ളേയും എനിക്ക് രക്ഷിക്കണം. അതിനായി നിങ്ങൾ ഇതാ കർത്താവിന്റെ ദാസി എന്ന് സമ്മതം നൽകിയ ഈ അമ്മയോടൊപ്പം ആയിരിക്കുക. ഈ വഴികളിൽ എന്നോടൊപ്പം യാത്ര ചെയ്യുക. കൂരിരുട്ടിന്റെ സമയത്ത് നിങ്ങൾക്ക് പ്രകാശം നൽകാൻ എന്റെ സഹായം തേടു ക. നിങ്ങളെല്ലാവരും ദൈവതിരുമനസ്സിന് ഉവ്വ് എന്നു പ്രത്യുത്തരിക്കുക. സാത്താൻ നൽകുന്ന വ്യർത്ഥജിജ്ഞാസയിൽ മാർഗ്ഗഭ്രംശം സംഭവിക്കരുത്. ഈ ലോകത്തിന്റെ അവ സ്ഥയിൽ സാത്താൻ വിജയഗീതം ആലപിക്കുന്നത് ഞാൻ കേൾക്കുന്നു. അവനെ നിഷ്കാ സനം ചെയ്യാൻ ഒരുങ്ങുക, മക്കളേ, വിശുദ്ധി, സ്നേഹം, എളിമ, വിനയം ഇവ നിങ്ങളിൽ പ്രതിഫലിക്കണം. നിസ്സാരരിലൂടെയും, ബലഹിനരിലൂടെയും ആണ് കർത്താവ് പ്രവർത്തി ക്കുന്നത്. മക്കളേ, ദുഃഖങ്ങളും, മുറിപ്പെടുത്തലുകളും, നിന്ദനങ്ങളും, മനോവേദനകളും അടിച്ചമർത്തപ്പെടുന്ന നിമിഷങ്ങളും നിങ്ങളുടെയൊക്കെ ജീവിതത്തിൽ ഞാൻ കാണുന്നു. സാത്താന്റെ വഴിത്തിരിവുകൾക്ക് മുൻതൂക്കം കൊടുക്കുന്നു എന്നതാണ് ഇതിന്റെ കാര ണം. പ്രത്യാശയുടെയും മഹത്വത്തിന്റെയും ആശ്രയമായ യേശുവിൽ നിങ്ങൾ അഭയം തേടണം. തിരുസഭയെ കാർന്നുതിന്നുന്ന ഐക്യത നഷ്ടപ്പെട്ട അനുഭവത്തെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാകണം. മാർപ്പാപ്പയും മറ്റും അജപാലകരും ഐക്യത്തിൽ മുന്നേറേണ്ടത് വളരെയധികം ആവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. മക്കളെ, വേദനാജനകമായ ശുദ്ധീ കരണം സഫലമാകേണ്ട കാലത്തിന്റെ രക്തരൂക്ഷിതമായ അവസ്ഥയിലേക്ക് കാലം എത്തി യിരിക്കുന്നു. ബുദ്ധിജീവികളുടെ മലീനസമായ ചിന്തകൾ സഭാ ഐക്യത്തെതന്നെ വ്യതിച

ലിപ്പിക്കുന്നു. ഇവയെല്ലാം എന്റെയും ഉണ്ണിയുടേയും ഹൃദയത്തിൽ വേദനയുടെ നിഴലുകൾ വീഴ്ത്തുന്നതിന് വേഗതകൂട്ടുന്നു. മക്കളെ, നിങ്ങളുടെ അമ്മയുടെ മടിത്തട്ടിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. നിസ്സാരതയും, വിശ്വസ്തതയും, വിധേയത്വവും, ശാന്തതയും, എളിമയും, അനുസരണയും, നിശ്ശബ്ദതയും എന്നിൽ നിന്ന് പഠിക്കുക. മക്കളെ, നിങ്ങളെല്ലാം പുനർജനനിയായ ഈ സ്വർഗ്ഗീയ അമ്മയുടെ തൊട്ടിലിനരികിലേക്ക് ഓടിയണയുക. പ്രാർത്ഥനയും ഭക്ത്യാദരവോടെയുള്ള നിർമ്മലതയുള്ള ജീവിതവും സമർപ്പിക്കുക. ചെറിയവളും എന്നാൽ സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ട ഞാൻ അതീവ സന്തോഷത്തോടും ആഹ്ലാദത്തോടും കൂടെ നിങ്ങളെ ആശീർവ്വദിക്കുന്നു.

XV. 1997 സെപ്തംബർ 14 കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനം.

മക്കളേ, വിജ്ഞാനികൾക്ക് വിഡ്ഢിത്തവും, ബുദ്ധിയിൽ അഹങ്കരിക്കുന്നവർക്ക് ഇടർച്ചയുമായ ക്രൂശിതനായ യേശുവിലാണ് മാനവസമൂഹം രക്ഷിക്കപ്പെട്ടതും, ഇപ്പോൾ രക്ഷാനുഭവം അനുഭവിക്കുന്നതും. എങ്കിലും അവിടുത്തെ തിരുത്തോളിൽ ചുമത്തപ്പെട്ട കുരിശിന് ഇന്നത്തെ മക്കൾ ചുമത്തുന്ന ഭാരം താങ്ങാനാവാത്തതാണ് എന്നു കാണുമ്പോൾ ഞാൻ എത്രയോ വേദനിക്കുന്നു. മക്കളുടെ രക്ഷയ്ക്കായി വധോപകരണത്തിൽ ഉയർത്തിനാട്ടപ്പെട്ട ക്രൂശിതനായ ക്രിസ്തുവാണ് മക്കളേ നിങ്ങളുടെ ദൈവം. അക്രമത്തിന്റെയും അന്ധകാരത്തിന്റേയും ദുർവാസനകളിൽ മനുഷ്യകുലം വീർപ്പുമുട്ടുന്നു. കുരിശിന്റെ പുകഴ്ചയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. ദൈവീകകാരുണ്യത്തിന്റെ മഞ്ഞുതുള്ളികൾ ഹൃദയങ്ങളിലേക്ക് ഒഴുക്കപ്പെടുന്നതിനും മാനസാന്തരത്തിന്റെ കൃപ ലഭിക്കുന്നതിനുമായി എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുക.

XVI. 1997 സെപ്തംബർ 15 വ്യാകുലമാതാവിന്റെ തിരുനാൾ ദിനം

മക്കളേ, എന്റെ തിരുക്കുമാരനെ ദേവാലയത്തിൽ അർപ്പിക്കുന്ന വേളയിൽ വൃദ്ധനായ ശിമയോൻ പ്രവചിച്ചു നിന്റെ ഹൃദയത്തിൽ ഒരുവാൾ കടക്കുമെന്ന്. തിരുക്കുമാരന്റെ ജീവിതത്തിലെ ആദ്യദിനം മുതൽ കുരിശുമരണം വരെ ആ മകനെ പിൻതുടർന്ന എന്റെ പിളർക്കപ്പെട്ട ഹൃദയത്തിലേക്ക് തന്നത് ഈ ലോകമക്കളെയാണ്. മക്കളേ, ഇന്ന് ഞാൻ അതീവ വ്യാകുലയായ അമ്മയാണ്. ക്രൂരതയുടെ നാശകൂമ്പാരമാണ് ഈ ലോകത്തിൽ ഞാൻ കാണുന്നത്. സ്വാർത്ഥതയും അഹന്തയും നിറഞ്ഞ മനുഷ്യഹൃദയങ്ങൾ പാപത്തിൽ നിപതിക്കുന്നതു കാണുമ്പോൾ എന്റെ മാതൃഹൃദയം വേദനിക്കുകയും മുറിവേൽക്കുകയും ചെയ്യുന്നു. നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ രക്തചൊരിച്ചിലിൽ നിന്നും ഉയരുന്ന നിസ്സഹായനിലവിളികൾ, കുടുംബബന്ധങ്ങളുടെ തകർച്ച, ലൗകീകതയുടെ ഉച്ചകോടിയിലേക്കുള്ള ചിന്ത, പിശാചിന്റെ വഴികളിൽ ലോകസ്നേഹം വാരി വിതറുന്ന മക്കൾ, ഇതെല്ലാം കാണുമ്പോൾ എന്റെ ഹൃദയം പിളർപ്പിക്കപ്പെടുന്നു. നിങ്ങളുടെ രക്ഷയ്ക്കായി പിതാവിന്റെ തിരുവിഷ്ടത്തിനു വഴങ്ങി പുത്രൻ ബലിയർപ്പിച്ച കുരിശിന്റെ ചുവട്ടിൽവെച്ച് നിങ്ങൾക്ക് ജന്മമേകിയ ഈ ദുഃഖിതയായ അമ്മയുടെ ആഴമേറിയ പരിത്യക്തതയുടെ രഹസ്യത്തിലേക്ക് കടന്നുവരുമ്പോൾ മാത്രമേ നിങ്ങൾക്ക് എന്റെ മാതൃദഃഖത്തിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കൂ. മക്കളേ, വ്യാകലങ്ങളുടെ അമ്മയാണ് ഞാൻ. നിങ്ങൾക്കുവേണ്ടി വേദനയനുഭവിച്ച്

കരുണ്ക്കായി യാചിച്ച് നിങ്ങൾക്ക് സ്നേഹം വാങ്ങിത്തരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ വത്സലപുത്രിയായ തിരുസഭയ്ക്കുവേണ്ടി വളരെയേറെ വേദനിക്കുന്നു ഞാൻ. യേശു പഠിപ്പിച്ചതും ആധികാരികമായി സഭ പഠിപ്പിക്കുന്നതുമായ വിശ്വാസസത്യങ്ങളെ വളച്ചൊടിച്ചുകൊണ്ടുള്ള വേദപഠനങ്ങൾ, ലോകത്തിന്റെ അരൂപിയിൽ നിറഞ്ഞ് ക്രിസ്തുശിഷ്യന്മാർക്ക് അനുയോജ്യമല്ലാത്ത ജീവിതം നയിക്കുന്ന വൈദീകർ, അതുമൂലം സഭയിൽ ഉണ്ടാകുന്ന നാശങ്ങൾ, സഭയ്ക്ക് മഹാപരീക്ഷണത്തിന്റെ നിമിഷങ്ങൾ വരുന്നു. എന്തെന്നാൽ ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ സഭയ്ക്കുള്ളിൽ പ്രവേശിച്ചിരിക്കുന്നു. ഞാൻ മുൻകൂട്ടി ഫാത്തിമായിൽ പറഞ്ഞിരുന്നു, അധാർമ്മിക മനുഷ്യൻ സഭയ്ക്കുള്ളിൽ തന്നെത്തന്നെ പ്രതിഷ്ഠിക്കുകയും നാശോന്മുഖത്തിന്റെ അറപ്പും വെറുപ്പും ദൈവത്തിന്റെ പരിശുദ്ധ ആലയത്തിൽ പ്രവേശിക്കുകയും ചെയ്യുമെന്ന്. ഇന്ന് ഞാൻ വിലപിച്ചുകൊണ്ടേയിരിക്കുന്നു. കാരണം, മാനസാന്തരത്തിലൂടെ മക്കളെ യേശുവിലേക്ക് തിരികെ കൊണ്ടുവരാനുള്ള എന്റെ രക്ഷാകരദൗത്യത്തെ, മാതൃസഹജമായ ക്ഷണത്തെ മനുഷ്യവംശം സ്വീകരിക്കുന്നില്ല. കർത്താവിനെ പുറംതള്ളുകയും നിന്ദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സ്വർഗ്ഗീയ അമ്മ പരസ്യമായി നിന്ദിക്കപ്പെടുകയും, പരിഹസിക്കപ്പെടുകയും ചെയ്യുന്നു. എന്റെ അഗാധദുഃഖത്തിന്റെ അടയാളങ്ങളെ വിശ്വസിക്കാതെ എന്റെ രോദനത്തിന് ചെവി നൽകാതെ മനുഷ്യർ ജീവിക്കുന്നു. തിരുസഭ വലിയ പരീക്ഷണത്തിലൂടെ ജീവിക്കുന്നു. എന്റെ പുത്രൻ യേശു, ജോൺപോൾ രണ്ടാമൻ മാർപാപ്പയിൽ ഒരു പുതിയ ഇടയനെ നൽകിയിട്ടുണ്ട്. അദ്ദേഹത്തെ സ്നേഹിക്കുക, അദ്ദേഹത്തിന് പ്രതിരോധനമേകുക, അദ്ദേഹത്തെ അനുഗമിക്കുക. ഇനിയും സഭ സഹിക്കേണ്ടിയിരിക്കുന്നു. എന്റെ പ്രവർത്തനത്തിൽ എന്നോടൊപ്പം സഹകരിക്കുക, പ്രാർത്ഥിച്ച് ശക്തിനേടുക, പുതുയുഗപ്പിറവിയിൽ വിശ്വാസികളുടെ നിലനില്പ് ധാരാളമായി ഉണ്ടാകട്ടെ.

XVII. 1997 സെപ്തംബർ 29 – മുഖ്യദൂതരുടെ തിരുനാൾ ദിനം.

മക്കളേ, കർത്താവിന്റെ മാലാഖമാർക്ക് എല്ലാ മക്കളേയും ഭരമേൽപ്പിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. കാരണം സാത്താനും അവന്റെ സൈന്യങ്ങൾക്കും ലഭിച്ചിട്ടുള്ള സമയം ഹ്രസ്വമാണ്. അവരുടെ വിജയത്തിന്റെ ദിനങ്ങളാണ് ഈ ലോകത്തിൽ കൂടുതലും കാണുന്നത്. പിശാചിന്റെ അന്ധകാര അരൂപിയുടെ ശക്തിയിൽ ഞെരിഞ്ഞമരുന്ന മനുഷ്യമക്കൾ വളരെ കൂടുതലാണ്. എന്നാൽ മാലാഖമാർ പല കെണിയിൽ നിന്നും മക്കളെ രക്ഷിക്കുന്നു. സൂര്യനെ ധരിച്ച സ്ത്രീയും ചുവന്ന സർപ്പവുമായുള്ള യുദ്ധത്തിൽ മാലാഖമാർക്ക് പ്രത്യേകം പങ്കുവഹിക്കാനുണ്ട്. എന്റെ നേതൃത്വത്തിൽ അവർ സാത്താനും അവന്റെ മറ്റ് ദുഷ്ടാരൂപികൾക്കും എതിരെ ഭീകരയുദ്ധം നടത്തുന്നു. ഈ ലോകത്തിൽ പാപത്തെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന മക്കളേ, നിങ്ങളുടെ നിരാശ നിറഞ്ഞ ജീവിതത്തെ ഉപേക്ഷിക്കുക. നിങ്ങളെ ദൈവീകശക്തി ധരിപ്പിക്കാനുള്ള ദൗത്യവുമായി ഗബ്രിയേൽ മാലാഖ നിങ്ങളോടൊപ്പമുണ്ട്. ഗബ്രിയേൽ ദൂതൻ നിങ്ങളെ നിർമ്മലമായ വിശ്വാസത്തോടും, ധീരതയോടും ധൈര്യത്തോടും കൂടെ സത്യത്തിന്റെ പാതയിലേക്ക് പരിശുദ്ധാത്മാവിനാൽ നയിക്കുന്നു. വിശുദ്ധ മിഖായേലിന്റെ കർത്തവ്യം – സാത്താൻ നിങ്ങളുടെയൊക്കെ ജീവിതത്തെ സ്വാധീനിച്ച് അപകടകര

മായ ചുറ്റുപാടിൽ ബലപ്രയോഗം നടത്തി നിങ്ങളുടെ ജീവനുപോലും ഹാനിവരുത്തുവാൻ ആത്മീയമായും ശാരീരികമായും നിങ്ങളെ പീഢിപ്പിക്കുമ്പോൾ ആ അപകടകരമായ സാഹചര്യങ്ങളിൽ നിന്നും മഹാശക്തിയോടെ നിങ്ങളെ രക്ഷിക്കുക എന്നതാണ്. 13-ാം ലെയോ മാർപ്പാപ്പ എഴുതിയ ബന്ധനപ്രാർത്ഥന വിശുദ്ധമിഖായേലിന്റെ സംരക്ഷണം യാചിക്കുന്നതിനായി ദിവസവും ഭവനങ്ങളിൽ ചൊല്ലുക. റാഫേൽ മുഖ്യദൂതനുള്ള കർത്തവ്യം മറ്റൊന്നാണ് - വഞ്ചന നിറഞ്ഞ ലോകത്തിൽ ജീവിക്കുന്ന മക്കൾ പല പാപകരമായ സാഹചര്യങ്ങളാലും മുറിവേൽക്കുന്നു. ആ അദ്ധ്യാത്മിക മുറിവുകളെല്ലാം സുഖപ്പെടുത്താനാവശ്യമായ ലേപനങ്ങളുമായാണ് നിങ്ങളെ ആ ദൈവദൂതൻ സമീപിക്കുന്നത്. ഞാൻ നിർദ്ദേശിക്കുന്ന വഴികളിൽ നിങ്ങളോടൊത്ത് യാത്ര ചെയ്യുന്നതിനുള്ള ചുമതലയും അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നു. സുരക്ഷിതത്വത്തിന്റെ പാതയിൽ നിങ്ങളെ നയിക്കാൻ നിങ്ങളോടൊപ്പം അദ്ദേഹം ഉണ്ടായിരിക്കും. എന്റെ വിമലഹൃദയത്തിൽ എല്ലാം സമർപ്പിച്ച് ജീവിക്കുക. മാലാഖമാരോടൊപ്പം ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

XVIII. 1997 ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാൾദിനം

എന്റെ പ്രിയമകളേ, തിന്മയുടെ ശക്തമായ സൈന്യത്തിനെതിരെ കർത്താവിന്റെ മാലാഖമാർ നിങ്ങളെ സഹായിക്കുന്നു. എന്നാൽ ജപമാലയെന്ന ഈ ആയുധം നിങ്ങൾക്ക് ഏറ്റവും ആവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. ഈ ആയുധമാകുന്ന പ്രാർത്ഥന നിങ്ങൾ മുറുകെ പിടിക്കണം. എന്നാൽ മകളേ, നിന്നെ ഏൽപ്പിച്ചിരിക്കുന്ന ഈ ദൗത്യത്തിൽ അനേകർ അവിശ്വസിക്കുന്നു എന്നതിനാൽ നീ തളരരുത്. ജപമാല രാജ്ഞിയായ ഈ അമ്മ നിന്നോടൊപ്പം നിന്റെ ജീവിതത്തിൽ ഉണ്ടാകും. നിന്റെ ഭവനത്തിലുള്ളവരെ ഞാൻ ധൈര്യപ്പെടുത്തും. എന്നാൽ അവഹേളനങ്ങൾ അനുഭവപ്പെടാൻ സാഹചര്യങ്ങൾ ഏറെയാണ്. ഈ പ്രാർത്ഥനയെ വലിയവരും അഹങ്കാരികളും പുച്ഛിക്കുമ്പോൾ മകളേ, എന്റെ കുഞ്ഞുമക്കളും പാവങ്ങളും വേദനയും ക്ലേശവുമനുഭവിക്കുന്നവരും വിശ്വാസത്തോടെ ഈ പ്രാർത്ഥന ഏറ്റുചൊല്ലുന്നു. അതിനാൽ മകളേ, ഞാൻ ഒന്ന് ഓർമ്മിപ്പിക്കുന്നു. പാപത്തിന്റെയും തിന്മയുടേയും മരുഭൂമിയിൽ സാത്താന്റെ പിടിയിലമർന്നിരിക്കുന്ന അസംഖ്യം ആത്മാക്കളെ രക്ഷിക്കാൻ ഈ പ്രാർത്ഥന വഴി നിങ്ങൾക്ക് സാധിക്കും. നന്മയുടെ പ്രതികരണത്തിന്റെ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് ശക്തമായ പ്രവർത്തനത്തിലൂടെ നന്മയുടെ ഫലങ്ങൾ ഇത് പുറപ്പെടുവിക്കും. അണുശക്തിയേക്കാൾ പതിന്മടങ്ങ് ശക്തമാണ് ഈ പ്രാർത്ഥന. ഞാൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന പ്രാർത്ഥനയാണിത്. ലളിതമായ ഈ പ്രാർത്ഥനയുടെ പാതയിലൂടെ നിങ്ങളുടെ സ്വർഗ്ഗീയ മാതാവിനെ നിങ്ങൾ അനുധാവനം ചെയ്യുമ്പോൾ സാത്താൻ നിങ്ങളെ ഭയപ്പെടും. അതിനാൽ മക്കളേ, ശിശുസഹജമായ മനസ്സോടെ ഈ പ്രാർത്ഥന ചൊല്ലുക. പിശാചിന്റെ അഹങ്കാരം പരാജിതമാകും. ഞാൻ അവനെ ചങ്ങലകൾ കൊണ്ടല്ല ബലഹീനമെന്ന് തോന്നുന്നതും എന്നാൽ ബലിഷ്ഠമായതുമായ പരിശുദ്ധ ജപമാലകൊണ്ട് ബന്ധിക്കുമ്പോൾ അവൻ സംശയലേശമെന്യേ താഴ്ത്തപ്പെടുമെന്നും അവൻ മനസ്സിലാക്കും. മക്കളേ, ഈ ലോകമക്കൾ എന്നോടൊപ്പം ചൊല്ലുന്ന ഒരു പ്രാർത്ഥനയാണിത്. ഈ പ്രാർത്ഥനയ്ക്കായി നിങ്ങൾ എന്നെ ക്ഷണിക്കുമ്പോൾ ആ ക്ഷണം സ്വീകരിച്ച്

എന്റെ പ്രാർത്ഥന നിങ്ങളുടെ പ്രാർത്ഥനയോട് ചേർത്ത്, പിതാവിന് പുത്രനിലൂടെ അർപ്പിക്കുന്നു. അപ്പോൾ അത് ഫലപ്രദമാകുന്നു. കാരണമെന്തെന്നാൽ ഈ സ്വർഗ്ഗീയ അമ്മയുടെ അപേക്ഷകൾക്ക് ഇല്ല എന്ന് പറയുവാൻ യേശുവിന് കഴിയില്ല. മക്കളേ, ജപമാല രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുമ്പോൾ യേശുവിന്റെ മനുഷ്യാവതാരം മുതൽ ഉയിർപ്പുവരെയുള്ള ജീവിതം മുഴുവനും നിങ്ങൾ ഗ്രഹിക്കുകയും രക്ഷാകരദൗത്യത്തിലേക്ക് കൂടുതൽ ആഴത്തിലിറങ്ങുകയും ചെയ്യുന്നു. അങ്ങനെ നിങ്ങൾ ഈ സ്വർഗ്ഗീയ അമ്മയിലൂടെയുള്ള സ്നേഹത്തിന്റെ രഹസ്യത്തെ മനസ്സിലാക്കുന്നു. ഇതു വഴി പരിശുദ്ധ അമ്മയിലൂടെ യേശുവിന്റെ തിരുഹൃദയത്തിലെ ദിവ്യപ്രഭ, സ്നേഹമാകുന്ന ആ വലിയ നിധി നിങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നു. ജപമാലയിൽ വിശ്വാസപ്രമാണങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയുടെ ആവർത്തനംമൂലം പിതാവിന്റെ പൂർണ്ണ മഹിമയ്ക്കായി നിങ്ങൾ രൂപവൽക്കരിക്കപ്പെടുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ചൊല്ലിക്കൊണ്ട് ഏറ്റവും പരിശുദ്ധ ത്രീത്വത്തെ നിങ്ങൾ ആരാധിക്കുന്നു. തിരുവചനങ്ങൾ ഉരുവിട്ടുകൊണ്ട് നന്മനിറഞ്ഞ മറിയമേ..... പരിശുദ്ധമറിയമേ എന്ന പ്രാർത്ഥനയിലൂടെ ഈ അമ്മയോടൊപ്പം സാത്താനെതിരെ പ്രവർത്തിക്കാൻ സ്വർഗ്ഗീയസന്തോഷം കണ്ടെത്താൻ നിങ്ങളുടെ ജീവിതത്തിന് ധൈര്യം ലഭിക്കുന്നു. അതിനാൽ, മക്കളേ, സൂര്യനെ അണിഞ്ഞിരിക്കുന്ന സ്ത്രീയാകുന്ന എന്റെ നേതൃത്വത്തിൽ സാത്താനെതിരെ മഹാസമരം നടത്താൻ ജപമാല എന്ന ആയുധം ഉപയോഗിക്കാൻ എല്ലാ മക്കളേയും ഉദ്ബോധിപ്പിക്കുക. ഭയപ്പെടരുത്. ദൈവം നമ്മളോടുകൂടെ."

XIX. 1997ഒക്ടോബർ 26=ാം തീയതി തിരുവോസ്തി തിരുമാംസം ആയ ദിവസം ലഭിച്ച സന്ദേശം.

"ബലിപീഠത്തിൽ ബലിയാടാകുന്ന എന്നോടും പിതാവായ ദൈവത്തിന്റെ സ്നേഹത്തോടും മനുഷ്യമക്കൾ കാണിക്കുന്ന നിന്ദനകളും അവഹേളനങ്ങളും വളരെ വർദ്ധിച്ചിരിക്കുന്നു. ജീവിക്കുന്നവനായി ഓരോ മക്കളിലേക്കും ഞാൻ സ്നേഹത്തോടെ, ത്യാഗത്തോടെ വരുന്നുണ്ടെന്ന ബോധ്യം ഓരോരുത്തരും മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മകളെ വചനം മാംസമായി, മാംസം ബലിയായി, ബലി പുതുജീവനേകി. അനാദിയിൽ നടന്ന ഈ രക്ഷാംകരസംഭവം ഇന്നും സത്യമായി ഓരോ ബലിവേദിയിലും നിറവേറികൊണ്ടിരിക്കുന്നു. അതെല്ലേ മകളേ നീ രുചിച്ചറിഞ്ഞത്. നിഷേധാത്മകമല്ലാത്ത ഈ സത്യം നിർവ്വഹിക്കപ്പെട്ടത് പരിശുദ്ധത്രീത്വത്തിന്റെ സാന്നിധ്യത്തിൽ ആണ്. എന്റെ അമ്മയുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലം", & സങ്കീർത്തനം 118:23-24, യോഹന്നാൻ 6O:53-59

XX. 1997 നവംബർ 2

മക്കളേ, ഞാൻ പരിശുദ്ധ ജപമാലയുടെ രാജ്ഞിയാണ്. ബലിഷ്ഠമായ എന്റെ ഈ ജപമാലയെന്ന ആയുധത്തെ ഈ ലോകത്തിനു വെളിപ്പെടുത്താനായി നിസ്സാരത്വത്തിൽ നിർമ്മിതവും എന്നാൽ ദൈവത്വത്തിൽ വിശുദ്ധവുമായി ഞാൻ സമ്മാനിച്ചതിന്റെ ആദ്യവാർഷികം അനുസ്മരിക്കുന്ന എന്റെ കുഞ്ഞുമക്കളെ, നിങ്ങളുടെ അതീവ താൽപര്യത്തെയും ആഴമേറിയ ത്യാഗജീവിതവും അതിലെ ദുഃഖാവസ്ഥകളും കണക്കിലെടുത്ത് ഞാൻ വളരെയേറെ

സന്തുഷ്ടയാണ്. എന്നോടുള്ള സ്നേഹത്തിന്റെ അടയാളമായി നിങ്ങൾ ഇന്ന് ചെയ്യുന്ന ഓരോ ചെറിയ പ്രവർത്തികളും കണ്ട് ഞാൻ സന്തോഷിക്കുന്നു. ഓരോ മക്കളുടേയും ഹൃദയങ്ങളെ സ്നേഹത്തിന്റെ വിശുദ്ധിയിലേക്ക് തുറക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനായി എന്റെ വിമലഹൃദയം വിജയിക്കുമ്പോഴാണ് എന്റെ വിജയം പൂർണ്ണമാകുന്നത്. മക്കളേ, കുരിശിനെ ആശ്ലേഷിക്കാനുള്ള എന്റെ ആഹ്വാനം നിങ്ങൾ പൂർണ്ണമായി സ്വീകരിക്കണം. ഓരോ ദിവസവും മാതൃപദ്ധതിയനുസരിച്ച് വളർന്നാൽ അത് എളുപ്പമായിരിക്കും. സഹനത്തിന്റെ തീച്ചൂളയിൽ നിങ്ങൾ വ്യാകുലചിത്തരാകരുത്. അന്ധതയുടെ മൂടുപടമണിഞ്ഞവർക്ക് സാധിക്കാത്തവ ഗ്രഹിക്കുവാനും, ആസ്വദിക്കുവാനും ഞാൻ നിങ്ങൾക്കു അവസരം തരും. ക്ഷീണിതരാകാതെ മഹത്വത്തിൽ പ്രവേശിക്കാൻ ഉത്സുകരാകുവിൻ. അനേകർ ഈ ജപമാല വഴി രക്ഷപ്പെട്ടു. എന്നാൽ സാത്താനെ അനുധാവനം ചെയ്ത് ചഞ്ചലരായവർ ഉത്കൃഷ്ടമായതിനെ നഷ്ടപ്പെടുത്തി. മക്കളെ വിശ്വാസത്തിൽ ഉറച്ച് നിന്ന് ജപമാല എന്ന ദിവ്യായുധം ഉപയോഗിച്ച് നിങ്ങൾ പടപൊരുതുവിൻ. ജപമാലയിലൂടെ ഞാൻ നയിക്കുന്ന സൈന്യത്തിലുറച്ചു നില്ക്കുക. ലളിതമായ ജീവിതം നയിക്കുക. ഈ ലോകം ക്ഷണികതയല്ലാതെ നിങ്ങൾക്കെന്തു നൽകുന്നു? നിത്യത നൽകാൻ സാത്താന് കഴിയില്ല. സൂര്യനെ ധരിച്ച നിങ്ങളുടെ സ്വർഗ്ഗീയ അമ്മയുടെ വിശുദ്ധിയുള്ള ഈ ആരാമത്തിലേക്ക് ധ്രുതഗതിയിൽ ഓടിയണയുക. മക്കളേ, ലോകത്തിന്റെ രക്ഷയ്ക്കായി ബലിയാടായ യേശുവിനോടൊപ്പം ജീവിതബലികൾ നൽകാൻ തൽപരരും ഉത്സുകരുമാകുക. മനുഷ്യന്റെ വാക്കുകൾതന്നെ അവനെ ചിന്താക്കുഴപ്പത്തിലേക്ക് ആനയിക്കുന്നു. ഇപ്പോൾ ലോകം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന വലിയ ശിക്ഷയുടെ ദിനങ്ങൾ ഭയാജനകമായി കടന്നുപോകുന്നു. കണ്ണുനീരിന്റെ താഴ്വര സൃഷ്ടിക്കാൻ ലോകം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന വലിയ ശിക്ഷയുടെ ദിനങ്ങൾ ഭയാജനകമായി കടന്നുപോകുന്നു. കണ്ണുനീരിന്റെ താഴ്വര സൃഷ്ടിക്കാൻ ലോകം ഒരുങ്ങി കഴിഞ്ഞു. മക്കളെ നിങ്ങളുടെ ഹൃദയകവാടങ്ങൾ തുറക്കുക. ഈ അമ്മയ്ക്കായി തുറന്നു തന്നുകൊണ്ട് സമാധാനത്തിലും ദൈവവരപ്രസാദത്തിലും ജീവിക്കുക. ഉത്സാഹം നഷ്ടപ്പെടുത്താതെ ജപമാല പ്രചരിപ്പിക്കുക. അതുവഴി സാത്താനെ ഓടിക്കാൻ നിങ്ങൾ കൂടുതൽ ശക്തിയുള്ളവരാകും. മക്കളേ, ഈ ദിനത്തിന്റെ പ്രത്യേകതയോടു ചേർന്ന് ഞാൻ നിങ്ങളെ ഒന്ന് ഓർമ്മിപ്പുച്ചുകൊള്ളട്ടെ. നിങ്ങളുടെ വിശ്വാസത്താൽ മുദ്രിതമായ മന:സാക്ഷിയോടെ നിങ്ങൾക്കുമുമ്പേ കടന്നുപോയ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. എന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിതരായവർ നിത്യവിശ്രാന്തി അനുഭവിച്ച് പറുദീസായിലെ ശാശ്വതമായ പരമാനന്ദത്തിന്റെ പൊൻകിരണങ്ങളായി പരിലസിക്കുന്നു. എന്നാൽ വേറെ കുറേ മക്കൾ ദൈവത്തെ സ്വന്തമാക്കാൻ കഴിയാതെ ശുദ്ധീകരണാവസ്ഥയിലുണ്ട്. അവർക്കായി പ്രാർത്ഥിക്കുക. മക്കളേ, വിശുദ്ധിയിൽ ജീവിക്കുക. പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വർഗ്ഗം ഭൂമിയിൽ സംജാതമാകുന്നതിനായി കാത്തിരിക്കുക, പരിശ്രമിക്കുക. യേശു അവിടുത്തെ പ്രത്യാഗമനം ധ്രുതഗതിയിലാക്കുവാനും ലോകം മുഴുവനും കൃപാവരംകൊണ്ട് നിറയുന്നതിനും വിശുദ്ധിയുടെ പൂങ്കാവനം സുസ്ഥാപിതമാകുന്നതിനും വേണ്ടി നിങ്ങളുടെ പ്രാർത്ഥനയെ സ്വർഗ്ഗത്തിലേക്കുയർത്തുക. സകലവിശുദ്ധരുടേയും

ഭൂവാസികളുടേയും അമ്മയായ ഞാൻ, നിങ്ങളെ സഹായിക്കാൻ അതീവതൽപരയാണ്. മക്കളേ, നിങ്ങൾ എന്നോടൊപ്പം പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, അശുദ്ധിയും അന്ധകാരവും നിറഞ്ഞ ലോകത്തിൽ നിങ്ങൾക്ക് കാലിടറാതിരിക്കുവാൻ സൂക്ഷിക്കുവിൻ. പുതുയുഗപ്പിറവിയിൽ പുതുമയുള്ള ജീവതം നയിക്കുവിൻ. നവജീവൻ പ്രദാനം ചെയ്യുന്ന ദൈവീകകാരുണ്യമാകുന്ന ഹിമകണങ്ങൾ ഉന്നതങ്ങളിൽ നിന്നും ഭൂമിയിലേക്ക് പെയ്തിറങ്ങും. എന്റെ പ്രിയമക്കളെ, ശക്തിപ്രദായകമായ പ്രാർത്ഥനയിൽ ഏകഹൃദയരാകുക. അപ്പോൾ എന്റെ കണ്ണുനീർ പുഞ്ചിരിക്കു വഴിമാറികൊടുക്കും. ഈ നല്ല സുദിനത്തിൽ സകലവിശുദ്ധരോടും ഈ ഭൂമിയിൽ നിന്നും വിടപറഞ്ഞ നല്ലവരായ എന്റെ മക്കളോടും ചേർന്ന് ജപമാല ചൊല്ലുവാൻ കൂടുതലായി ആഹ്വാനം ചെയ്തുകൊണ്ട് നിങ്ങൾക്കു ഞാൻ സമാധാനം ആശംസിക്കുന്നു.

XXI. 1997 നവംബർ 21 – മാതാവിന്റെ സമർപ്പണ തിരുനാൾദിനം

മക്കളേ, പിതാവായ ദൈവത്തിന്റെ തിരുമനസ്സുപ്രകാരം കർത്തൃശുശ്രൂഷയ്ക്ക് പരിപൂർണ്ണമായും സമർപ്പിക്കപ്പെട്ടതിന്റെ ഓർമ്മദിനം – ദേവാലയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രകാശധാരയ്ക്കുമുന്നിൽ സ്വയം തുറന്നുകൊടുത്ത ഞാൻ, വലിയ സമുന്നതപദ്ധതിയിലേക്ക് ഒരുക്കപ്പെടുകയായിരുന്നു. വചനം ഗ്രഹിച്ച് വചനത്തിൽ വളർന്ന് ദൈവശുശ്രൂഷക്കായി ശരീരം, നിരന്തരമായ ഹോമയാഗത്തിൽ അർപ്പിക്കപ്പെട്ട ദിനമാണിന്ന്. മകളേ, എന്റെ കർത്താവിന്റെ ആരാധനയ്ക്കായി ഞാൻ അർപ്പിക്കപ്പെട്ടു. അവിടുത്തെ മഹാമഹിമയിലേക്കായി മൗനത്തിലൂടെ, പ്രാർത്ഥനയിലൂടെ അവിടുത്തെ സേവനത്തിന് അർപ്പണം ചെയ്ത് ആനന്ദത്തോടെ ഞാൻ ജീവിച്ചു. കർത്താവിനും നിങ്ങൾക്കുമുള്ള സത്താപരമായ ബന്ധത്തെകൂട്ടിയുറപ്പിക്കുന്നതിനായി, മക്കളേ,. സഹനത്തിന്റെ പാതയിൽ ഈ അമ്മയിലൂടെ ലഭിക്കുന്ന നിസ്സാരമായതുപോലും നിങ്ങൾ നിരസ്സിക്കരുത്. മക്കളേ, ക്രിസ്തീയ പീഡനത്തിന്റെ ഭാഗമെന്നോണം എന്റെ വത്സലമക്കൾ അനുഭവിക്കുന്ന പീഡകൾ എത്രയാണ്. വൈദീകപട്ടം സ്വീകരിച്ച് മറുനാടുകളിൽ സേവനം ചെയ്യുന്ന മക്കളും സന്യസ്തരും നിഷ്കരുണം പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. അവരുടെ സഹനത്തിനും നിലവിളിക്കും നേരെമനസ്സുതുറക്കാൻ മനുഷ്യനിലൂടെ പ്രവർത്തിക്കുന്ന സാത്താന് കഴിയുന്നില്ല. മക്കളേ, പ്രാർത്ഥിക്കാനായി നിങ്ങൾക്ക് ലഭ്യമാകുന്ന അവസരങ്ങളെ ഒരിക്കലും നഷ്ടപ്പെടുത്തരുത്. എന്റെ ഹൃദയദേവാലയത്തിൽ ഈ ലോകത്ത് ജീവിക്കുന്ന മക്കളുടെ ശരീരം അസംഖ്യം പരീക്ഷണങ്ങളാൽ അഗ്നിയിലെന്നപോലെ ശുദ്ധീകരിക്കപ്പെടും. ക്രമേണ അത് എല്ലാറ്റിലും എന്റെ വത്സലസുതനും നിങ്ങളുടെ രക്ഷകനുമായ യേശുവിനോട് സാദൃശ്യം പ്രാപിക്കും. പരിത്യാഗത്തിന്റെയും സ്നേഹത്തിന്റേയും ബലിയായിരിക്കട്ടെ നിങ്ങളുടെ ജീവിതം. സഹനത്തിൽ നിന്നും ഒഴിഞ്ഞ് മാറരുത്.

വലിയ പരീക്ഷണത്തിന്റെ കാലം ആഗതമായി. അന്തരീക്ഷം പുകപടലങ്ങളാൽ നിറയുന്നു. അഗ്നികുണ്ഠങ്ങൾ ഉയരുന്നു. സ്ഫോടിതവസ്തുക്കൾ ശക്തിയോടെ നിർമ്മിക്കപ്പെടുന്നു. അതിലുപരി മനുഷ്യഹൃദയങ്ങളിൽ വൈരാഗ്യത്തിന്റെ തീപ്പൊരി കത്തിപ്പടരുന്നു. ഇതിന്റെ എല്ലാം പരിണിതഫലം എന്തായിരിക്കുമെന്ന് നിങ്ങൾക്ക് ചിന്തിക്കുവാൻ സാധിക്കുമോ? കരു

ണയുടെ പൂമഴ ചൊരിയുന്നതിനായി ഈ അമ്മയോടൊപ്പം പ്രാർത്ഥിക്കുക. മാർപ്പാപ്പ നേരിടുന്ന അതിശക്തമായ പരീക്ഷണങ്ങളിൽ ധൈര്യം കൈവരിച്ചു മുന്നേറുന്നതിനായി സഭയെ അക്ഷീണം ഭരിക്കുന്നതിനുള്ള ദൈവകൃപയ്ക്കായി മക്കളേ, പ്രാർത്ഥിക്കുക. ശരീരമാകുന്ന ദേവാലയത്തെ പരിശുദ്ധിയോടെ കാത്തുസൂക്ഷിക്കുന്നതിനായി ഓരോ മക്കളും പ്രാർത്ഥിച്ച് ശക്തിനേടുക. സാത്താന്റെ കെണിയിലും പ്രലോഭനത്തിലും നിങ്ങൾ അകപ്പെടാതിരിക്കാൻ സൂക്ഷിക്കുക. എല്ലാ മക്കളുടേയും അഭയകേന്ദ്രമായ യേശു സ്നേഹം നിങ്ങളിൽ പ്രതിഫലിക്കുന്നതിനായി ഈ അമ്മയോടൊപ്പം പ്രാർത്ഥനയോടെ മുന്നേറുക - സമർപ്പിക്കുക.

XXII. 1997 ഡിസംബർ 8

ഞാൻ അമലോത്ഭയായ അമ്മയാണ്. ഏറ്റം നിർമ്മലമായ ഉദരത്തിൽ മനുഷ്യനായിത്തീരുന്ന വചനത്തിന്റെ അമ്മയാകാൻ ഞാൻ നിയോഗിക്കപ്പെട്ടിരുന്നതിനാൽ, അതായത്, ദൈവമാതൃത്വത്തെ മുന്നിൽകണ്ടുകൊണ്ട് ഉൽഭവപാപത്തിൽ നിന്നും അതിന്റെ നിഴൽപോലും ഏൽക്കാതെ ഏറ്റം പരമപരിശുദ്ധ ത്രിത്വത്തിന്റെ പ്രത്യേകമായ പദ്ധതിയാൽ ഞാൻ സംരക്ഷിക്കപ്പെട്ട് ജനിച്ചു. ഉൽഭവത്തിൽ തന്നെ പാപമില്ലാത്ത ഈ അമ്മ സൂര്യനെ വസ്ത്രമായി അണിഞ്ഞ സ്ത്രീ, ചുവന്ന സർപ്പത്തിനും അവന്റെ അനുയായികൾക്കുമെതിരെ യുദ്ധം ചെയ്യുമെന്ന് വെളിപാടിന്റെ പുസ്തകത്തിൽ മുൻകൂട്ടി പറഞ്ഞിട്ടുള്ളത് നിങ്ങൾ വായിച്ചട്ടില്ലേ? ഈ യുദ്ധം ആരംഭിച്ചുകഴിഞ്ഞു. ഒരു അമ്മ നായികയായിരിക്കുന്ന യുദ്ധത്തിൽ അമ്മയുടെ മക്കൾ ഒരുമിച്ച് പടപൊരുതുന്നതുപോലെ ഈ അമ്മയോടൊപ്പം പാപത്തിനെതിരെ ജപമാലയേന്തി യുദ്ധംചെയ്യുക. മക്കളേ, നിങ്ങളുടെ യഥാർത്ഥരോഗം പാപമാണ്. പാപബോധമില്ലാത്തതാണ് ഇതിന് കാരണം. മക്കളേ, ഞാൻ നിങ്ങളുടെ അമലോത്ഭവമായ അമ്മയായതിനാൽ നിങ്ങളെ യേശുവിന്റെ ഛായയിൽ നിരന്തരം ജനിപ്പിക്കുന്നതിനുള്ള ദൗത്യം അവൻ എന്നെ ഭരമേൽപ്പിച്ചു. അതേ മക്കളേ, എന്റെ തിരുകുമാരൻ കുരിശിൽ കിടന്ന് ജീവൻവെടിയും സമയം നിങ്ങൾക്ക് ജന്മമേകാൻ എന്നെ ഭരമേൽപ്പിച്ചു. ആ ദൗത്യം തുടരേണ്ടത് നിങ്ങളെ പാപത്തിൽ നിന്നും പിശാചിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ടുവേണം. അതിനായി നിങ്ങൾ ഓരോരുത്തരും ഈ അമ്മയോടൊപ്പം വിജയശ്രീലാളിതരാകുക. എന്റെ വിമലഹൃദയത്തിന്റെ ഏറ്റവും വലിയ ആനന്ദം നിങ്ങളാണ്. ഓരോ ദിവസവും പരിപൂർണ്ണ സ്നേഹത്തിന്റെ പാതയിലൂടെ നിങ്ങളെ നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മക്കളേ, തിന്മയുടെ ശക്തിക്ക് ലോകത്തെ കീഴടക്കാൻ കഴിഞ്ഞതിന്റെ താൽക്കാലിക അടയാളങ്ങളായി നിങ്ങൾ കാണുന്ന ശത്രുതയുടെയും സമരത്തിന്റെയും ആക്രമണങ്ങളുടെയും ദുരന്തങ്ങളുടേയും അവസ്ഥ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യനാണ് മനുഷ്യനാശത്തിന്റെ കാരണമെന്ന് നിങ്ങൾ അറിയുന്നില്ലേ? ഈ അവസ്ഥകളെല്ലാം ഉച്ചകോടിയിലിരിക്കുന്ന ഈ അന്തരീക്ഷത്തിൽ മനുഷ്യജീവനെന്തുവില? അന്തരീക്ഷ മലിനീകരണവും മനുഷ്യന്റെ ക്രൂരതയും ലോകത്തെ നാശത്തിന്റെ പാതയിലേക്കല്ലേ നയിക്കുന്നത്? മക്കളേ. ഇതെല്ലാം സംഭവിച്ചാലും അവസാനത്തെ വിജയം എന്റെ പുത്രൻ യേശുവിന്റേതുമാത്രമായിരിക്കും. ഇതിനുള്ള ഒരുക്കമാണ് മക്കളേ, പലയിടങ്ങളിലായി എന്റെ നിരവധി പ്രത്യക്ഷീകരണങ്ങളാലും അസാധരണമായ ദർശനങ്ങളാലും ഞാൻ ഇന്ന് എന്നെത്തന്നെ ലോകത്തിന് കൂടുതലായി

വെളിപ്പെടുന്നത്.
മക്കളേ, യേശുവിന്റെ സ്നേഹമാകുന്ന കരുണക്കടലിലെ ഒരിറ്റുവെള്ളമെങ്കിലും സ്നേഹിക്കാൻ കഴിവറ്റുപോയ മക്കൾക്ക്, വിദ്വേഷത്താലും അക്രമത്താലും യുദ്ധത്താലും തളർന്ന് നാവുണങ്ങിയ മക്കൾക്ക് ഇറ്റിറ്റുകൊടുക്കാൻ നിങ്ങൾ കടപ്പെട്ടവരാണെന്ന് ഈ സമയം ഞാൻ ഓർമ്മിപ്പിക്കട്ടെ. സാത്താന്റെ സേവകരുടെ കെണികളിൽ അകപ്പെട്ട് അബദ്ധത്തിലും പാപത്തിലും അശുദ്ധിയിലും അകപ്പെടുന്ന മക്കൾ അനുനിമിഷം വർദ്ധിക്കുന്നു. എയ്ഡ്സ് എന്ന മഹാരോഗം, ബോംബാക്രമണങ്ങളുടെ ഭീഷണി, കുരുതിയിലകപ്പെടുന്ന മനുഷ്യജീവനുകൾ ഇതെല്ലാം എന്തു സൂചിപ്പിക്കുന്നു എന്ന് നിങ്ങൾക്കറിയാമോ? മക്കളെ നിങ്ങളോട് താഴ്മയോടെ ഞാൻ ആവശ്യപ്പെടുന്നത് ഒന്നുമാത്രമാണ്, ഈ ലോകമക്കളുടെ ഹൃദയങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ പാകത്തിൽ ഒരുക്കുക. ഇത് എന്റെ പദ്ധതിയിൽപെട്ട കാര്യമാണ്. ദ്വിതീയ പെന്തക്കുസ്ത സംജാതമാകുന്നതിനായി പിതാവിന്റെ കൃപയാൽ പരിശുദ്ധാത്മാവിനെ സമൃദ്ധമായി ഈ ലോകത്തിന് ചിന്തുന്നതിനായി പ്രാർത്ഥിക്കുക. സ്നേഹത്തിലും പുണ്യാഭിവൃദ്ധിയിലും പരിത്യാഗത്തിലും ഉപവാസത്തിലും ജീവിക്കാൻ ഉത്സുകരാകുക. സ്വയം വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കുക. ഭൂമിയിലെ മാലാഖമാരാണെന്ന് നിങ്ങൾ വിശേഷിപ്പിച്ചിരിക്കുന്നവരുടെ ഒത്തുചേരലിലൂടെ - പരസ്പരധാരണയിലൂടെ ഒരിക്കലും ലോകത്ത് സമാധാനം സുസ്ഥാപിതമാകില്ല. മനുഷ്യവംശം മുഴുവനും മാനസാന്തരത്തിലൂടെ ദൈവത്തിങ്കലേക്ക് തിരിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യഥാർത്ഥ സമാധാനം ലഭ്യമാകേണ്ട പാത അതാണെന്ന് മനസ്സിലാക്കാതെ തുടർന്നാൽ സകലരും സമാധാനത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി മുറവിളികൂട്ടുമ്പോൾ അനർത്ഥങ്ങളായ അത്യാഹിതങ്ങൾ നിങ്ങളുടെമേൽ പതിക്കാൻ ഇടവരും. ലോകം അത്യാഹിത കിണറിന്റെ വക്കിലാണിന്ന്. തിരുസഭയ്ക്ക് സഹനത്തിന്റെ സമയമാണിത്. അവിശ്വസ്തത വ്യാപിക്കുകയും ലോകാരൂപിയ്ക്ക് അനുരൂപരാകുകയും ചെയ്യുന്നതിനാൽ വലിയ ചുമതലകൾ വഹിക്കുന്ന ചിലരെപ്പോലും തിരുസഭയുടെ ഉള്ളിൽത്തന്നെ വഴിതെറ്റിക്കുന്നതിൽ സാത്താൻ പലപ്പോഴും ജയിക്കുന്നു.
മക്കളേ, ഞാൻ ഇവിടെ നൽകുന്ന സന്ദേശങ്ങളും മാനസാന്തര അടയാളങ്ങളും വഴി ലോകം രക്ഷയിലേക്ക് ഉയരണമെന്നാണ് ആഗ്രഹിക്കുന്നത്. എന്റെ തിരുകുമാരന്റെ സ്നേഹം ഓരോ മക്കളിലും പ്രതിഫലിക്കാനായി ചുരുങ്ങിയ കാലയളവിൽ പ്രവർത്തനിരതരായിരിക്കാൻ പിതാവിനാൽ ഞാൻ നിയോഗക്കപ്പെട്ടു. എന്നാൽ അപകീർത്തികളും ദുഷ്ടചിന്തകളും ദുഷ്പ്രവർത്തനങ്ങളും മാധ്യമങ്ങളും യേശുസ്നേഹത്തിനെതിരായി മനുഷ്യമക്കളിലൂടെ പ്രവർത്തിക്കുന്നു. ഇന്നും വളരെയേറെ മക്കൾ സുഗന്ധത്തിനുവേണ്ടി മാത്രം വരുന്നു. ഇതാ അതിന്റെയും അവസാനം സംഭവിക്കാൻ അധികം നാളുകളില്ല. മക്കളെ, തിരുവചനത്തിലും ദിവ്യാകാരുണ്യത്തിലും ജപമാലാഭക്തിയിലും നന്ദിസ്തുതികളിലും അധിഷ്ഠിതമായ ജീവിതം കർത്താവിന് കാഴ്ചയർപ്പിക്കാൻ, പാപവസ്ഥയിൽ നിന്നും മോചിതരാകാൻ അദ്ധ്വാനിച്ച് മുന്നേറുക. ഈ അലോത്ഭവയായ അമ്മ എന്നും നിങ്ങളോടൊപ്പം യേശുസ്നേഹം നൽകാൻ ഉണ്ടായിരിക്കും. എനിക്ക് നിങ്ങളുടെ പ്രാർത്ഥനകളും സഹനങ്ങളും നൽകുക. സമാധാ

നത്തിന്റെ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ.

XXIII. 1997 ഡിസംബർ 24

എന്റെ വത്സലമക്കളേ, സ്നേഹത്തിന്റേയും പ്രതീക്ഷയുടേയും വിശുദ്ധിയുടേയും അനർഘമായ പ്രകാശമേറിയ പ്രസാദവരങ്ങളാൽ നിങ്ങൾ നിറയണമെന്ന പിതാവായ ദൈവത്തിന്റെ ഇച്ഛാനുസരണം ഒരു തിരുപ്പിറവിയുടെ ഓർമ്മദിനം നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. മക്കളേ, ലോകരക്ഷകന് ജന്മമേകുന്നതിനുമുമ്പുള്ള എന്റെയും തീരുകുമാരന്റെ വളർത്തു പിതാവിന്റെയും സഹനത്തിന്റെ നിമിഷങ്ങൾ – നിറഞ്ഞ സന്തോഷം ലഭിക്കുന്നതിനായിരുന്നുവെന്നും ആ സന്തോഷം ത്യാഗത്തിലൂടെ, വേദനയിലൂടെ രക്ഷയ്ക്കുവേണ്ടിയായിരുന്നുവെന്നും നിങ്ങൾ മനസ്സിലാക്കണം. ഒരു കഴുതയും കാളയും ഉച്ഛ്വസിക്കുന്ന ശ്വാസത്തിന്റെ ചൂടേറ്റ്, ബേത്‌ലഹേമിലെ ഗുഹ രാജാധിരാജന്റെ രാജകൊട്ടാരമാകാനും, വൈക്കോൽമെത്ത രാജകീയ തൊട്ടിലാകാനും കാരണം ലോകം എന്റെ കുഞ്ഞിന് നൽകിയ തിരസ്ക്കരണം മാത്രമല്ലേ? എന്നു നിങ്ങൾ ചിന്തിക്കണം. അഹങ്കാരം, അത്യാഗ്രഹം, ദ്രവ്യാസക്തി, ലോകത്തിനു പുറകേയുള്ള പരക്കംപാച്ചിൽ ഇവ കാരണം ഇന്ന് യേശുവിന്റെ ദയനീയമായ വിളികൾ കേൾക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. എന്റെ ഉണ്ണിയും ഞാനും ഇന്നു നിങ്ങളുടെ അരികിലേക്ക് നിങ്ങളുടെ മനുഷ്യഹൃദയത്തിലേക്ക് ഒരു ഇടത്തിനായി കെഞ്ചിവരുമ്പോൾ നിങ്ങൾ നിർദ്ദയമായി ഞങ്ങളെ ആട്ടിപ്പായിക്കുന്നു. നിങ്ങളുടെ സഹോദരങ്ങളെ സന്തോഷത്തോടെ ദൈവീകതയിലേക്ക് വളർത്തേണ്ട, സ്വീകരിക്കേണ്ട ചുമതല നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്ന് നിങ്ങൾ മറന്നുപോകുന്നു. മക്കളെ നിങ്ങളെല്ലാവരും ഈ അമ്മയോടൊപ്പം ആത്മവിശ്വാസത്തോടെ, ക്ഷമയോടെ സഹിക്കുക., ദൈവീകപദ്ധതിയുടെ ഭാഗമെന്ന നിലയിൽ സഹനം നിങ്ങൾ സ്വീകരിക്കുമ്പോൾ ഒരു നവജനനം, പ്രതീക്ഷയുടെ പൊൻപ്രഭ നിങ്ങൾക്കു ലഭിക്കുമെന്ന് ഉറച്ചുവിശ്വസിക്കുക. മഹത്വത്തിലേക്കുള്ള അവിടുത്തെ രണ്ടാം ആഗമനത്തിനായി നിങ്ങളെത്തന്നെ ഒരുക്കുക. മക്കളെ, ഉണ്ണിയ്ക്ക് ജന്മമേകാനായി ഞാൻ എന്റെ ഭർത്താവായ ജോസഫിനോടൊപ്പം അനുഭവിച്ച ത്യാഗങ്ങൾ, യാത്രാക്ഷീണം, ശൈത്യത്തിന്റെ ഉഗ്രത, തിരസ്കരണത്തിന്റെയും അവഹേളനത്തിന്റെയും നിമിഷങ്ങൾ ഇതെല്ലാം നിങ്ങളിലും പലവിധത്തിലും സംഭവിക്കാനിടയുണ്ട്. എന്നാൽ ലോകം നിങ്ങളെ വെറുത്താലും ലോകരാജനുവേണ്ടി, ദിവ്യപ്രകാശത്തിനുവേണ്ടി ഒരുങ്ങിനിന്ന ഒരു ഗുഹ അന്നു ഞങ്ങൾക്ക് ലഭിച്ചുവെങ്കിൽ, പറുദീസായിലെ സന്തോഷം ആ കാലിത്തൊഴുത്തിൽ ലഭിച്ചുവെങ്കിൽ, നിങ്ങൾക്കു ജീവിതത്തിൽ സന്തോഷം ലഭിക്കും. മക്കളേ, ഒരിക്കൽപോലും ലോകത്തിനു നിങ്ങളെ കൊടുക്കരുത്. ഈ അമ്മയോടൊപ്പം ഉത്ക്കടമായ പ്രാർത്ഥനയിൽ ത്യാഗമന:സ്ഥിതിയോടെ ജീവിക്കുവിൻ. എന്റെ ഉണ്ണിയ്ക്കു പിറക്കുവാൻ ഒരു ഇടം നിങ്ങളുടെ ഹൃദയത്തിൽ നൽകുവിൻ. അവന്റെ ആദ്യത്തെ കരച്ചിൽ നിങ്ങൾ കേൾക്കുവിൻ. അവന്റെ ആദ്യത്തെ വിലാപത്തിന്റെ, സന്തോഷത്തിന്റെ, സ്നേഹത്തിന്റെ ശബ്ദം, ത്യാഗത്തിന്റെ ശബ്ദം നിങ്ങൾ ശ്രവിക്കുവിൻ. നിങ്ങളെത്തന്നെ ഒരുക്കുവിൻ. അവന്റെ ഇളംമേനിക്ക് ഈ ലോകത്തിന്റെ ചൂടുനൽകാതെ വിശുദ്ധിയുടെ ഊഷ്മളത നൽകുവിൻ. നിങ്ങളുടെ ഹൃദയമാകുന്ന താരാട്ടുതൊട്ടിയിൽ അവനെ ഞാനിതാ കിടത്തുന്നു. ഈ ഉണ്ണിയെ

നിങ്ങൾ തള്ളിക്കളയരുത്. ലോകസുഖം വെറുത്താലേ ഈ സ്വീകരണം സാധ്യമാകൂ. മക്കളെ, അനുദിനജീവിതം ഒരുക്കത്തോടുകൂടെ മാത്രമായിരിക്കുക. പിതാവായ ദൈവത്തിന്റെ കാരുണ്യത്താൽ കൃപകൾ നിറഞ്ഞ നിങ്ങളുടെ ദിവ്യകാരുണ്യ അമ്മ ഉണ്ണിയോടൊപ്പം നിങ്ങളെ ആശീർവ്വദിക്കുന്നു.

XXIV. 1998 - ജനുവരി 1

"മക്കളേ, നന്ദികെട്ട ജനത്തിനുനേരെ കർത്താവിന്റെ കോപം പൂർണ്ണതയിൽ ഉണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കുക. ആക്രമണങ്ങളും നശീകരണവും അസമാധാനവും തകർന്നരീതിയിലുള്ള ഭരണകൂടവും വഴി അനേകർ നശിക്കാനിടയുള്ളതിനാൽ എല്ലാ മക്കളും മനുമുരുകി പ്രാർത്ഥിക്കണം. ഇന്ത്യ സാത്താന്റെ ഘോരമായ കരവലയത്തിൽപ്പെടുന്നു. പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ എല്ലാ മക്കളും തയ്യാറാകാണം."

XXV. 1998 - മാർച്ച് 1

"മക്കളേ, ദേവാലയങ്ങൾ നശിപ്പിക്കപ്പെടും, ബലികൾ നിലയ്ക്കപ്പെടും. അധികാരികൾ (പുരോഹിതർ) നാടുകടത്തപ്പെടും. വിലാപത്തേക്കാൾ പ്രാർത്ഥനയാണാവശ്യം. വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവർ അശുദ്ധിയിലും വ്യക്തിമഹാത്മ്യത്തിലും ആശ്രയിച്ച് കൃപകൾ നഷ്ടപ്പെടുത്തി ജീവിക്കുന്നതു കാണുമ്പോൾ എന്റെ ഹൃദയം തകരുന്നു. ആത്മീയ ശൂന്യതയാണതിനുകാരണം. ഇവരെയോർത്ത് ഞാൻ വേദനിക്കുന്നു."

XXVI. 1998 മാർച്ച് 24 ഈശോ നൽകിയ സന്ദേശം

മക്കളേ, ഒരുങ്ങുവാനും ഒരുക്കപ്പെടുവാനുള്ള കാലഘട്ടമാണിത്. ശൂന്യതയിൽ നിന്നും ജനിച്ച നിങ്ങൾ ശൂന്യരായി തിരിച്ചുപോകുമ്പോൾ ഈ ലോകത്ത് ശൂന്യത നൽകി പോകരുത്. നിങ്ങളുടെ സൽകൃത്യങ്ങൾ നിങ്ങളുടെ പിൻഗാമികൾക്ക് മാതൃകയാകട്ടെ. നിങ്ങൾ മൂകരോ, ബധിരരോ ആയിരുന്നെങ്കിൽ എനിക്ക് നിങ്ങളോടധികം കണക്കുചോദിക്കേണ്ടി വരുമായിരുന്നില്ല. എന്നാൽ നിങ്ങളെ എല്ലാം തികഞ്ഞവരായി സൃഷ്ടിച്ചിട്ട് എന്തേ മക്കളേ നിങ്ങൾ മുഖം തിരിച്ച് നടക്കുന്നു? എന്റെ അമ്മ വചനം സ്വീകരിച്ച നിമിഷം മുതൽ അമ്മ ജീവിച്ച ജീവിതരീതികളെ നിങ്ങൾ അനുകരിക്കണം. വചനം സ്വീകരിക്കുകയും അത് ഫലം പുറപ്പെടുവിക്കുന്ന വിധത്തിൽ ജീവിക്കുകയും ചെയ്യുക. ലോകത്തിന്റെ മതിലുകൾ തകർത്ത് കർത്താവിനായി വിശുദ്ധീകൃതരാകുകയും ആത്മാക്കളെ നേടുകയും ചെയ്യുക. എന്റെ ജീവിതത്തിന്റെ ആവർത്തനമാണ് നിങ്ങളുടെ ജീവിതം - പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാരം ഇവ അനുഷ്ഠിക്കുക.

XXVII. 1998 മെയ് 9

മക്കളെ, എന്റെ മുഖത്തെ മ്ലാനതപ്പെടുത്തുന്നത് ഈ ലോകമാണ്. എന്റെ ഹൃദയത്തെ മുറിപ്പെടുത്തുന്നത് ലോകമക്കളുടെ ജീവിതമാണ്. മക്കളെ - വിശ്രമമെന്തെന്നറിയാത്ത തീർത്ഥാടകരാണ് ഈ ലോകത്തിലെ മക്കൾ. അതിനാൽ മരണം കെടുത്തിക്കളയുന്ന നാൾവരെ എപ്പോഴും ഉണർവ്വുള്ളരായി, അരമുറുക്കി നിങ്ങളുടെ ജീവിത്മാകുന്ന വിളക്കുതെളിച്ച് കാത്തിരിക്കാൻ ഞാൻ എത്രതവണ ആവർത്തിച്ചിട്ടും ആരും അത് ചെവിക്കൊള്ളുന്നില്ല. പ്രലോ

ഭനങ്ങളാൽ ആക്രമിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുവിൻ. എന്തെന്നാൽ ശരീരത്തിന്റെ മരണത്തെക്കാൾ ആത്മാവിന് മരണം സംഭവിക്കാൻ എളുപ്പമുണ്ട്. ആത്മം നഷ്ടമായാൽ ശരീരം കൊണ്ട് എന്ത് പ്രയോചനം? ചീഞ്ഞളിഞ്ഞ ആത്മാവിനെ ചുമന്നു ജീവിച്ചിട്ട് എന്തു ഫലം? കരയാതെ തെല്ലും ശബ്ദമില്ലാതെ അദൃശ്യനായി മരിക്കുന്ന ആത്മാവിനെ പാപമാകുന്ന പുഴുക്കളരിക്കുന്നതറിയുമ്പോൾ വിഭ്രാന്തരായി ഓടിയിട്ടെന്തു പ്രയോജനം? മയക്കുമരുന്നകളിലും പാപജീവിതത്തിലും സന്തോഷം കണ്ടെത്തുന്ന ഈ മക്കൾ ആത്മഹത്യയിലൂടെ പിശാചിന്റെ ബന്ധം കൂട്ടിയുറപ്പിക്കുകയല്ലേ ചെയ്യുന്നത്. ദൈവത്തെ പരിഹസിക്കാനോ ചതിക്കാനോ ഈ ലോകത്തിന് ഇന്നു കഴിയില്ല.

XXVIII. 1998 മെയ് 31

“ കുഞ്ഞുമക്കളേ, ഞാൻ പരിശുദ്ധാത്മാവിന്റെ മണവാട്ടിയാകുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും സ്നേഹാത്മാവിൽ നിന്നും സമൃദ്ധമായ കൃപകൾ നിങ്ങൾക്കുനേടിത്തരുന്നതിന് ഈ അമ്മ നിരന്തരം പരിശ്രമിക്കുന്നു. ദിവ്യാഗ്നിയാൽ തിരുസഭ നവീകരിക്കപ്പെടണം. ലോകം മുഴുവനും സത്യത്തിന്റെ തകവിലേക്കും യേശുവിന്റെ സുവിശേഷത്തിലേക്കും അവിടുന്ന് ആഗ്രഹിച്ചതും സ്ഥാപിച്ചതുമായ ഏക സഭയിലേക്കും വന്നുചേരണം. ഇതു സാധ്യമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. ലോകം പൂർണ്ണമായും നവീകരിക്കപ്പെടണം. ദ്വിതീയ പെന്തക്കോസ്തയ്ക്ക് സഭ തേജസ്വിനിയായി ഒരുങ്ങണം. എല്ലാ മക്കളും ഒരുങ്ങണം. അതിനായി മക്കളേ, പരിശുദ്ധാത്മാവിന്റെ പ്രിയ മണവാട്ടിയും നിങ്ങളുടെ അമ്മയുമായ എന്നോടൊപ്പം പ്രാർത്ഥിക്കുക. എന്റെ വിമലഹൃദയത്തിന്റെ ശക്തിയേറിയ മധ്യസ്ഥത്താൽ നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും എന്റെ തിരുക്കുമാരന്റെ പ്രിതിരൂപം നിങ്ങളിൽ പൂർണ്ണമായി പ്രകാശിക്കുകയും ചെയ്യുന്നതിനായി പരിശ്രമിക്കുകയും ചെയ്യുവിൻ. മക്കളേ, സമയം സമാഗതമായിരിക്കുന്നു. ഓരോരുത്തരും സ്വർഗ്ഗീയ സത്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാൽ സ്വയം കാണേണ്ടതും, പരിവർത്തനത്തിന്റെ മാർഗ്ഗത്തിലൂടെ പരിശുദ്ധിയുടേയും സ്നേഹത്തിന്റേയും, നീതിയുടേയും അനുഗ്രഹത്തിന്റേയും, ശാന്തിയുടേയും മഹത്വത്തിന്റെ ദിനങ്ങളിലേക്ക് ഒരുങ്ങുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. കർത്താവിന്റെ സ്നേഹവും കരുണയും ലോകം മുഴുവനുമെത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്ന സമയമാണിത്. ശുദ്ധീകരണത്തിന്റെയും ദുരിതങ്ങളുടയും നിർണ്ണായകമായ ഈ കാലം പരിശുദ്ധാത്മാവിന്റെ കാലമാണ്. ആകയാൽ മാതൃസഹജമായ സ്നേഹത്തോടെ ഈ അമ്മ നിങ്ങളോട് ആവശ്യപ്പെടുന്നു - പാപരാഹിത്യത്തിന്റെ മാർഗ്ഗത്തിലൂടെ മനുഷ്യകുലത്തിന്റെ സൃഷ്ടാവും രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ യേശുവിന് വിധേയരാകുവിൻ. മക്കളേ, മാതൃകാ ക്രിസ്തീയ ജീവിതം നയിക്കുവിൻ. പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാരാനുഷ്ഠാനങ്ങളിൽ തത്പരരാകുവിൻ. വിശ്വാസത്താൽ ഉറച്ചജീവിതം നയിക്കുവിൻ. സഭയെ സ്നേഹിക്കുകയും കൂദാശാനുഷ്ഠാനങ്ങളിലും പ്രാർത്ഥനാജീവിതത്തിലും തീക്ഷ്ണതയുള്ളവരാകുവിൻ. ഒരുവന്റെ പാപങ്ങൾ മണൽത്തരിപോലെ എണ്ണമറ്റതായാലും കുമ്പസാരമെന്ന കൂദാശയുടെ മൂല്യം മനസ്സിലാക്കി നിരാശനാകാതെ അതു സ്വീകരിച്ചാൽ അത് എത്രയോ വരപ്രസാദദായകമായ അനുഭവമായിരിക്കും. കുമ്പസാരം സാത്താൻ

വെറുക്കുകയും ഭയക്കുകയും ചെയ്യുന്നു. കാരണം, ഒരു ആത്മാവിനെ അവന്റെ കൈക്കുള്ളിൽ കിട്ടാൻ തുടങ്ങുമ്പോൾ അതിനെ പരിശുദ്ധാത്മാവ് പിടിച്ചു പറിച്ചെന്നോണം അനുതാപത്തിന്റെ അടിത്തട്ടിലേക്ക് കൊണ്ടുപോവുകയാണ് കുമ്പസാരത്തിലൂടെ. അതിനാൽ മക്കളേ, കുമ്പസാരവും വിശുദ്ധകുർബ്ബാന സ്വീകരണവും കൂടെക്കൂടെ നടത്തുക. ഇന്ന് വിശുദ്ധ കുർബ്ബാനയ്ക്കു നേരെ ചെയ്യപ്പെടുന്ന ദൈവദോഷങ്ങൾ എത്രയോ ആണ്. പരിശുദ്ധ കുർബ്ബാനയോടുള്ള ബഹുമാനാദരവ് വളരെ കുറഞ്ഞിരിക്കുന്നു. ആയിരങ്ങളിൽ നിന്നും പതിനായിരങ്ങളിൽ നിന്നും തിരഞ്ഞെടുത്ത അഭിഷിക്തരോടും സന്യസ്തരോടും കാണിക്കുന്ന ക്രൂരതകൾ വർദ്ധിച്ചിരിക്കുന്നു. അബദ്ധസഞ്ചാരങ്ങളിലൂടെ തങ്ങൾക്കു ലഭിച്ചിരിക്കുന്ന വിളിയുടെ പവിത്രത കാത്തുസൂക്ഷിക്കാതെ ജീവിക്കുന്ന മക്കൾ എന്റെയും ഉണ്ണിയുടെയും ഹൃദയത്തെ കുത്തിമുറിവേല്പ്പിക്കുന്നു. മക്കളേ, ജപമാല ഭക്തിയിൽ വളരുക. സാത്താന്റെ തന്ത്രങ്ങൾക്ക് അധീനരാകാതിരിക്കുക. നിങ്ങളുടെ പ്രാർത്ഥനകളും ത്യാഗപ്രവൃത്തികളും ആത്മാക്കളുടെ രക്ഷയ്ക്കായി കാഴ്ചവെയ്ക്കുക. പരിശുദ്ധാത്മാവിന്റെ സ്നേഹമണവാട്ടിയായ എന്റെ സ്വരം കേട്ട് നിങ്ങൾ ഉണർന്നാലും. അരൂപിക്ക്, അവിടുത്തെ വിളിക്കുന്ന മണവാട്ടിയുടെ ശബ്ദത്തെ നിരസിക്കാനാവില്ല. അതുകൊണ്ട്, എന്റെ കുഞ്ഞുമക്കളെ നിങ്ങളോരോരുത്തരും പരിശുദ്ധാരൂപിയുടെ ദാനം യാചിക്കുന്നതിന് ഈ അമ്മയോടൊപ്പം ഒന്നിക്കുക. അപ്പസ്തോല ഗണം ഒന്നിച്ചതുപോലെ ഒന്നിക്കുക, പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിനെ അത്യധികമായി വർഷിക്കപ്പെടുന്ന കാലയളവാണിത്. നിങ്ങളുടെ ഹൃദയങ്ങൾ പ്രത്യാശകൊണ്ട് നിറയ്ക്കുക. തിരുസഭ കാൽവരിയുടെ ക്ലേശകരമായ വിനാഴികയിലൂടെ കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. അവൾ ഒറ്റിക്കൊടുക്കപ്പെടുകയും നിന്ദിക്കപ്പെടുകയും, അജഗണങ്ങൾ മുറിയ്ക്കപ്പെടുകയും, അജപാലകന്മാർ മർദ്ദിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസത്തിന് ക്ഷതം സംഭവിച്ചിരിക്കുന്നതുമൂലം മതം ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ഇവയിൽനിന്നെല്ലാം ശുദ്ധീകരിക്കുവാൻ പിരശുദ്ധാത്മാവ് തീർച്ചയായും ഇറങ്ങിവരും. മക്കളേ, പ്രാർത്ഥിക്കുക. മാർപാപ്പയ്ക്കായി പ്രാർത്ഥിക്കൂ. നിങ്ങൾ ഓരോരുത്തരും ഒരുങ്ങുക. എന്തെന്നാൽ ദ്വിതീയ പെന്തക്കോസ്താ ആഗതമായിരിക്കുന്നു. എന്റെ വിമലഹൃദയം നിങ്ങൾക്ക് സുരക്ഷിതമായ താവളമാണ്. സാത്താന്റെ പ്രലോഭനങ്ങൾക്കോ, ലോകമക്കളുടെ ഭീക്ഷിണികൾക്കോ നിങ്ങളെ കീഴ്പ്പെടുത്തുവാൻ കഴിയില്ല. ധീരതയോടെ, വിശുദ്ധിയോടെ, സഹനത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങുക. ഈ അമ്മ നിങ്ങളുടെ സഹായത്തിന് ഉണ്ടാകും. മരവിച്ച മാനവകുലത്തിന്റെ മനഃസാക്ഷികൾക്ക് ജീവനും, ചൂടും, പ്രത്യാശയും നൽകി ഈ ഭൂമിയെ നൂതനവും അത്ഭുതകരവുമായ പറുദീസയാക്കി പരിണമിപ്പിക്കുകയും ചെയ്യേണ്ടതായ നാളിലേക്ക് ഒരുങ്ങുക. ഇതാ നിങ്ങളുടെ സഹായകൻ - അഗ്നിയിൽ ശീതളിമയും, അത്യുഷ്ണത്തിൽ കുളിർമ്മയും, അന്ധകാരത്തിൽ പ്രകാശവും, വിലാപത്തിൽ സാന്ത്വനവും, ഭീതിയിൽ ധൈര്യവും, ദൗർബല്യങ്ങളിൽ ശക്തിയും, കഷ്ടപ്പാടുകളിൽ ആശ്വാസവും അവനിൽനിന്നും നിങ്ങൾക്കു ലഭിക്കും. മാനസാന്തരത്തിലൂടെ പുതിയ സൃഷ്ടികളാക്കി ആത്മീയ കൃപകളാൽ സർവ്വേശ്വരൻ നിങ്ങളെ നിറയ്ക്കട്ടെ. പരിശുദ്ധാരൂപിയുടെ മണവാട്ടിയായ ഈ അമ്മയുടെ വിമലഹൃദയ മദ്ധ്യസ്ഥത്താൽ നിങ്ങളോ

രോരുത്തരും ലോകം മുഴുവനും ആത്മാവിൽ നിറയട്ടെ എന്ന ആശംസയോടെ ഞാൻ ക്രിസ്തുവിൽ സമാധാനം നിങ്ങൾക്കു നല്കുന്നു.

XXIX. 1998 ആഗസ്റ്റ് 15

വാത്സല്യമുള്ള മക്കളേ, പറുദീസയുടെ മഹിമപ്രതാപത്തിലേക്ക് എടുക്കപ്പെട്ട നിങ്ങളുടെ അമ്മയിലേക്ക് നിങ്ങളുടെ ദൃഷ്ടികൾ തിരിച്ചാലും. യേശുസ്നേഹം പൂർണ്ണമായും നിങ്ങളിൽ നിക്ഷേപിക്കുന്നതിനായി അക്ഷീണം പരിശ്രമിക്കുന്ന ഈ അമ്മയുടെ സ്വരം നിങ്ങൾക്ക് അരോചകമാകാതിരിക്കട്ടെ. മക്കളെ ഈ ലോകമാകുന്ന മരുഭൂമിയിൽ സഹനത്തിന്റെ വലിയ ഭാണ്ഡവുമായി മുറിവേറ്റും ക്ലേശങ്ങൾ സഹിച്ചും അടിച്ചമർത്തപ്പെട്ടും തീർത്ഥാടനം നടത്തുന്ന സഭയും, ഈ സഭാശരീരത്തിന്റെ ഓരോ അവയവങ്ങളായ നിങ്ങൾ ഓരോരുത്തരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ഇടവിടാതെ ജപമാല പ്രാർത്ഥന ഉരുവിടുകയും ദിവ്യകാരുണ്യാധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്യുക. എന്തെന്നാൽ ഇത് സഹനത്തിന്റെ സമയമാണ്. സാത്താൻ അവന്റെ വിദ്വേഷത്തിന്റെയും മൃത്യുവിന്റെയും രാജ്യം ലോകത്ത് സ്ഥാപിച്ചിരിക്കുന്നുവെന്ന് വെളിപാടിന്റെ പുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്ന സമയമിതാണ്. അതിനാൽത്തന്നെ ലോകം ആത്മീയദാരിദ്ര്യം അനുഭവിക്കുന്നു. മാനുഷിക ബുദ്ധിയാൽ ഉടലെടുക്കപ്പെട്ട സകല മാധ്യമങ്ങളും അശുദ്ധത പ്രചരണത്തിന് കാരണമായിത്തീർന്നിരിക്കുന്നു. പ്രിയപ്പെട്ടമക്കളേ, നിങ്ങളുടെ പ്രാർത്ഥനകൾ ഉയരട്ടെ. ത്യാഗപ്രവർത്തികൾ വഴിയും കരുണയ്ക്കായുള്ള യാചനകൾ വഴിയായും പരീക്ഷണത്തിന്റെ കാലഘട്ടവും ശുദ്ധീകരണത്തിന്റെ രൂക്ഷതയും കുറച്ചിരുന്നുവെങ്കിൽ എന്നു ഞാൻ വേദനയോടെ ആഗ്രഹിക്കുന്നു. മക്കളെ, യുദ്ധസന്നാഹങ്ങളും സഭയ്ക്കുള്ളിലെ വിശ്വാസത്തിന്റെ ക്ഷയിക്കലും തിന്മയുടെ വിജയം ആഘോഷിക്കപ്പെടുന്നതിന്റെ അടയാളമാണ്. മക്കളെ, നിങ്ങൾക്കായി സ്വർഗ്ഗത്തിനായി നിലകൊള്ളുന്ന എന്റെ സ്വരം ശ്രവിച്ചിരുന്നെങ്കിൽ! ഇതാ നിങ്ങളുടെ അമ്മയായ ഞാൻ പ്രവചിക്കുന്നു. മക്കളെ, കർത്താവിങ്കലേക്ക് തിരിയുവിൻ, പാപങ്ങളും പാപമാർഗ്ഗങ്ങളു ഉപേക്ഷിക്കുവിൻ. അന്ധതയുടേയും അശുദ്ധിയുടേയും മൂടുപടം എടുത്ത് മാറ്റുവിൻ അല്ലെങ്കിൽ നാശം നിങ്ങളുടെമേൽ ആഞ്ഞുപതിക്കും. അതികഠിനമായ ദുരിതങ്ങളിലൂടെ നിങ്ങൾക്ക് കടന്നുപോകേണ്ടിവരും. മുമ്പൊരിക്കലും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവിധം ഭയാനകമായ ശിക്ഷ ഈ ലോകത്തിൽ സംഭവിച്ചാലെ രക്ഷ കൈവരൂ എന്ന ഘട്ടത്തിലേക്കാണ് നിങ്ങൾ അടുത്തുകൊണ്ടിരിക്കുന്നത്. മാർപ്പാപ്പയ്ക്കും സകലമെത്രാന്മാർക്കും വൈദികർക്കും സന്യസ്തർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. അവർ തമ്മിൽത്തമ്മിൽ എതിർക്കുന്ന അവസ്ഥ കൂടുതൽ സൃഷ്ടിക്കാൻ സാത്താൻ ശക്തിയോടെ പരിശ്രമിക്കുന്നു. അശുദ്ധപാപങ്ങൾക്കിരയാകാൻ അവരെ പ്രേരിപ്പിക്കുന്നു. എന്നെ വണങ്ങുന്ന പുരോഹിതരെ അവഹേളിപ്പിക്കുകയും പുച്ഛിപ്പിക്കുകയും ചെയ്യാൻ അവൻ വലിയ ഉത്സാഹവാനായിരിക്കുന്നു. പള്ളികളും അൾത്താകളും കവർച്ച ചെയ്യാൻ അവൻ മനുഷ്യമക്കളെ തയ്യാറാക്കുന്നു. മക്കളെ, സാത്താൻ വലിയ സൂത്രശാലിയാണ്. അവൻ നിങ്ങളെ ആക്രമിക്കുന്നതിനായി നിങ്ങളുടെ ബലഹീനതകൾ എവിടെയാണെന്ന് അന്വേഷിക്കുകയും അവയിലൂടെ അവൻ പ്രവർത്തിക്കുകയും ചെയ്യും. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങ

ളിൽ എത്രയോ കള്ള പ്രവാചകന്മാരും തിന്മ നന്മരൂപേണ മനുഷ്യഹൃദയങ്ങളിൽ കുത്തി വെയ്ക്കുന്നവരും ഇറങ്ങിയിരിക്കുന്നു. ആത്മീയനിറവില്ലാത്തവർ അവരുടെ സിദ്ധാന്തങ്ങളെ വിശ്വസിക്കുകയും അറിവുകേടിന്റെ സന്തതികളായി വളരുകയും ചെയ്യുന്നു. എത്രയോ രാഷ്ടങ്ങളിലെ ഗവൺമെന്റുകൾ മ്ലേച്ഛതകളെ സംരക്ഷിക്കുവാനും സത്യത്തിനെതിരെ നിയമങ്ങൾ ആവിഷ്ക്കരിക്കുവാനും സന്നദ്ധരായിരിക്കുന്നു. സത്യം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ കുറ്റവാളികളായി പരിഗണിക്കപ്പെടുന്ന ഈ അവസ്ഥയിൽ നിങ്ങൾ ഓർക്കുക, ക്രൈസ്തവരുടെ പീഡനം ആരംഭിച്ചുവെന്ന്. കാരണം, തിരുവചനം പൂർത്തീകരിക്കപ്പെടണമല്ലോ? വെളിപാട് 12:17 18. ദൈവീക പദ്ധതിയിൽപ്പെട്ട എല്ലാ മാർഗ്ഗങ്ങൾക്കും എതിരായി ഈ ലോകം - ലോകമക്കൾ സാത്താനോടൊപ്പം നിന്ന് പടപൊരുതുമ്പോൾ ലോകത്തെ ശുദ്ധീകരിക്കാൻ പിതാവായ ദൈവം തിരുമനസ്സാകും. എന്തെല്ലാം ദുരിതങ്ങൾ സംഭവിച്ചാലും ലോകം സ്വർഗ്ഗത്തിന് നേരെ കണ്ണുകൾ ഉയർത്തുന്നില്ലെങ്കിൽ അവസാനമായി നിങ്ങൾക്ക് നൽകപ്പെട്ട സംഭ്രമകരമായ അടയാളമായ നിങ്ങളുടെ അമ്മയായ എന്നിലൂടെ നൽകപ്പെട്ട ആഹ്വാനങ്ങളും തിരസ്കരിക്കപ്പെട്ട അവസ്ഥയാണെങ്കിൽ കാരുണ്യം ചൊരിയാൻ പിതാവിന് സാധിക്കാതെവരും. മക്കളെ മനുഷ്യനു മനുഷ്യനെ കാണാൻ പറ്റാത്തവിധം അന്ധകാരാവൃതമായ നാളുകളിലേക്ക് നിങ്ങൾ നടന്നടുക്കുകയാണ്. മക്കളെ, സഭ അവളുടെ സ്വന്തം മക്കളുടെ കരങ്ങളാൽ പീഡിപ്പിക്കപ്പെടുന്നു, മുറിവേൽക്കുന്നു. ഈ ദുരവസ്ഥകളിൽ നിന്നെല്ലാം മോചിതരാകുന്നതിനായി നിങ്ങളുടെ അമ്മയായ ഞാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുകയും നിസ്സാഹായരായ മക്കളിലൂടെ പല സ്വർഗ്ഗീയ നിർദ്ദേശങ്ങളും രക്ഷാമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നു. എന്നാൽ ദൈവത്തെ മറന്നു ജീവിക്കുന്നവർക്ക് അങ്ങനെ ജീവിക്കാൻ പ്രലോഭിതരാകുന്നവർക്ക് ഇവയൊന്നും സ്വീകരിക്കുവാനോ ഗ്രഹിക്കുവാനോ സാധിക്കുന്നില്ല. എന്റെ മക്കളെ അവർ സംശയിക്കുന്നു, പീഡിപ്പിക്കുന്നു. എന്നാൽ ലോകമേ നീ ഓർക്കുക ദൈവത്തെ മറന്ന് ജീവിക്കുന്ന നിനക്ക്, ദൈവം തന്റെ ശക്തിയും സാന്നിദ്ധ്യവും വെളിപ്പെടുത്തുന്ന അന്ധകാരം നിറഞ്ഞ ദിനങ്ങൾ വരാൻ പോകുന്നു. മക്കളെ, നിങ്ങൾ ആ നാളുകളോ, സമയമോ കാത്തിരിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ ഒരുക്കമുള്ളവരായിരിക്കുക. വെളിപാടിലെ കന്യകയായ ഈ അമ്മയോടൊപ്പം കറുത്തമൃഗമായ സാത്താനെ തോൽപ്പിക്കുന്നതിനായി ജപമാല ചൊല്ലുക. കൂദാശാനുഷ്ഠാനങ്ങളിലും വിശുദ്ധിയുള്ള ജീവിതത്തിലും തൽപരരാകുക. ഈ ലോകം അടയാളങ്ങൾ തേടുന്നതിനെക്കാൾ യേശുവിന്റെ അടയാളമായി ജീവിച്ചാൽ രക്ഷപ്രാപിക്കും. ഇതാ യേശു തിരഞ്ഞെടുത്ത ഈ ഭവനത്തിലൂടെ ലഭ്യമാകുന്ന ഏറ്റം ചെറിയതും എന്നാൽ പല മക്കളിലും വലുതായി തോന്നിയതുമായ സുഗന്ധമെന്ന അടയാളം ഞാൻ പിൻവലിക്കുന്നു. കാരണം നിങ്ങൾക്ക് രക്ഷ നോടാനുള്ള മാർഗ്ഗങ്ങൾ തിരുവചന ജീവിതവും എന്നിലൂടെ നൽകപ്പെട്ട ആത്മീയ നിർദ്ദേശങ്ങളുടെ അനുസരമവും പ്രാർത്ഥനയുമാണ്. മക്കളേ, നിങ്ങളുടെ ജീവിതത്തെയോർത്ത് ഭയവിഹ്വലരാകാതെ മനഃസ്താപത്തിന്റെയും പശ്ചാത്താപത്തിന്റെയും മാർഗ്ഗത്തിലൂടെ സന്തോഷത്തോടും ആത്മവിശ്വാസത്തോടും കൂടി നമ്മുടെ സ്വർഗ്ഗീയ പിതൃഭൂമിയിലേക്ക് ഈ അമ്മയോടൊപ്പം നടന്നു

നീങ്ങുക. മറ്റുള്ളവരുടെ കുറ്റപ്പെടുത്തലുകൾ സന്തോഷത്തോടെ സ്വീകരിക്കുക. എന്റെ വിമല ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് നിങ്ങൾക്ക് ഞാൻ സ്വാഗതമുരുളുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും കൈക്കലാക്കുന്നതിനായി വിമോചനത്തിന്റെ പാതയിലൂടെ നിങ്ങളെ നയിക്കാൻ സദാ സന്നദ്ധയായിരിക്കുന്ന ഈ അമ്മ പരിശുദ്ധ ത്രിത്വത്തിന്റെ സഹ വാസം നിങ്ങൾക്ക് ആശംസിക്കുന്നു.

XXX. 1998 ഡിസംബർ 8

പ്രിയ കുഞ്ഞുങ്ങളെ, പാപരഹിതയായ നിങ്ങളുടെ അമ്മയുടെ വിമലഹൃദയത്തിൽ നിന്നും പ്രകാശം സ്വീകരിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ ഹൃദയകേന്ദ്രത്തിലേക്കുള്ള നിങ്ങളുടെ യാത്രയെ സുഗമമാക്കൂ. മാനവകുലത്തിന്റെ മുഴുവൻ മാതാവാണ് ഞാൻ എന്നതിനാൽ പാപത്തി ന്റേയും തിന്മയുടേയും ഇരുണ്ട നിഴലിനെ തിരുസഭയിൽ നിന്നും മാനവകുലത്തിൽ നിന്നും ദൂരെയകറ്റി പരിശുദ്ധിയുടേയും സ്നേഹത്തിന്റേയും വിശുദ്ധനഗരിയിലേക്ക് നിങ്ങളെ നയി ക്കുക എന്ന ദൗത്യം നിർവ്വഹിക്കുക എന്റെ ചുമതലയാണ്. മാനുഷിക ബലഹീനതകളിൽ നിന്നെല്ലാം ശുദ്ധീകരിക്കപ്പെട്ട് അവിശ്വസ്തതയുടേയും നിർമതത്വത്തിന്റേയും കറകളിൽ നിന്നും സ്വതന്ത്രമായി നിങ്ങളുടെ അമ്മയുടെ വിമലഹൃദയം പോലെ ചുളിവുകലും പാടു കളും ഇല്ലാത്തവണ്ണം സഭ മനോഹരിയായിത്തീരണം. അതിനായി മക്കളെ, വിശുദ്ധി നിറഞ്ഞ ജീവിതം കൊണ്ട് ഈ അമ്മയെ നിങ്ങൾ സഹായിക്കണം. നശ്വരവും വ്യർത്ഥവുമായ സമ്പാദ്യങ്ങൾ നേടാമെന്ന പ്രത്യാശയോടെ മനുഷ്യർ എത്ര കഠിനമായി അദ്ധ്വാനിക്കുന്നു. കപടതയും, വഞ്ചനയും നിറഞ്ഞ ലോകത്തിൽ സത്യവും സ്നേഹവും ബലിയായിത്തീരു ന്നു. മക്കളെ, അഖിലം സൗന്ദര്യമായ നിങ്ങളുടെ ഈ അമ്മ പ്രത്യാശയുടെ സൂചനയാണ്. എന്നാൽ നിങ്ങളുടെ ആത്മീയ സൗന്ദര്യത്തിന്റെ പ്രതിഫലം നഷ്ടമാക്കിക്കൊണ്ട് സാത്താന്റെ അടിമത്വത്തിൽ ജീവിക്കാൻ നിങ്ങൾ കൂടുതൽ തൽപരരാകുന്നതുകണ്ട് ഈ ഹൃദയം വേദ നിക്കുന്നു. സാത്താൻ പാപത്താൽ ആത്മാക്കളെ കറപിടിപ്പിച്ചുകൊണ്ട്, ജീവന്റെ മഹത്വ ത്തിലേക്കും ദൈവവുമായിട്ടുള്ള ഐക്യത്തിലേക്കും എത്തുന്നതിൽ നിന്നും അവയെ തട സ്സപ്പെടുത്തുന്നു. വികാരങ്ങളുടേയും അവിശുദ്ധതയുടേയും വളർച്ച ശരീരങ്ങളെ മൃഗതു ല്യമാക്കിത്തീർക്കുന്നു. അന്ധതയിൽ നിന്നും അന്ധകാരത്തിലേക്ക് പറന്നുയരുന്ന ലോകം ദൈവവുമായി വെല്ലുവിളി നടത്തുകയാണ്. ദുരിതങ്ങളുടെയും യാതനകളുടേയും പരീ ക്ഷണങ്ങൾ ഓരോരുത്തർക്കും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന സമയത്താണ് മനുഷ്യന്റെ ഈ വെല്ലുവിളി. മാനസാന്തരത്തിലേക്കും പാപബോധത്തിലേക്കും നയിക്കുന്ന അടിയ ന്തിര ആഹ്വാനങ്ങളെ തിരസ്കരിച്ചുകൊണ്ട് ദുർജ്ജനം തിന്മയുടേയും പാപത്തിന്റേയും മാർഗ്ഗത്തിൽ ഉറച്ച് നിർക്കുന്നു. തങ്ങൾ ജീവിക്കുന്ന അനാരോഗ്യപരമായ സാഹചര്യങ്ങ ളാൽ മരവിക്കപ്പെട്ടാലെന്നപോലെ നല്ലവർ മന്ദോഷ്ണരായി മാറിക്കൊണ്ടിരിക്കുന്നു. അഭി ഷിക്തർ സുഖാന്വേഷികളായി തീരുകയും അവരുടെ ദൈവവിളിക്കൊപ്പം അവർ പുറംത ള്ളിയ ലോകാരൂപിയാൽ ആകൃഷ്ടരാവുകയും ചെയ്യുന്നു... ന്യായീകരണത്തിന്റെ മാർഗ്ഗ ത്തിലൂടെ തെറ്റായ ജീവിതത്തിന് അടിമകളായി കഴിയുന്ന മക്കൾക്ക് മാനസാന്തരപ്പെടുവാ നുള്ള കാലം അതിക്രമിച്ചിരിക്കുന്നു. മക്കളെ, വിശുദ്ധിയുള്ള പ്രാർത്ഥനാ ജീവിതം, ദൈവ

സ്നേഹത്താൽ എരിയുന്ന ജീവിതം നയിക്കുക ഈ അമ്മയുടെ വിമലഹൃദയത്തിൽ അഭയം തേടുക. ഒരുക്കത്തോടെ ദിവ്യകാരുണ്യം സ്വീകരിക്കുക. ജപമാല പ്രാർത്ഥനയും വിശ്വാസവും ഭക്തിയും തീഷ്ണതയും ഉണ്ടായിരിക്കുക. കാരുണ്യവാനായ യേശുവിന്റെ കരുണ നിങ്ങളിൽ വർഷിക്കപ്പെടുന്നതിന് പ്രാർത്ഥിക്കുകയും കുരിശിന്റെ വഴിയെ സ്വീകരിക്കുകയും ചെയ്യുക. കരുണയ്ക്കായുള്ള നിങ്ങളുടെ നിലവിളി ഈ ഭൂമുഖം നിറയട്ടെ.
യേശുസ്നേഹം അനുഭവിക്കുന്ന എന്റെ കുഞ്ഞുങ്ങളെ ഉപദ്രവിക്കാനും നിരാശപ്പെടുത്തുവാനും അപമാനിതരാക്കാനും സാത്താൻ കിണഞ്ഞുപരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ഭവനത്തിലൂടെ എന്റെ പ്രിയകുഞ്ഞിലൂടെ നൽകപ്പെടുന്ന വെളിപ്പെടുത്തലുകളും സത്യങ്ങളും കരിതേച്ചു കാണിക്കാൻ അവൻ ശ്രമിക്കുന്നു. ഇപ്പോൾ അവൻ നിരാശപൂണ്ട് ഒരു ഉപദ്രവകാരിയായി എല്ലാം വികലമാക്കാൻ ശ്രമിക്കുന്നു. തെളിവുകൾ നശിപ്പിക്കുവാനും വ്യാജമായ കുറ്റാരോപണങ്ങൾ ഉണയിപ്പിക്കുന്നതിനും അവൻ മനുഷ്യരെ മാത്രമല്ല പിന്നയൊ പ്രകൃതിയുടെ നിയമത്തെപ്പോലും അവന്റെ കോപവെറിയിൽ അവൻ ഉപയോഗിക്കും. എന്നാൽ മക്കളെ നിങ്ങൾ ഭയപ്പെടേണ്ട. ഈ ലോകത്തിന്റെ അംഗീകാരം ആഗ്രഹിക്കുകയോ, കാത്തിരിക്കുകയോ വേണ്ട. ഇതാ ഈ അമ്മയുടെ വിമലഹൃദയവിജയത്തിനായി സഹനത്തിന്റെ പാതയെ പുൽകുക. യേശു മഹത്വത്തോടെ വരുമ്പോൾ അവിടുത്തെ അടുക്കലേക്ക് സസന്തോഷം നിങ്ങളെ നയിക്കുക പ്രകാശപൂർണ്ണമായ മാർഗ്ഗമാണ് എന്റെ വിമലഹൃദയം. വേദനാപൂർണ്ണമായ നിങ്ങളുടെ ജീവിതത്തിൽ സമാധാനമായി കഴിയാനുള്ള സുരക്ഷിതമായ അഭയസ്താനമാണ് നിങ്ങൾക്കായി സജ്ജമാക്കപ്പെട്ട ഈ ഹൃദയം. മക്കളെ ഘോരാന്ധകാരത്തിന്റയും സാർവ്വത്രിക അസ്പഷ്ടതയുടേയും നാളുകളിൽ നിങ്ങളുടെ വിമലമാതാവിലേക്ക് ദൃഷ്ടികൾ ഉയർത്തുക. ഇതാ ആ സമയം ഏറ്റം അടുത്തെത്തിയിരിക്കുന്നു. ആകയാൽ ലോകം മുഴുവനിൽ യേശുവാകുന്ന പ്രകാശം പരത്താൻ ഈ അമ്മയോടൊപ്പം മക്കളെ നിങ്ങൾ ഇറങ്ങുക. പ്രാർത്ഥനയിലൂടെ മുന്നേറുക. പാപരഹിതനായ യേശുവിൻ സമാധാനം നിങ്ങൾക്ക് ആശംസിക്കുന്നു.
XXXI. 1999 മാർച്ച് 25
പ്രിയമക്കളേ, യേശുവിന്റെ സമാധാനം നിങ്ങളോടുകൂടെ. ദൈവം മനുഷ്യനായി അവതരിക്കാൻ പിതാവായ ദൈവം തിരഞ്ഞെടുത്ത പാവപ്പെട്ട കന്യകയായ ഞാൻ, എന്നാൽ ഇന്ന് പിതാവിന്റെ കൃപയാൽ ത്രിലോകത്തിന്റെ രാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ട നിങ്ങളുടെ അമ്മയായ ഞാൻ നൽകുന്ന അന്ത്യശാസനകൾ വ്യഥാവിലാക്കരുതേ എന്ന് ഓർമ്മിപ്പിക്കട്ടെ. മക്കളേ, പാപത്തിന്റേയും അശുദ്ധിയുടേയും ദുരഭിമാനത്തിന്റേയും വിദ്വേഷത്തിന്റേയും പോർവിളികൾ മുഴക്കിക്കൊണ്ടിരിക്കുന്ന ഈ ലോകമക്കൾ എന്റെ തിരുകുമാരനെ വീണ്ടും കാൽവരിയിലേക്ക് വലിച്ചിഴച്ചു കൊണ്ടു പോവുകയാണ്. മനുഷ്യാവതാരം വഴി ദൈവം അനുഭവസീമകളെത്തന്നെ മറികടന്ന് ദൃശ്യമേഖലയിലേക്കു വന്നത്, മനുഷ്യനെ സ്നേഹിക്കാനും രക്ഷിക്കാനും വേണ്ടിയാണ്. എന്നാൽ കാരുണ്യ നിറവിന്റെ മുന്നിൽ മനുഷ്യന്റെ ക്രൂരത വർദ്ധിച്ചിരിക്കുന്നു. ഓരോ മക്കളുടേയും ആത്മീയാവസ്ഥ ജീർണ്ണിക്കാൻ ആരംഭിക്കുന്നതിനു മുമ്പേ നിങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി - മന്ദതയുടെ ആത്മാവിനെ

എടുത്തുമാറ്റുന്നതിന്വേണ്ടി അവിടുത്തെ കൃപയുടെ ആത്മാവിനെ എടുത്തുമാറ്റുന്നതിന്വേണ്ടി അവിടുത്തെ കൃപയുടെ ആത്മാവിനെ അവിടുന്ന് വർഷിക്കുന്നു. എന്നാൽ ഈ കൃപസ്വീകരിച്ച് അന്തർനേത്രങ്ങൾ തുറന്ന് അവിടുത്തേക്ക് വേണ്ടി ഹൃദയങ്ങളെ അലങ്കരിക്കുവാൻ സ്നേഹംകൊണ്ട് അവിടുത്തെ ആശ്വസിപ്പിക്കുവാൻ ഇന്നാരുണ്ട്? ആത്മീയതയിൽ വളരുന്നവരെ നിരാശയിൽ ആഴ്ത്തി സ്വയം അഹങ്കരിച്ച് പൈശാചിക പ്രലോഭനങ്ങളിൽ വളരാനാണ് ഇന്ന് ഭൂരിഭാഗം മക്കളും ആഗ്രഹിക്കുന്നത്. വിശുദ്ധിയിൽ അശുദ്ധി കലർത്തി കാപട്യവും വഞ്ചനയും കൈമുതലാക്കി മനുഷ്യരാജാക്കന്മാർ ലോകത്തിൽ നെടുംതൂണുകളായി എല്ലാവർക്കും എല്ലാമായി മാറിക്കൊണ്ടിരിക്കുന്നു. എന്നെയോ, എന്റെ പൊന്നുണ്ണിയേയോ വേദനയുടെ അത്യഗാധത്തിലേക്കു തള്ളിയിടാൻ യാതൊരു മടിയുമില്ല ഇവർക്ക്. എന്നാൽ മക്കളേ, ഈ അവസ്ഥയിലും യേശു നമ്മുടെ അരികിലേക്ക് വരുന്നുണ്ട്. ലോകതടവിൽ നിന്നും മനുഷ്യമക്കളെ സ്വതന്ത്രരാക്കാൻ അവിടുത്തെ അങ്കിയ്ക്കുള്ളിൽ നിങ്ങളെ സംരക്ഷിക്കാൻ സ്നേഹംകൊണ്ട് നിങ്ങളെ പൊതിയാൻ - ഒന്ന് മാത്രം നിങ്ങൾ ചെയ്യൂ - നിങ്ങൾക്കുള്ളത് വൈകാതെ അവിടുത്തേക്ക് സമർപ്പിക്കൂ. മീറയും സ്വർണ്ണവും, കുന്തുരുക്കവും പോലെ അവിടുന്ന് അത് സ്വീകരിക്കും. 'സ്നേഹം' എന്ന സ്വർഗ്ഗീയ നിയമം പാലിക്കൂ. കൂദാശജീവിതവും അനുതാപവും ജപമാല പ്രാർത്ഥനയും സ്വയം പരിത്യജിക്കലും ജീവിതത്തിലെ ഭാഗമാക്കൂ. ഈ അമ്മയുടെ വിമലഹൃദയത്തിൽ എല്ലാം സമർപ്പിക്കൂ. നിങ്ങളെ രക്ഷിക്കാനും പിതാവിന്റെ രക്ഷാകരപദ്ധതി പൂർത്തീകരിക്കുന്നതിനും എനിക്ക് നിങ്ങളുടെ പ്രാർത്ഥനയും വിശുദ്ധിയുള്ള ജീവിതവും ആവശ്യമാണ്. ഭയപ്പെടാതെ പാപത്തെ വെറുത്ത് എന്റെ പൊന്നുണ്ണിയെ ശ്വാസംമുട്ടിക്കുന്ന അവസ്ഥയിൽ നിന്ന് രക്ഷിച്ച് ഈ അമ്മയുടെ കണ്ണുനീർ കുറയ്ക്കാൻ നിങ്ങൾ തയ്യാറാകില്ലേ? മക്കളേ, അസ്തമയത്തിനുമുമ്പ് രാത്രിയുടെ ആഗമനത്തിന് മുമ്പ് ഈ അമ്മയുടെ സ്വരം നിങ്ങൾ ശ്രദ്ധിക്കൂ. രക്ഷയുടെ പാത നിങ്ങൾ പ്രതീക്ഷിക്കുന്നതുപോലെ വിസ്തൃതമല്ല സുഖകരവുമല്ല. വിശുദ്ധീകരണത്തിനായി ലഭിക്കുന്ന സഹനസമ്മാനങ്ങൾ ഏറ്റുവാങ്ങി വരൂ കുരിശിൻ പാതയിലൂടെ ഈ അമ്മയോടൊപ്പം. നാശത്തിന്റെ പാത നിങ്ങൾ ഉപേക്ഷിച്ചില്ലെങ്കിൽ ശത്രുവിന്റെ പീഡനം ഏറ്റുവാങ്ങുമ്പോൾ രക്ഷിക്കാൻ ആർക്ക് സാധിക്കും? വരൂ മക്കളേ, സ്നേഹത്തിന്റെ പാരമ്യം, കരുണക്കടൽ നിങ്ങളെ ദയയോടെ കരുണയോടെ വിളിക്കുന്നു. ആ ദിനം വദൂരമല്ല എന്ന് വിളിച്ചോതുന്നു. അനുതപിക്കൂ, പശ്ചാത്തപിക്കൂ, പ്രാർത്ഥിക്കൂ, രക്ഷനേടൂ. ദൈവത്തിൽ സമാധാനം നിങ്ങളോടു കൂടെ.

XXXII. 1999 ആഗസ്റ്റ് 15

എന്റെ വത്സലമക്കളേ, സ്വർഗ്ഗാരോഹരണത്തിന്റെ തിരുസ്മരണകൾ നിങ്ങളുടെ ഹൃദയത്തിൽ നിക്ഷേപിച്ചുകൊണ്ട് ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു. അന്ധകാരാവൃതമായ ദശാസന്ധ്യയിൽ യേശുവിൻപ്രകാശം വഹിച്ചുകൊണ്ട് നിങ്ങളുടെ അമ്മയായ ഞാൻ വന്നിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട മഹത്വമുള്ള എന്റെ ശരീരത്തിന്റെ തേജസ്സ് മാത്രം നിങ്ങൾ വീക്ഷിക്കരുത്. ഇക്കാലഘട്ടത്തിലെ വിണ്ടുണങ്ങിയ പ്രതലങ്ങളിൽ ദിവ്യസ്നേഹത്തിന്റെ തുഷാരബിന്ദുക്കൾ പൊഴിക്കുന്നത് നിങ്ങൾ അറിയുവിൻ. നിങ്ങൾക്കായി ഞാൻ

നടന്നു കാണിച്ച വഴി ഏതായിരുന്നുവെന്ന് മനസ്സിലാക്കി പരിശുദ്ധത്രിത്വത്തിന്റെ പൂർണ്ണമ ഹിമക്കായി കത്തുന്ന ദീപങ്ങളായി നിങ്ങൾ ജീവിക്കുവിൻ. പുത്രനെ അനുകരിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ചുകൊണ്ടും പിതാവിനെ മഹത്വപ്പെടുത്തുക.

മക്കളെ ഈ തലമുറയുടെ പാപത്തിന് അനുസൃതമായി ദൈവീക നീതി പ്രത്യുത്തരി ക്കേണ്ട സമയാണിത്. മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാനായി വിശുദ്ധീകരിക്കാനായി സർവ്വശക്തൻ എന്താണ് നിങ്ങൾക്കുവേണ്ടി കരുതി മാറ്റിവെച്ചിരിക്കുന്നത് എന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. മക്കളെ നിങ്ങളുടെ നാശം ആഗ്രഹിക്കുന്നവനേക്കാൾ എത്രയോ ശക്ത നാണ് നിങ്ങളുടെ രക്ഷ ആഗ്രഹിക്കുന്നവനെന്ന് അറിയുക. ലോകത്തിന്റെ മാനസാന്തര ത്തിനായും ദൈവത്തിന്റെ കരുണയ്ക്കായും നിങ്ങൾ പ്രാർത്ഥിക്കുക.

യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം, അതിശൈത്യം, കീടബാധ, തൊഴിൽ സമരങ്ങൾ, ഉൽപ്പന്ന ങ്ങളുടെ തടയൽ ഇവ ക്ഷാമത്തിന്റെ മുന്നോടിയും ദൈവീക പ്രവർത്തനങ്ങളുടെ ഭാഗവു മായും നിങ്ങൾ കാണണം. നിങ്ങൾ സമ്പന്നരാണെന്ന് സ്വയം പറയരുത്. ക്ഷാമം എന്ന പദം നിങ്ങളുടെ മേൽ എഴുതപ്പെട്ടിരിക്കുന്നു. ക്ഷാമം പലതരത്തിലാകാം. മക്കളെ, പരിശു ദ്ധാത്മക്ഷാമം നിങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ. പാപത്തെ വെറുത്തുപേക്ഷിക്കുവിൻ. കൃപ യിലാണെന്ന് പറയുകയും കൃപാധിഷ്ഠിതമല്ലാത്ത ജീവിതം നയിക്കുകയും ചെയ്യുന്നവരെ ഓർത്ത് ഞാൻ വിലപിക്കുന്നു. ക്ഷമയുടെ ചൈതന്യത്തെ അവഗണിച്ചുകൊണ്ട് ആത്മീയ കാര്യങ്ങൾ ആത്മീയമല്ലാത്ത അവസ്ഥയിൽ പ്രസംഗിക്കപ്പെടുകയും, സ്വന്തം ജീവിതത്തി ലൂടെ ആത്മവഞ്ചകരാകുകയും ചെയ്യുന്നവരെ ഓർത്ത് ഞാൻ വേദനിക്കുന്നു. എല്ലാറ്റിനു മുപരി ദൈവത്തിന്റെ കരുണ്യം അവഗണിച്ചുകൊണ്ട് പായുന്ന ലോകത്തിന്റെ മേൽ ദൈവനീതി എപ്രകാരമാണ് നടപ്പാക്കുക എന്ന് ഓർത്ത് ഇന്നും ഞാൻ കരയുന്നു.

മക്കളെ, പൈശാചികമായ ഒരു തകർച്ച ആത്മാക്കളെ വഞ്ചിട്ടുകൊണ്ട് ലോകത്തിലേക്ക് കട ന്നുവന്നിരിക്കുന്നു. മക്കളെ, ഉയർന്ന സ്വരത്തിൽ കണ്ണുനീരോടെ നിങ്ങളോട് ഞാൻ ആഹ്വാനം ചെയ്യുന്നു. സാത്താനെ ചെറുത്തുതോൽപ്പിക്കുക. ജപമാലപ്രാർത്ഥന, കൗദാ ശിക ജീവിതം, സഹനജീവിതം, ഇവ സ്വീകരിക്കാൻ ഈ അമ്മയുടെ കണ്ണുനീരിനോട് അലി ഞ്ഞുചേർന്ന് നിങ്ങൾ തയ്യാറാവുക. ലോകത്തിന്റെ പ്രൗഢികൊണ്ട് അലങ്കരിക്കപ്പെട്ട് പാപത്തിന്റെ അടുക്കുകളാൽ വശീകരിക്കപ്പെട്ട് ദൈവീക പദ്ധതികൾക്ക് വഴങ്ങാൻ നിവൃ ത്തിയില്ലാതെ അസ്ഥികൂടം പോലെ അഹങ്കാരം കൊണ്ട് ബലം പിടിച്ച നിങ്ങളുടെ ഹൃദയ ങ്ങളെ തച്ചുടയ്ക്കുവിൻ. ഈ അമ്മ നിങ്ങളെ സഹായിക്കാം. സഭയെ പ്രകാശിപ്പിക്കാനും വിശുദ്ധീകരിക്കാനും നിങ്ങൾ കടപ്പെട്ടവരാണ്. ഇന്ന് രക്തസാക്ഷികളാകുന്ന മക്കളുടെ ചുടിനിണത്തോട് ചേർന്ന് നിങ്ങളുടെ ജീവിതം സമർപ്പിക്കുവിൻ. ഏറ്റവും വലിയ ദുരന്തം ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് മനുഷ്യഹൃദയങ്ങളിലാണ്. ഇത് ലോകാവസാനമാണെന്ന് ചിന്തിച്ചുകൊണ്ടിരിക്കരുത്. നിങ്ങളുടെ ഓരോരുത്തരുടേയും പാപങ്ങൾക്ക് ആനുപാതിക മായിട്ടായിരിക്കും അവരവർ അനുഭവിക്കുന്ന ദുരന്തങ്ങളും. സൽപ്രവർത്തികളിൽ വ്യാപൃ തരാകാൻ നിങ്ങൾ ആഗ്രഹിക്കുന്നതിനാൽ ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങളിലൂടെ യേശു മഹത്വപ്പെടുന്നത് കാണുമ്പോൾ ഈ അമ്മ സന്തോഷിക്കുന്നു. മക്കളെ, ആത്മാ

ക്കളെ വിവേചിച്ചറിഞ്ഞ് അന്ധകാരശക്തികളെ കീഴടക്കുന്നതിന് ശക്തരാവുക. ഇതിന് മുമ്പ് ഞാൻ നിങ്ങളെ അറിയിച്ച സ്വർഗ്ഗീയസന്ദേശങ്ങൾ അനുസരിക്കുക. തിരുവചനാധിഷ്ഠിതമായി ജീവിക്കുക. ഈ ഭവനത്തിൽ എന്റെ സ്വർഗ്ഗീയ സാന്നിദ്ധ്യത്തിന്റെ അടയാളം ആയിരങ്ങൾക്ക് അനുഭവവേദ്യമായിട്ടുണ്ട്. പലപ്പോഴും തിരിച്ചെടുക്കുന്നു എന്ന് ഓർമ്മിപ്പിച്ച ആ അനുഭവം യേശുവിന്റെ കാരുണ്യത്താൽ വീണ്ടും നൽകികൊണ്ടിരുന്നു. അതിനാൽ തന്നെ എന്റെ പ്രിയമക്കൾ തെറ്റിദ്ധരിക്കപ്പെടുകയും നിന്ദിതരാകുകയും വളരെ സഹിക്കേണ്ടിവരികയും ചെയ്തു. ഈ അനുഭവങ്ങൾ സന്തോഷത്തോടെ എന്റെ മക്കൾ സ്വീകരിച്ചതിൽ ഞാൻ സന്തുഷ്ടയാണ്. എന്നാൽ വീണ്ടും ഞാൻ പറയുന്നു അപൂർവ്വമായി ലഭിക്കുന്ന ഈ അടയാളം അല്പകാലത്തേക്കു മാത്രം. യേശുവിൻ പരിമളമായി വിശുദ്ധിയുടെ പരിമളമായി, ദുർഗന്ധം വമിപ്പിക്കുന്ന അശുദ്ധിയുടെ ബന്ധനത്തിൽ നിന്നും മോചിതരായി ജീവിക്കുന്നത് കാണാൻ ഈ അമ്മ അഭിലഷിക്കുന്നു.

മക്കളെ, നിങ്ങളുടെ മാതൃരാജ്യത്തെ എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ച് ദിനവും പ്രാർത്ഥിക്കുക. നിങ്ങൾ ഓരോരുത്തരും എന്റെ വിമലഹൃദയത്തിനുപ്രതിഷ്ഠിതരായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളെ യേശുവിനരികിലേക്ക് നടന്നടുക്കാൻ സഹായിക്കാം. എന്റെ തിരുക്കുമാരൻ നിങ്ങളുടെ പക്കലേക്ക് വരാൻ പിതാവ് എന്നെ എപ്രകാരം ഒരുക്കിയോ? എന്റെ കന്യകോദരം ഉപാധിയാക്കിയോ അപ്രകാരം തന്നെ അവന്റെ രണ്ടാം ആഗമനത്തിനായി ഈ അമ്മയുടെ വിമലഹൃദയം ഉപകരണമാക്കുന്നു.

ഇത് വിമലഹൃദത്തിന്റെ സമയമാണ്. മക്കളെ, നിങ്ങൾ ഒരുങ്ങുക. ദൈവം കാരുണ്യവാനാണ്. എന്നാൽ നീതിമാനുമാണ്. തന്റെ കാരുണ്യം അവഗണിക്കുന്നവരെ നീതിയാൽ അവിടുന്ന് ശിക്ഷിക്കും. ശിക്ഷയെക്കുറിച്ച് അവിടുന്ന് എന്നിലൂടെ സംസാരിക്കുമ്പോഴും ശിക്ഷ ഒഴിവാക്കി രക്ഷിക്കാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. പശ്ചാത്തപിക്കുക, പ്രാർത്ഥിക്കുക, പരിഹാരം ചെയ്യുക. വചനകവാടം നിങ്ങൾക്കായി തുറന്നിരിക്കുന്നു. വിനയത്തോടെ നമുക്ക് ഒരുമിച്ച് ദാഹാർത്തരായി ആ കവാടത്തിലേക്ക് ചെന്ന് ആ നീരുറവയിൽ നിന്നും പാനം ചെയ്ത് വിശുദ്ധീകൃതരാകാം. ആയിരുന്നവരും ആകുന്നവനും വരാനിരിക്കുന്നവനും പ്രപഞ്ചത്തിന്റെ ഭരണകർത്താവുമായ യേശുവോടൊത്ത് പിതാവിന്റെ പുത്രന്റെയും പിരശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

XXXIII. 1999 സെപ്തംബർ 8

മക്കളെ, നിങ്ങളുടെ അമ്മയായ എന്റെ ജന്മദിന സ്മരണകളിൽ മുഴുകിയിരിക്കുന്ന നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു. പൂഴിയിലിരുന്ന് കളിക്കുന്ന ഒരു കുഞ്ഞിന്റെ വസ്ത്രങ്ങളിലും ശരീരത്തിലും അഴുക്കുപുരണ്ടാലും അവന്റെയമ്മ അവനെ സ്നേഹത്തോടെ എടുത്തുമ്മ വെയ്ക്കുന്നതും ക്ഷമയോടെ കുളിപ്പിച്ച വൃത്തിയാകുന്നതും നിങ്ങൾക്കറിയാമല്ലോ? അതുപോലെ തന്നെ മക്കളെ നിങ്ങളുടെ സ്വർഗ്ഗീയ മാതാവായ ഞാൻ നിങ്ങളുടെ ആത്മാവിനെ കുളിപ്പിച്ച് വൃത്തിയാക്കുവാൻ യാതൊരു മടിയുമില്ലാതെ നിങ്ങളുടെ അരികിലേക്ക് ഓടിയണയുന്നു. ഈ അമ്മയുടെ കരങ്ങൾക്കുള്ളിൽ മക്കളുടെ സ്വതന്ത്ര്യത്തോടെ ആയിരിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഈ അമ്മ നിങ്ങളുടെ യേശുവിന്റെ

ഹൃദയത്തോടു ചേർത്ത് വെയ്ക്കാൻ തയ്യാറാണ്. അതിനായി മക്കളെ പ്രാർത്ഥിക്കുക. **ദാനമായി ലഭിച്ചിരിക്കുന്ന ഓരോ കഴിവുകളും കൃപകളായി ഉയർത്തപ്പെടുന്നതിനും സ്വീകരിക്കുന്നതിനും തയ്യാറാകുക.** കാരണം, കൃപാവരം കൊണ്ടല്ലാതെ ക്രൂരതയുടെ മുഖത്തടിക്കാൻ സാധ്യമല്ല മക്കളെ, പ്രാർത്ഥിക്കുക. ഒരുങ്ങുക. യേശുവിൻ സമാധാനം നിങ്ങളോടുകൂടെ.

XXXIV. 1999 നവംബർ 2

എന്റെ വത്സല മക്കളെ, സുരക്ഷാകേന്ദ്രമായ ഈ അമ്മയുടെ വിമലഹൃദയത്തിലേക്ക് ആത്മപ്രതിഷ്ഠ നടത്തുക എന്ന ആഹ്വാനവുമായി ഈ നല്ല സുദിനത്തിൽ നിങ്ങളുടെ അരികിലേക്ക് ഞാൻ വന്നിരിക്കുകയാണ്. മക്കളേ, വൈകരുത് - വിശുദ്ധീകരിക്കപ്പെടേണ്ട നാളുകളുടെ ദൈർഘ്യം വലിച്ച് നീട്ടാൻ നിങ്ങൾക്ക് ആവില്ല. ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട വിഗ്രഹങ്ങളെ പിൻതുരകുകയും, ആരാധിക്കുകയും ചെയ്യുന്ന നിങ്ങളെ സുഖസന്തോഷങ്ങളുടെ അടിമകളാക്കി, ഇപ്പോൾ നിസംഗതയുടെ മൂടുപടം ലോകത്തിനുമേൽ വിടർത്തി, എന്റെ ശത്രുവായ ചുവന്ന സർപ്പം അവന്റെ അടിമത്തചങ്ങലകൊണ്ട് നിങ്ങളെ എല്ലാം വരിഞ്ഞുകെട്ടിയിരിക്കുന്നു. ദൈവത്തെകൂടാതെ ജീവിക്കാമെന്ന മിഥ്യാധാരണ പാവം എന്റെ മക്കളിൽ നിറച്ചിരിക്കുന്ന അവൻ വിജയഗീതം ആലപിക്കുകയാണ്. എന്റെ പ്രിയമക്കളേ, നിങ്ങൾ ഓർക്കുക താമസം വിനാ അവൻ ബന്ധിതനാകും. ഈ അമ്മയോടൊപ്പം ജപമാലയെന്ന ശക്തമായ ചങ്ങല ഉപയോഗിച്ച് നിങ്ങളും മുന്നേറുക. എന്റെ പ്രാർത്ഥനയാണ് ജപമാല. ഈ പ്രാർത്ഥന നിങ്ങളിൽ നിന്നും യാചിക്കുവാനാണ് ഞാൻ സ്വർഗ്ഗത്തിൽ നിന്നും വന്നിരിക്കുന്നത്. മക്കളെ എന്റെ സുനിശ്ചിതമായ വിജയത്തിന്റെ അടയാളമാണ് ഈ ജപമാല പ്രാർത്ഥന. സാത്താനെ അവന്റെ എല്ലാ നാരകീയശക്തികളോടുകൂടെ മരണവും അന്ധകാരവും അശുദ്ധിയും നിറഞ്ഞ് നിൽക്കുന്ന അവന്റെ രാജ്യത്തിൽ ബന്ധിച്ചുകൊണ്ട് എന്റെ വിജയം പൂർണ്ണമാക്കാൻ ദൈവം ആഗ്രഹിക്കുന്നു. ആയതിനാൽ എന്റെ വത്സലസുതരെ മൂന്നാം സഹസ്രാബ്ദത്തിന്റെ പടിവാതിക്കൽ എത്തിച്ചേർന്നിരിക്കുന്ന നിങ്ങൾ എല്ലാവരും ഈ സുദിനത്തിന്റെ പ്രത്യേകതകളോട് ചേർന്ന് പ്രിജ്ഞയെടുക്കുക. സാത്താനെ ബന്ധനസ്ഥനാക്കാൻ, കപടതയുടെ ലോകത്തിൽ നിന്നും വിമോചനം ലഭിക്കാൻ, ദൈവീക സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ നിങ്ങളുടെ സ്വർഗ്ഗീയ അമ്മയോടൊപ്പം പ്രവർത്തനനിരതരായിരിക്കുമെന്ന്. മക്കളെ ജപമാലയെന്ന ചങ്ങലയിൽ ബന്ധിതനായി കഴിഞ്ഞാൽ അവന്റെ എല്ലാ പ്രവർത്തനങ്ങളും നിർവീര്യമാക്കപ്പെടും ഒരിക്കലും അവന് സ്വാതന്ത്ര്യം നേടാൻ കഴിയില്ല. അതിനാൽ മക്കളെ പാപങ്ങളെ ഉപേക്ഷിച്ച് ശിശുസഹജമായ മനസ്സോടെ പ്രാർത്ഥനയിൽ തീഷ്ണതയുള്ളവരായി, കുമ്പസാരത്തിലൂടെ ദിവ്യകാരുണ്യത്തിലൂടെയെല്ലാം പരിശുദ്ധശക്തി സ്വീകരിച്ച് പിതാവിന്റെ പദ്ധതികൾക്ക് കീഴ്പ്പെടുവിൻ.

മക്കളെ, ഇന്നത്തെ ലോകത്തിന്റെ സ്ഥിതി നിങ്ങളെ ബോധ്യപ്പെടുത്താൻ ഈ അമ്മയ്ക്ക് കഴിയുന്നില്ല. നിഷ്കളങ്ക രക്തത്താൽ നിങ്ങളുടെ തെരുവുകൾ കളങ്കപ്പെട്ടിരിക്കുന്നു. എന്റെയും എന്റെ തിരുകുമാരന്റെയും ഹൃദയം ഇത് കണ്ട് തളർന്നുപോകുന്നു. എന്റെ

പൊന്നുണ്ണിയുടെ ശരീരമാകുന്ന സഭയെ പിടിച്ചു വലിക്കുകയും വിഭജിക്കുകയും, അംഗഭംഗപ്പെടുത്തുകയും, തളർത്തികളയുകയും ചെയ്യുന്നത് കാണുമ്പോൾ എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ഐക്യവും, സമാധാനവും പ്രസംഗിക്കപ്പെടുന്നു. എന്നാൽ അത് പ്രാവർത്തികമാക്കുന്നവർക്ക് വേണ്ടി മനുഷ്യൻ തന്നെ വലകൾ വിരിക്കുന്നു. ഈ കാലയളവിൽ തന്നെ ഇത്രയേറെ ദുരവസ്ഥകൾ ഉണ്ടാവുന്നതുകൊണ്ടുകൂടിയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഞാൻ അസാധാരണമായ പ്രത്യേക്ഷങ്ങൾ നൽകുന്നതും പ്രവർത്തിക്കുന്നതും. ആരുടേയും അംഗീകാരത്തിന്റെയും സ്ഥിരീകരണത്തിന്റെയും തീരുമാനങ്ങൾ ഉറപ്പിക്കപ്പെടുന്നത് കാത്തുനിൽക്കാൻ എനിക്ക് സമയമില്ല. മക്കളെ, ഒന്ന് ഓർക്കുക, ദൈവത്തെ വഞ്ചിക്കുവാനോ, വാദമുഖങ്ങൾകൊണ്ട് അവിടുത്തെ ബോധ്യപ്പെടുത്തുവാനോ ആർക്കും കഴിയില്ല. ലോകം ഇന്ന് മനുഷ്യന് ഒരടയാളമായിമാറിയിരിക്കുകയാണ്. തിരിച്ചറിവോടെ പരിശുദ്ധാത്മതിറവോടെ നല്ല ജീവിതം നയിക്കുകയാണ് ഇനി മനുഷ്യർ ചെയ്യേണ്ടത്. മനുഷ്യജീവിതം കൊണ്ട് ലോകത്തിന് അടയാളം നൽകാനാണ് യേശു ആഗ്രഹിക്കുന്നത്. അതിനാൽ മക്കളെ മാനസാന്തരത്തിന്റെ വഴികളെ സ്വീകരിക്കു. സിംഹത്തിന്റെ വായിൽ നിന്നും നിങ്ങളെ രക്ഷിക്കാൻ വന്നിരിക്കുന്ന ഈ അമ്മയെ ശ്രവിക്കുവാനും ആഹ്വാനങ്ങൾ സ്വീകരിക്കാനും നിങ്ങൾ തയ്യാറാകുക.

ദൈവരാജ്യം നിങ്ങളുടെ മദ്ധ്യേയുണ്ട്. അതിനുള്ളിലേക്ക് നിങ്ങൾ ഒന്ന് പ്രവേശിച്ചാൽ മതി. അതിന്റെ വാതിലുകൾ നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു. ശുദ്ധീകരണത്തിന്റെയും മഹാപീഡനത്തിന്റെയും ഈ അന്തിമവേളയിൽ സ്വർഗ്ഗം ഭൂമിയുമായി സംയോജിക്കപ്പെട്ടിരിക്കുന്ന ഈ അവസ്ഥയിൽ ദൈവീകമായി രൂപികരിയ്ക്കപ്പെട്ട സൈനികനിരയിൽ പങ്കുകാരായി മക്കളെ മുന്നേറുക. സകലപുണ്യവാന്മാരുടെയും ഐക്യം പകർന്നു നൽകുന്ന ആനന്ദത്തിൽ പങ്കാളികളാകുവാൻ നിങ്ങളേവരേയും ഈ അമ്മക്ഷണിക്കുന്നു. പരീക്ഷണങ്ങളെ അതിജീവിക്കുവാനുള്ള ശക്തിയും ധൈര്യവും ഈ അമ്മ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടാവായ യേശുവിൽ അഭയം പ്രാപിക്കുക. വളരുക. അവൻ തുറന്നത് ആരും അടച്ചിട്ടില്ല. അവൻ അടച്ചത് ആരും തുറന്നിട്ടുമില്ല. അതുകൊണ്ട് മക്കളെ, നരകസർപ്പത്തിന്റെ തല തകർത്ത് നരകവാതിലുകൾ എന്നേക്കുമായി അടച്ച് നിങ്ങൾക്ക് സ്വർഗ്ഗീയ സ്വാതന്ത്ര്യം നേടി തരാൻ ഈ അമ്മയോടൊപ്പം വിശ്വാസത്തോടെ വചനത്തിൽ ആഴ്ന്നിറങ്ങിയ ജീവിത ഉടമകളായി മുന്നേറുക. പിതാവായ ദൈവത്തിന്റെ പക്കൽ യാചനകളുടേയും പാപപ്രായശ്ചിത്തിന്റെയും ശക്തമായ നിലവിളി ഉയർത്തുക . പുത്രന്റെ ദിവ്യഹൃദയത്തിൽ നിന്ന് കാരുണ്യത്തിന്റെ നീരുറവ ലോകത്തിന്റെ മേൽ പ്രവഹിക്കാൻ പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം വഴി ലോകം മുഴുവനും നവീകരിക്കപ്പെട്ട് ദൈവത്തിന്റെ മഹത്വം പ്രകാശിക്കാൻ ദാഹിക്കുക. ജപമാല റാണിയായ ഈ അമ്മ സ്വർഗ്ഗീയ സമാധാനം നിങ്ങൾക്ക് ആശംസിക്കുന്നു.

XXXV. 1999 ഡിസംബർ 8

എന്റെ പ്രിയമക്കളെ, ഇന്നേദിവസം എന്റെ വിമലമായ ഉടയാട ഭൂമി മുഴുവനിലും

ഞാൻ ഞാൻ വിരിയ്ക്കുന്നു. എന്നാൽ എന്റെ ഉടയാടയുടെ സൗന്ദര്യവും, വിശുദ്ധിയും, സംരക്ഷണവും സ്വീകരിക്കാൻ ഭൂമിയിലെ ഇന്നത്തെ തലമുറയ്ക്ക് സാധിയ്ക്കായ്കയാൽ അഖിലം സൗന്ദര്യമായ നിങ്ങളുടെ അമ്മ അതീവ ദു:ഖിതയാണെന്ന് അറിയുക. ഉത്ഭവ പാപത്തിൽ നിന്ന് പോലും ഒഴിവാക്കപ്പെട്ട ഞാൻ എന്റെ ആത്മാവിനെ പൂർണ്ണമായും ദൈവീക ജീവനിൽ നിലനിർത്താൻ ത്യാഗത്തോടെ പ്രർത്ഥനയോടെ ശ്രമിച്ച് ജീവിച്ചു. എന്റെ മനസ്സിനെ ദൈവവചന പൂർത്തികരണത്തിനായി തുറന്ന് കൊടുത്തപ്പോൾ ദൈവീകജ്ഞാനത്തിന്റെ ആത്മാവ് എന്നിൽ നിറഞ്ഞ് കവിയുകയും എന്റെ ഹൃദയത്തെ പരിപൂർണ്ണമായി വാർത്തെടുക്കുകയും അമല പ്രകാശത്തിന്റെ നിഷ്കളങ്കമായ പരിശുദ്ധിയാൽ എന്റെ ശരീരം ആവരണം ചെയ്യപ്പെടുകയും ചെയ്തു. നിങ്ങൾക്കിതെല്ലാം അറിയാം എങ്കിലും അറിവ്കേടിന്റെ സന്തതികളായി തുടരുന്നു. മക്കളെ ക്രൂശിതനായി മരിച്ച ഈശോ - പുനരുത്ഥാനം ചെയ്ത ഈശോ കൂടുതൽ മഹത്വനീകരിക്കപ്പെടാനുള്ള സമയങ്ങൾ സമാഗതമായിരിക്കുന്നു. എന്റെ തിരുക്കുമാരന്റെ അതുല്യ സ്നേഹഭാജനങ്ങളായ നിങ്ങൾ ഏകരക്ഷകനായി അവനെ എല്ലാവർക്കും കാണിച്ച് കൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. യേശുവിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സാക്ഷികളുടെ കുറവുകളാണ് ഇന്നത്തെ അത്യാഹിതങ്ങളുടെ കാരണം.

മക്കളേ, നിങ്ങളുടെ ഈ ലോകവാസം ശാശ്വതമാണെന്ന് കരുതേണ്ട. ഈ ലോകത്തിന്റെ വിശിഷ്യനിങ്ങളുടെ ദേശത്തിന്റെ ദുരവസ്ഥ എന്തുകൊണ്ടാണെന്ന് ഗ്രഹിക്കേണ്ടിയിരിക്കുന്നു. അശുദ്ധ പാപത്തിന്റെ അടിമത്വം സ്വീകരിച്ച മനുഷ്യജീവിതം കൊണ്ട് നിറഞ്ഞ ലോകം വിസ്സർജ്ജന കുഴിയേക്കാൾ നാറുന്നു. രക്ത ദാഹികളുടെ അഹങ്കാരത്തോടുകൂടിയുള്ള മുന്നേറ്റം മനുഷ്യജീവന്റെ വിലയും മഹത്വവും നഷ്ടപ്പെടുത്തുന്നു. എന്താണ് ഇവർ ചെയ്ത് കൊണ്ടിരിക്കുന്നത് എന്ന് ഇവർ അറിയുന്നില്ല. പുതിയ വേദഞെരുക്കങ്ങളാൽ തിരുസഭ വീഴാറായിരിക്കുന്നു. എന്റെ തിരുക്കുമാരന്റെ ജീവിത സ്മരണയും അവന്റെ തിരുശരീരവും, തിരുരക്തവും വിവാദ വിഷയങ്ങളാകുന്നു. സഭാതനയർ ഭിന്നിക്കുന്നു, ചിതറിക്കപ്പെടുന്നു. ഇതെല്ലാം കണ്ട് സാത്താൻ ആർത്തട്ടഹസിക്കുന്നു. ഈ അവസ്ഥകൾ ആവർത്തിച്ചാവർത്തിച്ച് മനസിലാക്കിതന്നിട്ടും നിങ്ങൾക്ക് എന്ത്യേ ഒന്നും മനസിലാകുന്നില്ല? നിങ്ങൾ സ്നേഹിക്കുന്നു എന്ന് ഏറ്റ് പറയുന്ന എന്റെ തിരുക്കുമാരന് നിങ്ങൾ നൽകി കൊണ്ടിരിക്കുന്ന പാനപാത്രത്തിന്റെ രുചി വിഷം പോലെ കയ്പ്പുള്ളതാണ്. ഞാനും എന്റെ മകനും ഈ ദു:ഖത്തിൽ പങ്ക് ചേർന്ന് കരയുകയാണ്. ഉപമകളിലൂടെയും കടങ്കഥകളിലൂടെയും അല്ല നിങ്ങളോട് സംസാരിക്കുന്നത്. സ്നേഹിക്കാൻ മാത്രം കഴിയുന്ന രണ്ട് ഹൃദയങ്ങളാണ് (വിമല ഹൃദയവും, തിരുഹൃദയവും) നിങ്ങളോട് സംസാരിക്കുന്നത്. ഇനിയെങ്കിലും ശ്രദ്ധിച്ച് കേൾക്കുക - അനുസരിക്കുക - ഏറെ താമസിയാതെ അഗ്നികൊണ്ട് നിങ്ങൾ നവീകരിക്കപ്പെടാൻ പോകുന്നു. ദൈവനീതിയുടെ വെളിച്ചത്തിൽ ആ ആഗ്നിയുടെ പ്രകാശത്തിലും, ചൂടിലും ഭൂമിയിലുള്ള ഓരോ വ്യക്തിയും സ്വയം അവനവന്റെ സ്ഥിതി ഏതവസ്ഥയിലാണെന്ന് ആന്തരീകമായി തിരിച്ചറിയും. തന്റെ മക്കൾ നശിക്കാതിരിക്കുന്നതിനും സ്വർഗ്ഗീയ ആനന്ദം

അനുഭവിക്കുവാനുമായി നിങ്ങളുടെ നന്മയെ പ്രതി അവിടുന്ന് ഇപ്രകാരം പ്രവർത്തിക്കും. അതിനാൽ മക്കളെ ഭയപ്പെടാതെ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ച് കൊണ്ട് സുകൃതങ്ങളാൽ നിറഞ്ഞ് മനസ്താപത്തോടെ മുന്നേറുക. സ്വർഗ്ഗസ്ഥനായ പിതാവ് കരുതിവെച്ചിരിക്കുന്ന അഗ്നിയെക്കുറിച്ച് ബോധപ്പൂർവ്വം ചിന്തിക്കുക. മക്കളെ പല ദർശനങ്ങളിലൂടെയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം സംഭവ്യമായിക്കൊണ്ടിരിക്കുകയാണ്. വീണ്ടും ഞാൻ ഓർമിപ്പിക്കുന്നു, തിരുസഭ വരണ്ടുണങ്ങുന്നു, ചീഞ്ഞമരം പോലെ തകർന്ന് വീഴാറായിരിക്കുന്നു. അൾത്താരകളും, പള്ളികളും കവർച്ച ചെയ്യപ്പെടുന്നു. വൈദീകരേയും, സന്യാസികളേയും അവരുടെ സമർപ്പണ ജീവിതത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിൽ സാത്താൻ വിജയിക്കുന്നു. അശുദ്ധ പാപങ്ങൾ വർദ്ധിച്ചിരിക്കുന്നു. രക്തപുഴകളുടെ വേഗത കൂടുന്നു. ദിവ്യകാരണ്യം അവഹേളിക്കപ്പെടുന്നു. യേശുവിനെ പ്രസംഗിക്കുന്നവരും പ്രഘോഷിക്കുന്നവരും പരിഹാസകരാകുന്നു. കണ്ണീരോടെ ഈ അമ്മ ചോദിക്കുന്നു മക്കളേ.... ഈ തലമുറയ്ക്ക് എന്ത് സംഭവിച്ചു? ഇടയനില്ലാത്ത ആടുകളെപ്പോലെ എന്തുകൊണ്ടാണ് എന്റെ മകൾ വിജനമായതും അർഹിക്കാത്തതുമായ മേച്ചിൽ സ്ഥലങ്ങളിലേക്ക് പായുന്നത്? എന്തിനാണ് നിങ്ങൾ പരിശുദ്ധാത്മാവിനെ ദ്രോഹിക്കുന്നത്? - അരുത് മക്കളെ ഈ അഹങ്കാരാവസ്ഥ ഇനിയും തുടരരുത്. എളിമയിൽ വളരൂ. പാപസങ്കീർത്തനത്തിനണയു. പരിശുദ്ധ കുർബാനയും ജപാമാലയുമാണ് നിങ്ങൾക്കായി അവശേഷിക്കുന്ന രക്ഷയുടേ ആയുധങ്ങൾ. അവയെ സ്വീകരിക്കുക, പ്രാർത്ഥിക്കുക. തീക്ഷ്ണമായി പ്രാർത്ഥിക്കുക. ഏറ്റവും വലിയ പാപി ഏറ്റവും അധികം കരുണയ്ക്ക് യോഗ്യനാണെന്നറിയുക. അളവില്ലാത്തവിധം തന്നെ തന്നെ മനുഷ്യർക്ക് കൊടുക്കുന്നതിൽ എന്റെ ദിവ്യസുതൻ സന്തോഷിക്കുന്നു. നിങ്ങൾക്കായി മാത്രമാണ്, മരിച്ച് പോകാത്ത, നാശമടയാത്ത നിത്യജീവൻ നല്കാൻ അവൻ മനുഷ്യനായി അവതരിച്ചതും, പീഡകൾ സഹിച്ചതും എല്ലാം, എല്ലാം. മറക്കരുത് മക്കളെ മറക്കരുത്. നിങ്ങളുടെ കണ്ണുനീരും, വിലാപങ്ങളും പ്രാർത്ഥനകളും സ്വർഗത്തിലേക്ക് ഉയർത്തുവിൻ, വരൂ മകളെ നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കാം.

പ്രാർത്ഥന

പിതാവെ താളം തെറ്റിയ ഞങ്ങളുടെ ജീവിതത്തിൽ നിന്നും അവിടുത്തെ കരംനീട്ടി ഞങ്ങളെ ഉയർത്താൻ കരുണയുണ്ടാകണമേ. ഞങ്ങളുടെ രക്ഷകനായ ദൈവമേ ഞങ്ങളെ വഴി തെറ്റിക്കുന്നവനും കാർന്ന് തിന്നാൻ കാത്തിരിക്കുന്നവനുമായ ഘോരസർപ്പത്തിൽ നിന്നും തിരുരക്തസംരക്ഷണം നൽകി ഞങ്ങളെ രക്ഷിക്കണെ. അവിടുത്തെ ഉടമ്പടി പേടകത്തിന്റെ മഹത്വം ദർശിക്കാൻ ഞങ്ങൾ ദാഹിക്കുന്നു. യോഗ്യതയേകണെ. ദൈവാരൂപിയിൽ നിറയ്ക്കണെ.

ആമ്മേൻ

XXXVI. 2000 മാർച്ച് 23

മക്കളെ മനുഷ്യനായി അവതരിച്ച ദൈവവചനത്തിന്റെ അമ്മയാണ് ഞാൻ. പിതാവായ ദൈവത്തിന്റെ കർമ്മപദ്ധതിക്ക് അതേ എന്ന് പ്രതുത്തരിച്ച് സമർപ്പണം നടത്തിയപ്പോൾ ആ പിതാവ് എത്രമാത്രം സന്തോഷിച്ചു എന്ന് നിങ്ങൾ അറിയുന്നില്ലേ? സമ്പൂർണ്ണ കന്യാവ്രതത്തിലും ലോകാരൂപിയിൽ നിന്നുള്ള അജ്ഞാതവസ്ഥയിലും ജീവിച്ച് സുദീർഘവും നിശബ്ദവുമായ ഒരു തയ്യാറെടുപ്പിന്റെ കാലങ്ങളായിരുന്നു എന്റെ ബാല്യകാലം. പിതാവിന്റെ തിരുഹിതപൂർത്തീകരണ സമയമായപ്പോൾ അവിടുന്ന് എളിയവളായ നിങ്ങളുടെ ഈ അമ്മയെ തിരഞ്ഞെടുക്കുവാനും കാരണം ഇതാണ്. അതേ മക്കളേ മനുഷ്യ പ്രകൃതി സ്വീകരിക്കുന്നതിന് ജീവന്റെ വചനം പിതാവിന്റെ തിരുഹൃദയത്തിൽ നിന്നും എന്റെ ഉദരത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഈ സത്യങ്ങളെല്ലാം നിങ്ങൾക്ക് അറിയാമെങ്കിലും അറിവില്ലാത്തവരെപോലെ ജീവിക്കുന്നതിനാൽ ഈ അമ്മ എല്ലാം ആവർത്തിക്കുകയാണ്. മക്കളെ, ലോകത്തിൽ നിങ്ങൾ പരിത്യക്തരാകുമ്പോൾ; അവഹേളിക്കപ്പെടുമ്പോൾ പീഡിപ്പിക്കപ്പെടുമ്പോൾ ദൈവതിരുമുമ്പിൽ ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ ഈ അമ്മയെ ഒന്ന് ഓർക്കുക. ലോകം പാപിയെന്ന് വിധിച്ച് കാൽവരിയിൽ നാട്ടിയ ഒരു കുരിശിൽ ക്രൂശിക്കപ്പെട്ടവനെ ഓർക്കുക. മക്കളെ, എന്റെ തിരുകുമാരൻ ഇന്ന് എന്നോടുപറയുന്നു അമ്മേ – ഹൃദയങ്ങളെ സത്യത്തിനും നിത്യരക്ഷയ്ക്കും വേണ്ടി രൂപപ്പെടുത്താനാണല്ലോ ഞാൻ അയക്കപ്പെട്ടത്. എന്റെ അയച്ചവന്റെ ആഗ്രഹം പോലെ അനേകം ഹൃദയങ്ങൾക്ക് ഞാൻ രൂപം നൽകി. അനേകർ എന്നെ ഉപദ്രവിച്ചു, വേദനിപ്പിച്ചു. ഈ ഹൃദയങ്ങളെ കൂടി നേടേണ്ടതിന് ഞാൻ പരിഹാസനായി വേദനകൾ സഹിച്ചു. എന്റെ രക്തം കൊണ്ട് ഞാൻ അവരെ മിനുസപ്പെടുത്തി എന്റെ ജീവൻ അവർക്ക് നൽകി. അവരെ ഞാൻ അമ്മയ്ക്ക് നൽകി. പിതാവിന്റെ തിരുഹിതം നിറവേറ്റി. എന്നാൽ എന്റെ അമ്മേ, അമ്മയുടെ കണ്ണുനീർ വറ്റുന്നില്ലല്ലോ? ഓടയിൽ നിന്ന് മക്കളെ കോരിയെടുത്ത് അമ്മ വിമലഹൃദയത്തോട് ചേർത്തുപിടിക്കുന്നു. പാപശരങ്ങളേറ്റ് അമ്മയുടെ ഹൃദയം വീണ്ടുകീറിയിരിക്കുന്നു. രക്തകണ്ണുനീർ ഒഴുകി മുഖം വികൃതമായിരിക്കുന്നു. ഈ സ്ഥിതിയിൽ അമ്മയെ കാണാൻ സാധിക്കാതെയായിരിക്കുന്നു. എന്റെ പിതാവിന്റെ കരുണയും ദയയും ഈ ലോകമക്കൾ അളക്കുകയാണോ അമ്മേ?

എന്റെ പ്രിയമക്കളെ, ഈ ചോദ്യത്തോട് പ്രത്യുത്തരിക്കാൻ എനിക്ക് നിങ്ങളുടെ സഹായം ലഭിച്ചേ മതിയാകു. ഈ അമ്മയെ നിങ്ങൾ സഹായിക്കണം. നിങ്ങളുടെ ജീവിതം രൂപപ്പെടുത്തിയെടുക്കാൻ ഈ അമ്മയെ അനുവദിക്കു. നിരന്തരമായ പ്രാർത്ഥന, പ്രായശ്ചിത്ത പ്രവർത്തികളിൽ തീഷ്ണത, പകത്വയോടും വിശുദ്ധിയോടും കൂടിയുള്ള കൂദാശ ജീവിതം, വചനത്താൽ നയിക്കപ്പെടുന്ന ജീവിതം ഇവ നിങ്ങൾ സ്വീകരിക്കു. അഹങ്കാരം വെടിയു. എളിമയിൽ വളരു. ദുരിതത്തിൽ നിന്നും നിങ്ങൾക്ക് മോചനം ലഭിക്കും. ഞാൻ ഗൗരവവുമായി പറയുന്നു. ഈ തലമുറ അടയാളങ്ങൾ ഗ്രഹിക്കുന്നതിൽ മന്ദഗതിക്കാരും, വിശ്വാസത്തിൽ ഉറപ്പില്ലാത്തവരുമാണ് വിശ്വാസരാഹിത്യം പിടികൂടി അത് നിങ്ങളുടെ നാശത്തിന്

കാരണമാകുന്നു. മക്കളെ, നിങ്ങൾ ഇനിമേൽ അടയാളങ്ങൾ അന്വേഷിക്കേണ്ട. മാനുഷികമായ ഉറപ്പും, പ്രോത്സാഹനവും ആരിൽ നിന്നും നിങ്ങൾ പ്രതീക്ഷിക്കരുത്. ലോകസമ്പത്തിൽ ഉടക്കികിടക്കുന്ന ഹൃദയത്തിന്റെ ഉടമക്കളെ ഇത് തിരിച്ചറിവിന്റെ കാലഘട്ടമാണെന്നറിയുക. പരസഹായത്തിലൂടെ സ്വർഗ്ഗത്തിലേക്കുള്ള വഴി തെളിക്കൂ. അഹങ്കാരം കൊണ്ട് മനസ്സിനെ ഇരുട്ടറയിലേക്കും, താഴ്ത്തപ്പെടാൻ തയ്യാറാകാതെ ഹൃയത്തെ കാഠിന്യത്തിന്റെ അഗാധതയിലേക്കും താഴ്ത്തുന്ന മക്കളെ സാത്താന്റെ കരങ്ങൾക്കു നിങ്ങൾ ശക്തിപകരുകയാണ് ചെയ്യുന്നത്. ന്യായ വിധിക്ക് അണയേണ്ടവരാണ് നിങ്ങളും എന്ന് മനസ്സിലാക്കുക. അവിടെ സത്യം വിജയിക്കുക തന്നെ ചെയ്യും.

മക്കളെ തിരുസഭയ്ക്കും മാർപ്പാപ്പയ്ക്കും, സകലവൈദീകർക്കും, സന്യസ്തർക്കും വേണ്ടി പ്രാർത്ഥിക്കുക. ദൈവാരാധനയ്ക്കായി മാറ്റി വെച്ചതിൽ പലതും ലോകാരാധനയ്ക്കായി മാറ്റപ്പെടുന്നത് കാണുമ്പോൾ ഈ അമ്മയ്ക്ക് സഹിക്കാൻ കഴിയുന്നില്ല. മക്കളെ, ഇന്നേ ദിവസം തിരുസഭ അനുസ്മരിപ്പിക്കുന്ന അനിർവചനീയമായ രഹസ്യത്തെപ്പറ്റി ധ്യാനിക്കുന്നതോടൊപ്പം ഈ അമ്മ ആവശ്യപ്പെടുന്നതും കൂടെ ചെയ്യാൻ തയ്യാറാക്കുക. ലോകം മുഴുവനെയും നിങ്ങളെ ഓരോരുത്തരേയും ഈ അമ്മയുടെ വിമലഹൃദയത്തിലേക്ക് പ്രതിഷ്ഠിക്കുക. ഏറ്റവും പരമപരിശുദ്ധത്രിത്വത്തിലെ രണ്ടാമാളയ ജീവിന്റെ വചനം എന്റെ കന്യകോദാരത്തിൽ മനുഷ്യാവതാരമെടുത്തപ്പോൾ മനുഷ്യ സ്വാഭാവത്തിൽ എനിക്ക് ഭരമേൽപ്പിക്കപ്പെടുകയായിരുന്നു. ആ പദ്ധതിയിലൂടെ ഈ പുത്രൻ തന്റെ അമ്മയിൽ നിന്നും സർവ്വതും പ്രതീക്ഷിക്കുന്നു. ഓരോ മനുഷ്യമക്കളേയും എന്നെ ഏല്പിച്ചുകൊണ്ട് തിരികുമാരൻ പറയുന്നത്: അമ്മേ, എന്റെ ഈ കുഞ്ഞിന് രക്തം, മാംസം, ശ്വാസം, ആഹാരം, സ്നേഹം ഇവയെല്ലാം അമ്മ നൽകണമെന്ന്. ഞാനതിന് സദാ തയ്യാറാണ് മക്കളെ. അതിനാൽ ദൈവത്തിന്റെ പദ്ധതിയിൽ നിങ്ങളെ വളർത്തുന്നതിനും, നിങ്ങളെ ഏത് മഹത്തായ ദാനത്തിനായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നുവൊ ആ ആഗ്രസഹസാക്ഷാൽക്കാരത്തിനായി നിങ്ങളെ ഒരുക്കുന്നതിനും ഈ അമ്മയെ അനുവദിക്കുക. ഈ അമ്മയുടെ വിമലഹൃദയത്തിന് ആത്മപ്രതിഷ്ഠ നടത്താൻ മടിക്കരുത് മക്കളെ.യേശുവിന്റെസ്നേഹത്തിന്റെപൂർണ്ണതഈ ഹൃദയത്തിലുള്ളതിനാൽ,യേശുവിലേക്കുള്ള നിങ്ങളുടെ പ്രയാണം എളുപ്പമായി തീരും ഈ പ്രതീക്ഷയിലൂടെ. തിരുവചനങ്ങളുടെ പൂർത്തീകരണ കാലഘട്ടമാണിതെന്ന് നിങ്ങൾ അറിയുക. പാപത്തിനും തിന്മയ്ക്കും എതിരായി പോരാടുക. ജപമാല പ്രാർത്ഥനയിൽ തീക്ഷ്ണതയുള്ളവരാകുക. തപസ്സ് കാലജീവിതം ഫലപ്രദമാക്കുക. യേശുവിന്റെ കാരുണ്യനിർഭരമായ സ്നേഹത്തിന്റെ വിജയം നിങ്ങളെ രക്ഷിക്കും. ഈ അമ്മ നിങ്ങളോടൊപ്പം അതിനായി പ്രാർത്ഥിക്കുന്നു.

XXXVII.2000 മാർച്ച് 25ന് ഭ്രൂണഹത്യ എന്ന പാപത്തെ സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ ലഭിച്ച പ്രാർത്ഥന

ഓ എന്റെ ഉണ്ണീശോ, ഭാഗ്യപൂർണ്ണയായ മാതാവ് ഉണ്ണീശോയെ തന്റെ ഉദരത്തിൽ സ്വീകരിച്ച ദിവസങ്ങളിൽ തന്നെ വന്ധ്യയും പ്രായമുള്ളവളുമായ ഇളയമ്മയ്ക്ക് ഇത് ആറാം മാസമാണെന്നറിഞ്ഞ് ഓടിയത് ഇളയമ്മയുടെ പക്കലേയ്ക്കാണല്ലോ. മാതാവിന്റെ ഉദരത്തിൽ, ഏതാനും ദിവസം മാത്രം പ്രായമായ ഉണ്ണീശോയുടെ സാന്നിദ്ധ്യത്തിൽ ഏലിശ്വയുടെ ഉദരത്തിലെ ആറുമാസം മാത്രം പ്രായമായ സ്നോപകയാഹന്നാൻ കുതിച്ചു ചാടിയല്ലോ! ഉരുവായിട്ട് ഏതാനും ദിവസം മാത്രം പ്രായമായ മാതാവിന്റെ ഉദരത്തിലുള്ള ഭ്രൂണം കർത്താവാണെന്നും, മറിയം ആ കർത്താവിന്റെ അമ്മയാണെന്നും ഏലീശ്വാ ദൈവിനിവേശനത്താൽ വിളിച്ചുപറഞ്ഞത് ഈ ലോകം അറിയട്ടെ.

കുഞ്ഞ് ഉരുവായ നിമിഷം മുതൽ താൻ സത്യത്തിൽ അമ്മയാണെന്നറിയാതെ പൊന്നുണ്ണീശോയെ! സ്വർത്ഥമോഹങ്ങളാൽ അനേകം അമ്മമാർ ഓടുന്നത് ഹേറദേസിന്റെ പക്കലേക്കാണോ? ഉരുവാകുന്നതിന് മുമ്പേ ഓരോരുത്തരുടേയും രൂപം സ്വന്തം കൈകളിൽ വരച്ചുനോക്കിയിരിക്കുന്ന പിതാവായ ദൈവത്തിന്റെ ആത്മാവിന്റെ നൊമ്പരമറിയാൻ അമ്മയുടെ ഹൃദയത്തെ ജ്വലിപ്പിക്കുമോ? അമ്മെയുടെ ഉദരത്തിൽ ആ അമ്മയുടെ കുഞ്ഞിന്റെ മരണമണി വൈദ്യൻ മുഴക്കുമ്പോൾ, യേശുവിന്റെ സ്നേഹത്താൽ കുതിച്ചുചാടേണ്ട കുഞ്ഞിന്റെ ഹൃദയമിടിപ്പ്, ഈശോയെ, ആര് കേൾക്കാൻ ? ഉദരത്തിലും രക്തധമനികളിലും നിറയുന്ന കടുംവേദനയാൽ പുളയുന്ന അമ്മ സഹിക്കാൻ വയ്യാതെ കണ്ണിറുക്കുമ്പോൾ ആ കുഞ്ഞിന്റെ നെട്ടോട്ടം കണ്ട് കരയുന്ന ഈശോ! അത് കാണാൻ ആ അമ്മയുടെ കണ്ണ് തുറക്കണേ. രക്തപങ്കിലയായ അമ്മയെ രക്ഷിക്കാൻ കുരിശിൽ കിടന്ന് പിടഞ്ഞ് നീയൊഴുക്കിയ തിരുരക്തമൊഴുകുന്ന കാരുണ്യം ആ അമ്മ എന്നെങ്കിലും അറിഞ്ഞിരുന്നെങ്കിൽ ! മുറിഞ്ഞ് മരവിച്ച് കിടക്കുമ്പോഴും ഹൃദയമിടിച്ചു കരയുന്ന ആ കുഞ്ഞിനെ തോളിലേറ്റാൻ, മുറിവേറ്റ കുഞ്ഞാടിനെ തേടി വരുന്ന ഈശോ: ആ കുഞ്ഞിനെ അങ്ങ് തോളിലേറ്റുന്ന ദർശനം കാണാൻ ആവശ്യമായ പശ്ചാത്താപം, ഈ പാപത്തിന് കൂട്ടുനിന്ന എല്ലാ അമ്മമാർക്കും കൊടുക്കണേ. ഇതിന് മൂകമായി സാക്ഷ്യം വഹിക്കുന്ന ശുശ്രൂഷാലയങ്ങളെ സ്നേഹവും ജീവനും പകരുന്ന ആലയങ്ങളാക്കി മാറ്റണേ.

ഉണ്ടാകട്ടെ എന്ന വചനശക്തിയാൽ ജീവൻ ഉണ്ടായ അനർഘ നിമിഷങ്ങളെ കുറിച്ച് ബോധവന്മാരാകാതെ അറവുശാലയിലെ കശാപ്പുകാരായി മാറുന്ന വൈദ്യന്മാർക്ക് വചനശക്തിയിലൂടെ പാപബോധം കൊടുക്കണമേ. ജഡീകസുഖത്തിനുമാത്രം പ്രാധാന്യം കൊടുക്കുന്ന പിതാക്കന്മാർ സ്ത്രീത്വത്തിന്റെ വില മനസ്സിലാക്കാതെ ഈപാപത്തിന് കൂട്ട് നിൽക്കുന്ന ഈ കാലഘട്ടത്തിൽ ഈശോയെ അങ്ങയുടെ വളർത്തു പിതാവിന്റെ മാതൃക ഇവരിൽ നിറയ്ക്കേണമേ. കരയാനോ, എതിർക്കാനോ കഴിയാതെ ഇവരുടെ ക്രൂരതകൾക്കിരയായി, ഈ ലോകത്തു ജീവിക്കുവാൻ, അർഹത നഷ്ടപ്പെട്ടുപ്പോയ മക്കളുടെ ആത്മാക്കൾ ഇവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന ബോധ്യത്തിലൂടെ ഗർഭഛിദ്രം ചെയ്തവർ സൗഖ്യം പ്രാപിക്കുമെന്നും ലോകം അറിയട്ടെ.

അമ്മേ, മാതാവേ, അമ്മയുടെ വിമലഹൃദയത്തിലേക്ക് ഇവരെ സമർപ്പിക്കുമ്പോൾ മുറിവേൽക്കുന്ന കുഞ്ഞുങ്ങളെ ആത്മീയോദരത്തിൽ വഹിക്കുന്ന ആത്മീയ ശുശ്രൂഷകരാകുവാൻ ഇവരെ ഒരുക്കണമെന്ന് കേണപേക്ഷിക്കുന്നു. അതുവഴി ലോകം മുഴുവനും ഈ പാപശാപത്തിൽ നിന്നും മോചനം പ്രാപിക്കട്ടെ.
സകലവിശുദ്ധരെ! മാലാഖമാരെ! പ്രാർത്ഥിക്കണെ. ആമ്മേൻ

XXXVIII. 2000 ജൂൺ 10 - പന്തകുസ്താദിനം

കുഞ്ഞുമക്കളെ, പരിശുദ്ധാത്മാവിനായുള്ള തീരാത്ത ദാഹം നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടാകണമെന്ന ആഹ്വാനവുമായി ഈ നല്ല സുദിനത്തിൽ ഞാൻ നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുന്നു. "പരിശുദ്ധാത്മാവെ വരിക, അങ്ങയുടെ ഏറ്റവും ഇഷ്ട ദാസിയായ പരിശുദ്ധകന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെ ശക്തിയുള്ള മദ്ധ്യസ്ഥത്തിൽ വരിക'' എന്ന പ്രാർത്ഥന ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ട് പരിശുദ്ധാത്മാവിൽ നിറയുക. എന്റെ വിമല ഹൃദയമാകുന്ന പ്രാർത്ഥനാ മണ്ഡപത്തിൽ നിങ്ങളെ ഞാൻ ഒരുമിച്ച് കൂട്ടുന്നു. നിങ്ങൾ ഈ ഹൃദയത്തിലായിരിക്കുക എന്നത് എന്റെ തിരുകുമാരന്റെ തിരുഹിതമാണ്. ഈ ഹൃദയം നിങ്ങളുടെ രക്ഷാസങ്കേതമാണ് മക്കളെ ദിവ്യനീതിയുടെ കാസ നിറഞ്ഞിരിക്കുന്നു. ഏറ്റവും നിണപൂരിതമായ മണിക്കൂറുകൾ നിങ്ങൾക്കുമുമ്പിൽഒരുക്കപ്പെടുന്നു. അധാർമ്മികതയാൽ ഭൂമി മറയ്ക്കപ്പെട്ടിരിക്കുന്നു.മതത്യാഗം, പാപത്തിന്റെ പടർച്ച അന്ധകാരശക്തികളുടെ ഭരണവിജയം ഇവയെല്ലാം മനുഷ്യരിലൂടെ സാധ്യമാകുമ്പോൾ നിങ്ങൾ മനസ്സിലാക്കണം കാരുണ്യത്തിന്റെ മഹത്തായ വിജയത്തിനെതിരെയുള്ള സാത്താന്റെ പോർവിളിയാണിത്. അതിനാൽ മക്കളെ തിരിച്ചറിവോടെ മടങ്ങിവരൂ. എന്റെ ശക്തമായ മുന്നറിയിപ്പിന്റെ സമയങ്ങൾ കടന്ന് പോയ്ക്കൊണ്ടിരിക്കുന്നു. ഓ ദുഷിച്ചതും ദൈവത്തിൽ നിന്നും അകന്നിരിക്കുന്നതുമായ മനുഷ്യവംശമേ! മാനസാന്തരത്തിന്റെ മാർഗ്ഗത്തിലൂടെ മടങ്ങിവരികയും രക്ഷകനായ യേശുവിലേക്ക് തിരിയുകയും ചെയ്യുക. പരിശുദ്ധകുർബ്ബാനയിലുള്ള സജീവപങ്കാളിത്തം, വചനം തന്നെയായ യേശുവെ സ്വീകരിച്ചുകൊണ്ടുള്ള ജീവിതം, വിമലഹൃദയത്തോടുള്ള ഭക്തിയും വിശ്വാസവും, ശരണവും, നിരന്തരമായ പ്രാർത്ഥന, വിശിഷ്യാ ജപമാല പ്രാർത്ഥന ഇവ നിങ്ങളുടെ ജീവിതത്തിലെ സുപ്രധാന ഘടകങ്ങളാകട്ടെ.

മക്കളെ, അവഹേളനത്തിന്റെയും, തിരസ്കരണത്തിന്റേയും കൂരമ്പുകൾ നിങ്ങൾക്കുനേരെ പാഞ്ഞ് വന്നാലും ഒരിക്കലും നഷ്ടധൈര്യരാകരുത്. ഈ അമ്മയെ നിങ്ങൾ സ്നേഹിക്കുന്നു എന്നതിനാൽ നിന്ദിക്കപ്പെടുന്നു, പ്രകാശത്തിലേക്ക് നോക്കുന്നു എന്നതിനാൽ നിന്ദിക്കപ്പെടുന്നു. പ്രകാശത്തിലേക്ക് നോക്കുന്നു എന്നതിനാൽ കണ്ണീർ ഒഴുക്കേണ്ടിവരുന്നു, എന്നോടൊപ്പം യേശുവിന് ആത്മക്കാളെ നേടുന്നു എന്നതിനാൽ

ഞോരുക്കപ്പെടുന്നു. ഇപ്പോഴാണ് നിങ്ങൾ സന്തോഷിക്കേണ്ടത്. കാരണം തിരുവചനം നിങ്ങളിലൂടെ പൂർത്തികരിക്കപ്പെടുന്നു. ആകയാൽ മക്കളേ, നിങ്ങളുടെ എളിയജീവിതവും , സഹനങ്ങളും, നിശബ്ദമായി അനുഭവിയ്ക്കുന്ന കയ്പേറിയ അനുഭവങ്ങളും മധുരമായും, സമർപ്പിക്കാൻ ഈ അമ്മ തയ്യാറായിരിക്കുന്നു.

മക്കളെ പ്രകൃതിക്ഷോഭങ്ങളും, യുദ്ധങ്ങളും, കലാപങ്ങളും ഏറെ വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ മനുഷ്യർ തിരിച്ചറിവിലേക്കും മാനസാന്തരത്തിലേക്കും വരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നറിയുക. സമർപ്പണത്തിന്റെ മൂല്യം മനസ്സിലാക്കാത്ത മക്കളെയോർത്ത് ഞാൻ കരയുന്നു. മക്കളെ പ്രാർത്ഥിക്കുക. തിരുസഭയ്ക്കായി പ്രാർത്ഥിക്കുക. വികൃതമായതിനെ നേരെയാകുന്ന പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുക. വികൃതമായതിനെ നേരെയാക്കുന്ന, മുറിവേറ്റതിനെ  സുഖപ്പെടുത്തുന്ന, അടച്ചുപൂട്ടിയതിനെ തുറക്കുന്ന പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുക. ദൈവത്തിന്റെ ശത്രുവായ പിശാച് വളരെ കൗശലക്കാരനും, നിർദ്ദയനുമാണ്. അവനെതിരെയുള്ള ഭീകരസമരത്തിൽ മക്കളെ നിങ്ങൾ ഈ അമ്മയോടൊപ്പം ചേരുക. കർത്താവിന്റെ ഏറ്റവും ചെറിയ അടിമയായ നിങ്ങളുടെ അമ്മയെ അവിടുത്തെ സ്നേഹപദ്ധതിയുടെ പൂർത്തീകരണം ഭരമേൽപ്പിച്ചിരിക്കുന്നു. പിതാവിന്റെ വചനത്തിന്റെ വെളിച്ചത്തേയും, സ്നേഹത്തേയും, മഹിമയേയും നിഷ്പ്രഭമാക്കികൊണ്ട് നിരീശ്വരത്വം പ്രചരിപ്പിച്ച് സാത്താൻ വിജയിക്കുന്നത് കണ്ട് ക്ഷമയോടെ ഇരിക്കാൻ ഈ അമ്മയ്ക്ക് സാധിക്കുന്നില്ല. മക്കളെ പ്രാർത്ഥിക്കുക. തീക്ഷണമായി പ്രാർത്ഥിക്കുക. സർവ്വത്ര വ്യാപിച്ചിരിക്കുന്ന കൂരിരൂട്ട് കണ്ട് നിങ്ങൾ പരിഭ്രമിക്കേണ്ട. ഇത് എന്റെ ശത്രുവിന്റെ ആസൂത്രണത്തിന്റെ ഭാഗമാണെന്ന്  ഈ അമ്മ അറിയുന്നു. നിങ്ങൾ ഇതോടൊപ്പം മനസ്സിലാക്കേണ്ട സത്യമിതാണ്. ഇത് എന്റെ വിജയകരമാ. പദ്ധതിയുടെ - ഇരുട്ടിനെ നിഷ്കാസനം ചെയ്തുകൊണ്ട് പ്രകാശത്തെ എങ്ങും വ്യാപിപ്പിക്കുന്ന എന്റെ പദ്ധതിയുടെ ഭാഗമാണ്.

എന്റെ പ്രിയകുഞ്ഞുങ്ങളെ നിങ്ങൾ പരിപ്പൂർണ്ണ സമർപ്പണം നടത്തി എന്റെ വിമലഹൃദയമാകുന്ന പ്രാർത്ഥനാശാലയിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ സ്വയം സന്നദ്ധരാകുക. യേശു തന്റെ രക്ഷാകരപ്രവൃത്തിയുടെ ഏറ്റവും വിലയേറിയ ഫലത്തെ (പരിശുദ്ധാത്മാവിനെ) തന്റെ വ്യക്തിത്വത്തിന്റേയും ദിവ്യദൗത്യത്തിന്റേയും സാക്ഷിയെ (പരിശുദ്ധാത്മാവിനെ) നിങ്ങൾക്കിതാ ധാരാളമായി നൽകുന്നു. വരൂ മക്കളേ, നമുക്ക് പ്രാർത്ഥിക്കാം.

പ്രാർത്ഥന

മൃത്യുവിനെ ജയിച്ചവനും പാപമേശാത്തവനുമായ ഞങ്ങളുടെ രാജാവായ യേശുക്രിസ്തുവെ, ഈ വിശ്വത്തെ മുഴുവനും ദൈവപിതാവിന്റെ മഹത്വം പ്രഘോഷിക്കാൻ സാധിക്കുന്ന വിധത്തിൽ അവിടുന്ന് ഒരുക്കണമെ. അവിടുത്തെ പരിശുദ്ധാത്മാവിനാൽ

ഞങ്ങളെ പൂരിതരാക്കി, ഞങ്ങളുടെ മേലുളള അവിടുത്തെ മഹനീയ ഭരണം പുന:സ്ഥാപിക്കണമെ. ഓ! പരിശുദ്ധാത്മാവേ അങ്ങയുടെ പ്രിയ മണവാട്ടിയായ ഞങ്ങളുടെ അമ്മയുടെവിമലഹൃദയത്തിന്റെശക്തിയേറിയമാദ്ധ്യസ്ഥത്താൽ എഴുന്നുള്ളിവരിക.അവിടുത്തെ ശക്തമായ സ്നേഹപ്രവർത്തനത്തിന്റെ പ്രഭാവത്താൽ ഈ ലോകമാകുന്ന മരുഭൂമി കൃപാവരമാകുന്നു സമൃദ്ധിയിൽ നിറയട്ടെ. ഓ ദിവ്യാത്മാവേ പുതിയ ആകാശവും പുതി. ഭൂമിയും നല്കി ഞങ്ങളെ അനുഗ്രഹിക്കണെ.

ആമേൻ

XXXIX. 2000 ആഗസ്റ്റ് 15

മക്കളെ കരുണയുടെ പഠനപാത്രം നിറഞ്ഞ് കവിയുന്നു. കരുണയെ നിങ്ങൾ നിരസിക്കരുത്, നിങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളഉം കരുണയ്ക്കായുളള യാചനയായിരിക്കട്ടെ. കരുണയുടെ യാചനകൾ ദൈവസന്നിധിയിൽ അനവരതം ഉയർത്തുവിൻ എന്നാണ് ഈ അമ്മയ്ക്ക് നിങ്ങളെ ഓർമിപ്പിക്കാനുള്ളത്.

XXXX 2000 സെപ്തംബർ 8

‘‘ എന്റെ കുഞ്ഞുമക്കളേ, നിങ്ങളുടെ സ്വർഗ്ഗീയ മാതാവിന്റെ ജനനത്തെ അനുസ്മരിച്ചുകൊണ്ട് സ്വർഗ്ഗവും ഭൂമിയും സന്തോഷത്താൽ നിറയുന്ന ഈ ദിനത്തിൽ നിങ്ങളെ ഓരോരുത്തരേയും ഞാൻ ആശീർവദിക്കുന്നു, മക്കളെ നിങ്ങൾ തൊട്ടിലിനരികിലേക്ക് വരു, ഞാൻ നിങ്ങളെ എളിമയും അദ്ധ്യാത്മിക ശൈശവത്തിന്റെ രഹസ്യവും പഠിക്കാം. കർത്താവിന്റെ നിസ്സാരയായ അടിമയായപ്പോഴാണ് ഈ അമ്മ അതെല്ലാം മനസ്സിലാക്കിയത്. നിസ്സാരതയിലൂടെയും ബലഹീനതയിലൂടെയും കൂടി മാത്രമേ കർത്താവിന് പ്രവർത്തിക്കാൻ സാധിക്കൂ. അതിനാൽ നിങ്ങൾ ആദ്ധ്യാത്മികതയിൽ പക്വത പ്രാപിച്ചവരും സമർപ്പണത്തിൽ പൂർണ്ണരും നിഷ്ക്കളങ്കരുമായിത്തീരുക. നിങ്ങളുടെ ജീവിതത്തിൽ വേദനകളും കുരിശുകളും വരുമ്പോൾ ആ കുരിശുകൾക്ക് താഴെ ഈ അമ്മയുണ്ട്. ഈ അമ്മയുടെ വിമലഹൃദയത്തിലേക്ക് നിങ്ങൾ എന്റെ പുത്രൻ നോക്കിയതുപോലെ ഒന്നുനോക്കിയാൽമതി, സർവ്വതും ഞാൻ ഏറ്റെടുക്കാം. യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ പാതയിലൂടെ നിങ്ങളെ നയിക്കുവാനും ദൈവീകപദ്ധതികൾ വിശ്വസ്തതയോടെ നിറവേറ്റാനും കൃപാവരത്തിന്റെ പാതയിലൂടെ യേശുവിനെ അനുഗമിക്കാനും ഈ അമ്മ നിങ്ങളെ സഹായിക്കാം.

മക്കളെ ഭൂതകാലമുറിവുകളുടെ വേദനകൾ ഇനി ഒരിക്കലും ഓർക്കരുത്. നിങ്ങൾ തീഷ്ണമായി പ്രാർത്ഥിക്കുക. പ്രാർത്ഥനയെ നിരുത്സാഹപ്പെടുത്തുന്ന എന്തിനേയും വെറുത്ത് ഉപേക്ഷിക്കുക. മക്കളെ നിങ്ങളറിയുക, ലോകം ഇന്ന് ശാപം ഏറ്റ് വാങ്ങുന്നതിന്റെ

പ്രധാനകാരണം ശിശുവധമാണ്. അമ്മമാരുടെ ഉദരങ്ങളിലായിരിക്കുമ്പോൾ തന്നെ വധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ എന്റെ മക്കളാണ്. അവരുടെ രോദനം തിരമാലകൾ പോലെ അലയടിക്കുന്നു. ഈ ദുരവസ്ഥക്കായി നിങ്ങൾ പ്രാർത്ഥിക്കുക. ജീവിക്കുകയും വളരുകയും ചെയ്യുന്നവരും അബദ്ധസഞ്ചാരികളും ദൈവനിയമത്തിന്റെ നഗ്നമായ ലംഘകരുമായിത്തീരുന്നു, പാപത്തെ മൂല്യമുള്ള പ്രവൃത്തികളായി തെറ്റിദ്ധരിപ്പിച്ച് സാത്താൻ ഇവരിൽ വിജയം കണ്ടെത്തുന്നു. ഓ! ദുഷിച്ച ലോകമേ കർത്താവിന്റെ കരുണയെ അവഗണിക്കുന്ന നീ നീതിക്കും കരുണയ്ക്കുമായി കണ്ണുനീർ പൊഴിക്കേണ്ടിവരുമെന്നോർക്കുക. മക്കളെ ഈ അമ്മയോടൊപ്പം നിന്ന് കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കുക. പശ്ചാത്തപിക്കു, മാനസാന്തരത്തിലൂടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞ് കൃപകളിൽ നിലനില്ക്കുക. മനുഷ്യമനസ്സ് വെറുപ്പും വിദ്വേഷവും മൂലം കരിഞ്ഞ് പോയിരിക്കുന്നു. മൃഗങ്ങളെപ്പോൽ പരസ്പരം കടിച്ച് കീറുന്നു. മനുഷ്യ ജീവന്റെ വില ആരും മനസിലാക്കുന്നില്ല. വിഗ്രഹാരാധകരും, പരദൂഷകരും, കള്ളപ്രബോധകരും, നിങ്ങളെ വഴിതെറ്റിക്കാൻ ഇറങ്ങിയിരിക്കുന്നു. അധികാരദുർമോഹം, ലോകസുഖം മനുഷ്യന്റെ ഹരമായിത്തീർന്നിരിക്കുന്നു. ഇതെല്ലാം കണ്ട് ഈ അമ്മ കരയുന്നു. കാരണം എന്റെ തിരക്കുമാരന്റെ തിരുഹിതം ചവിട്ടിതേക്കപ്പെടുന്നു. അതിനാൽ മക്കളെ അന്ധകാരപൂർണ്ണമായ നിശകളിൽ പ്രകാശം പരത്തുവാൻ നിങ്ങളുടെ ഹൃദയത്തിന്റെ ഗുഹകളെ തുറന്നിടുവിൻ.

നിങ്ങൾ യേശുവിനെ സ്നേഹിക്കുകയും അനുധാവനം ചെയ്യുകയും ചെയ്യുകയാണെങ്കിൽ നിർമ്മലമായ വിശുദ്ധിയുടേയും, അപാരമായ കരുണയുടേയും മാർഗ്ഗത്തിലൂടെയായിരിക്കും നിങ്ങൾ ചരിക്കുക. മക്കളെ പരിശുദ്ധ കുർബ്ബാനയും, ദൈവവചനവും ജപമാല പ്രാർത്ഥനയും നിങ്ങളുടെ ജീവിതത്തിലെ ശക്തി സ്രോതസ്സുകളാണ്. ഇവയിൽ നിങ്ങൾ മുറുകെ പിടിക്കുക. ഭയവിഹ്വലരാകാതെ ആത്മീയധൈര്യം സംഭരിക്കുക. നിങ്ങലുടെ ശിശുവായ ഈ അമ്മയയെ ഒന്ന് നോക്കുക. നിങ്ങൾ ശിശുക്കളെപോലെയാകുക. നിങ്ങളുടെ ശിശുത്വമത്രേ എന്റെ വലിയ ശക്തി. നമുക്ക് ഒന്ന് ചേർന്ന് നമ്മുടെ നാശത്തെ ആഗ്രഹിക്കുന്ന സാത്താനെ ചെറുത്ത് തോൽപ്പിക്കാം. സഹനങ്ങളേറുമ്പോൾ പരിഭ്രമിക്കരുത്, പിൻമാററരുത്. പരീക്ഷണങ്ങളിൽ വിജയം വരിക്കാനുള്ളശക്തിക്കായിപ്രാർത്ഥിക്കുവിൻ.പ്രാർത്ഥനയിൽ തീക്ഷ്ണതയുള്ളവരായിരിക്കുവിൻ. നിങ്ങളെ സഹായിക്കാൻ ഈ അമ്മ നിങ്ങളോടൊപ്പം ഉണ്ട്. എന്റെ ഭൗമീകജനനത്തെ ആദരിക്കുന്ന നിങ്ങൾക്ക് പ്രതീക്ഷയും ആശ്വാസവും സന്തോഷവും, ധൈര്യവും പകർന്ന് തരാൻ ഈ അമ്മ എന്നും നിങ്ങളോടൊപ്പുമുണ്ടെന്ന് മറക്കരുത്. ദിവ്യസ്നേഹത്തിന്റെ അഗ്നിജ്വാലകങ്ങളായിത്തീർന്ന് ദൈവത്തിലലിയാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് അമ്മ പ്രാർത്ഥിക്കുന്നു.

XXXXI 2000 നവംബർ 2

എന്റെ വത്സലമക്കളെ, സ്നേഹത്തിന്റെ ശൃംഖല നിങ്ങൾക്ക് സമ്മാനിക്കപ്പെട്ടതിന്റെ ദിവ്യസ്മരണകളിലായിരിക്കുന്ന നിങ്ങളെ ഞാൻ അനുഗ്രഹിക്കുന്നു. മനുഷ്യമക്കളുടെ ദയനീയാവസ്ഥയിൽ ഞാൻ ദു:ഖമനുഭവിക്കുമ്പോൾ കുഞ്ഞുങ്ങളേ, നിങ്ങളുടെ പ്രാർത്ഥന എന്നെ സമാശ്വസിപ്പിച്ചിട്ടുണ്ട്.അതിനാൽത്തന്നെ ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. ദൈവമക്കളുടെ ശത്രുവായ പിശാച് ഏതു ഭൂവിഭാഗം കീഴ്പ്പെടുത്തിയാലും പ്രാർത്ഥനക്കൊണ്ട് എപ്പോഴും അത് തിരിച്ചു പിടിക്കുന്നതിന് നിങ്ങളെ ശക്തരാക്കാൻ ഈ അമ്മ കൂടെയുണ്ടായിരിക്കും. മക്കളെ ജപമാല എന്ന ലളിതമായ പ്രാർത്ഥന നിങ്ങളെ ചെറുമയിലും, ഹൃദയശാന്തതയിലും, ഹൃദയലാളിത്യത്തിലും ആദ്ധ്യാത്മികമായി രൂപീകരിക്കുന്നു. മക്കളെ സാത്താൻ ഇന്ന് വിജയകരമായി മുന്നേറുന്നത് അഹങ്കാരത്തിന്റെ ചൈതന്യവും ദൈവത്തിനെതിരെയുള്ള പ്രക്ഷോഭണവും കൊണ്ടത്രെ. അതിനാൽ പിശാചിന്റെ അഹങ്കാരം നിങ്ങളുടെ എളിമക്കൊണ്ടും, എളിമയോടെയുള്ള പ്രാർത്ഥനകൊണ്ടും നിശ്ശേഷം നീക്കം ചെയ്യാൻ ഉത്സുകരാകാൻ ഈ അമ്മ ആഗ്രഹിക്കുന്നു.

മക്കളേ, ഈ ചെറിയ ഭവനത്തിലൂടെ എന്റെ പ്രിയ കുഞ്ഞിലൂടെ നല്കപ്പെട്ട അടയാളങ്ങളും, സ്വർഗ്ഗീയ നിർദ്ദേശങ്ങളും യഥാർത്ഥ ബോധത്തോടെ ഉൾക്കൊണ്ട് സത്യദൈവത്തെ മഹത്വപ്പെടുത്താനുതകുന്നതാണെന്ന് മനുഷ്യമക്കൾ മനസ്സിലാക്കിയിരുന്നെങ്കിൽ ! ഇവിടുത്തെ ചെറിയ ശുശ്രൂഷയിലൂടെ വളരെ മക്കൾ പ്രാർത്ഥാനാ ജീവിതവും രക്ഷയും കൈവരിച്ചിട്ടുള്ളതിൽ ഞാൻ പരിപൂർണ്ണ സംതൃപ്തയാണ്. ജപമാലഭക്തി പ്രചരിപ്പിക്കുകയും എന്റെ വിമല ഹൃദയ വിജയത്തിനായി പ്രയത്നിക്കുകയും ചെയ്യുന്ന മക്കളെയെല്ലാം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉപദ്രവിക്കാൻ സാത്താൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. മക്കളേ ഓർക്കുക, ക്രിസ്തുവിനെതിരായി നിലയുറപ്പിച്ചിരിക്കുന്ന ശത്രുവിന്റെ ശക്തിയെ തോൽപ്പിക്കുവാനായി നിങ്ങൾ നിയുക്തരായിരിക്കുന്നു. നിങ്ങളുടെ ആരുടേയും വ്യക്തിപരമായ വിശുദ്ധിയിലല്ല കർത്താവിന്റെ തിരഞ്ഞെടുപ്പിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നത്. അതിനാൽ കഴിഞ്ഞകാലദു:ഖങ്ങളും, അവേഹളനങ്ങളും, കുറ്റപ്പെടുത്തലുകളും, പീഡനങ്ങളും, തെറ്റുധാരണകളും, നിങ്ങളുടെ ചെറുതും വലുതുമായ പാപങ്ങളും നിങ്ങളെ തളർത്താൻ കാരണമാകരുത്. തിരഞ്ഞെടുപ്പിനോടും വിളിയോടും വിശ്വസ്തതപുലർത്തുക. തുടർന്നുള്ള നാളുകൾ ഏറെ വേദനാജനകമായിരിക്കും. ലോകത്തിന്റെ മുൻപിൽ നിങ്ങൾ ചോദ്യചിഹ്നങ്ങളായി മാറും. കർത്താവിന്റെ കരുണ ദൃശ്യമായ അടയാളങ്ങളിലൂടെയല്ല, മറിച്ച് ആന്തരീക വിശുദ്ധീകരണത്തിലൂടെയും, മാനസാന്തരിത്തിലൂടെയും മാത്രമേ ഇവിടെ, എന്റെ പ്രിയകുഞ്ഞിലൂടെ സാധ്യമാകു. ഇവിടെ വന്ന് പ്രാർത്ഥിക്കുന്ന മക്കൾക്കെല്ലാം ഞാൻ അനുഗ്രഹങ്ങൾ നൽകും. പ്രാർത്ഥനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ അവർണ്ണനീയമാണ്. അതിനാൽ തന്നെ മക്കളെ നിങ്ങൾ തുടർന്നും സഹിക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗീയ അനുഭൂതി നല്കുന്ന സുഗന്ധാഭിഷേകത്താൽ ഞാൻ നിങ്ങളെ സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

അനേകർ വിശ്വാസത്തിലും മറ്റു ചിലർ അവിശ്വാസത്തിലും ഇത് സ്വീകരിച്ചു. ഈ ദൈവീക സാന്നിധ്യ അനുഭവം നിങ്ങളുടെ സ്വന്തമാക്കുക. ഈ ഭവനത്തിലൂടെയോ എന്റെ മകളിലൂടെയോ പ്രത്യേകമാംവിധം ഇത് നൽകപ്പെട്ടിരുന്നു. ഇനിമേൽ അങ്ങിനെയല്ല നിങ്ങളുടെ ജീവിതമാകുന്ന വിശുദ്ധിയുള്ള പുഷ്പങ്ങളുടെ നറുമണത്താൽ ഞാനും എന്റെ തിരുക്കുമാരനും സന്തോഷിക്കട്ടെ.

വത്സലസുതരേ, ദൈവവചനം പ്രഘോഷിക്കുവാൻ, എന്റെ തിരുക്കുമാരന്റെ രണ്ടാം ആഗമനത്തിനായി മക്കളെ ഒരുക്കാൻ ശബ്ദവും, സഹായിക്കാൻ കരങ്ങളും വിവിധ പാതകളിലൂടെ സഞ്ചരിക്കുവാൻ പാദങ്ങളും എനിക്കാവശ്യമാണ്. മക്കളെ നിങ്ങൾ എന്നെ സഹായിക്കണം. ഉഗ്രപീഠനത്തിന്റെ നാളുകളിൽ വിശ്വാസം കൈവിടാതെ കർത്താവിങ്കലേക്ക് തിരിച്ചുവരാനുള്ള പരിഗണനാർഹമായ ഈ സന്ദേശത്തെ നിങ്ങൾ സ്വീകരിക്കുക, പ്രചരിപ്പിക്കുക. മക്കളെ സാത്താൻ വളരെ കൗശലപൂർവ്വം ദൈവികനിയമത്തെ അവജ്ഞയോടെ തിരസ്ക്കരിച്ച് ജീവിക്കാനായി മനുഷ്യമക്കളെ പ്രോത്സാഹിപ്പിക്കുന്നു. ആ കറുത്ത മൃഗത്തിന്റെ ഭയാനകവും, വഞ്ചനാപൂർണ്ണവുമായ കടന്നാക്രമണങ്ങളിൽ നിന്ന് രക്ഷപ്രാപിച്ച് ദൈവസന്നിധിയിലെത്താനുള്ള മാർഗ്ഗങ്ങളെ നിങ്ങൾ തിരസ്ക്കരിക്കരുത്. ദൈവപ്രമാണങ്ങൾ അനുസരിച്ച്, കൂദാശകൾ വിശിഷ്യാ പരിശുദ്ധ കുർബ്ബാനസ്വീകരണം, കുമ്പസാരം ഇവയിലുടെ എപ്പോഴും പ്രസാദവരസ്ഥിതിയിൽ നിലനിൽക്കുക. ജപമാല പ്രാർത്ഥനയിൽ ഈ അമ്മയോടൊപ്പം തീക്ഷണതയുള്ളവരാകുക. കർത്താവിന്റെ കരുണ നിങ്ങൾ നിരസിക്കരുത്. സകല വൈദീകർക്കും, സന്യസ്തർക്കുമായുള്ള പ്രാർത്ഥന നിങ്ങളിൽ നിന്നും ഉയരട്ടെ. പാപസാഹചര്യങ്ങളിലേക്ക് മനുഷ്യമക്കളെ തന്ത്രപൂർവ്വം ആനയിച്ച് നിരാശയും കുറ്റബോധവും അവരിൽ ജനിപ്പിച്ച് , ജീവിതത്തെ വെറുക്കൻ, ദൈവത്തിലേക്ക് തിരിയാതിരിക്കാൻ ശ്രമിച്ച് സാത്താൻ അവന്റെ വലിയ സൈന്യത്തോടു ചേർന്ന് ഭൂമിയിൽ വിരാജിക്കുന്നു. ലൈംഗികപാപം ദുഷിച്ച ജലപ്രവാഹം പോലെയും സാമൂഹിക മാദ്ധ്യമങ്ങൾ പാപശികരണത്തിന്റെ വഷളത്വമായും മാറി ഓരോ കുടുംബങ്ങളിലും നുഴഞ്ഞ് കയറുന്നു. പാവപ്പെട്ട എന്റെ മക്കൾ ഈ ദു:സ്ഥിതികൾക്ക് ഇരകളാകുന്നു. മക്കളെ ദൈവനീതി തയ്യാറാക്കി വച്ചിരിക്കുന്ന ശിക്ഷയിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ പ്രാർത്ഥനയുടെയും, പരിഹാരപ്രായശ്ചിത്തത്തിന്റേയും പ്രബലശക്തിക്ക് മാത്രമേ കഴിയൂ. എന്തെന്നാൽ, പശ്ചാത്തപിക്കുന്നതിനുള്ള ഓരോ കുടുംബങ്ങളിലും നുഴഞ്ഞ് കയറുന്നു. പാവപ്പെട്ട എന്റെ മക്കൾ ഈ ദു:സ്ഥിതികൾക്ക് ഇരകളാകുന്നു. മക്കളെ ദൈവനീതി തയ്യാറാക്കി വച്ചിരിക്കുന്ന ശിക്ഷയിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ പ്രാർത്ഥനയുടെയും, പരിഹാരപ്രായശ്ചിത്തത്തിന്റേയും പ്രബലശക്തിക്ക് മാത്രമേ കഴിയൂ. എന്തെന്നാൽ, പശ്ചാത്തപിക്കുന്നതിനുള്ള ഓരോ അഭ്യർത്ഥനയും മർക്കടമുഷ്ടിയോടെ ലോകം തള്ളികളയുന്നു. കുഞ്ഞുങ്ങളെ ഈ അമ്മയുടെ സ്വരം നിങ്ങൾ ശ്രവിക്കുക. ദൈവസ്നേഹത്തിൽ മുന്നേറുന്നതിനും സമ്പൂർണ്ണതയുടെ ഔന്നത്യത്തിൽ

എത്തിച്ചേരാനുമുളള സുനിശ്ചിത മാർഗ്ഗമായ ഈ വിമലഹൃദയം നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു. ഭയവിഹ്വലരാകാതെ ഈ അമ്മയോടൊപ്പം നിങ്ങൾ പ്രാർത്ഥിക്കുക. സമ്പൂർണ്ണ സമർപ്പണം നടത്തുക. എന്റെ തിരക്കുമാരനിൽ നിന്നും അനേകം അനുഗ്രഹങ്ങൾ വാങ്ങി നല്കാൻ ഈ അമ്മ സദാസന്നദ്ധയാണ്. മക്കളെ ദു:ഖങ്ങളും എതിർപ്പുകളും കുരിശിന്റെ അടുക്കലേക്ക് നിങ്ങളെ നയിക്കട്ടെ. കുരിശുകൾ സ്വർഗ്ഗകവാടത്തിലേക്ക് നിങ്ങളെ എത്തിക്കും. ഈ നല്ല ദിനത്തിൽ പരിശുദ്ധ ജപമാലയുടെ കേന്ദ്രബിന്ദുവായ കുരിശിനാൽ നിങ്ങൾ വിശുദ്ധീകൃതരാകട്ടെയെന്ന് ഈ അമ്മ പ്രാർത്ഥിക്കുന്നു. സാത്താന്റെ ബുദ്ധിയുപദേശങ്ങൾ കേട്ട് നിങ്ങൾ തളരരുത്. ജപമാല പ്രാർത്ഥന കൈവിടരുത്. പരിശുദ്ധ ത്രിത്വം സന്തോഷിക്കുകയും സ്വർഗ്ഗനിവാസികളെ സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഈ പ്രാർത്ഥന ഭൂമിയിലെ മക്കളെ വിശ്വസിക്കുക. നമ്മുടെ ശക്തമായ ആയുധമായ ജപമാലയുമായി അമ്മയേടൊപ്പം മുന്നേറുക. പ്രാർത്ഥനയുടേയും ഉപവിയുടേയും ജീവിതത്തിലൂടെ ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിൽ ദൈവീക സമാധാനം നിങ്ങൾക്ക് ലഭിക്കട്ടെയെന്ന് ഈ അമ്മ ആശംസിക്കുന്നു.

XXXXII 2000 ഡിസംബർ 8

എന്റെ വാത്സല്യമേറിയ കുഞ്ഞുങ്ങളെ, എന്റെ അമലോത്ഭവത്തിന്റെ മഹത്വത്തെ സ്മരിക്കുന്ന നിങ്ങളെ എല്ലാവരേയും വിശുദ്ധിയുടെ ആരാമമായ ഈ വിമല ഹൃദയത്തിലേക്ക് ഞാൻ ക്ഷണിക്കുന്നു. അവതരിച്ച വചനത്തിന്റെ ജനനിയാകാൻ പരിശുദ്ധ ത്രീത്വത്താൽ തിരഞ്ഞെടുക്കപ്പെടുകയും എന്റെ പുത്രനായ യേശുവിനെ ലോകരക്ഷയ്ക്കായി നൽകുകയും ചെയ്ത നിങ്ങളുടെ അമ്മയായ ഞാൻ ഇന്ന് ദു:ഖിതയാണ്. കാരണം പാപമെന്തെന്നറിയാത്ത നിങ്ങളുടെ അമ്മയുടേയും യേശുവിന്റേയും ഹൃദയങ്ങളിൽ അതിക്രൂരമായി മനുഷ്യമക്കളുടെ പാപശരങ്ങൾ ഏൽക്കുന്നു. എങ്കിലും മക്കളെ, സ്വസന്താനങ്ങളെ ജീവനുതുല്യം സ്നേഹിച്ച് കൊണ്ട് എന്റെ സ്വന്തം പ്രതിബിംബം നിങ്ങളിൽ കാണുന്ന സംതൃപ്തിയോടെ ഞാൻ നിങ്ങളെ നോക്കുന്നു. നിങ്ങൾ സഹിക്കുമ്പോൾ ഞാനും സഹിക്കുന്നു. നിങ്ങൾ സന്തോഷിക്കുമ്പോൾ ഞാനും സന്തോഷിക്കുന്നു. നിങ്ങൾ നന്മ ചെയ്യുമ്പോൾ ഞാൻ ആനന്ദിക്കുന്നു. എന്തെന്നാൽ എന്റെ മാതൃകാരുണ്യം എല്ലാ പാപികളിലേക്കും വിശേഷ്യാ ദൈവത്തിൽ നിന്ന് അകന്നിരിക്കുന്നവരിലേക്കും ദൈവീകദയ കൂടുതൽ ആവശ്യമുള്ളവരിലേക്കും ധാരാളമായി ഒഴുകുന്നു. ശുദ്ധീകരണത്തിന്റെ ഈ സമയത്തുള്ള പ്രയാസമേറിയ വഴികളിലൂടെ നിങ്ങളെ ഞാൻ കൈയ്ക്കുപിടിച്ച് നയിക്കുന്നു.

ഒരമ്മ തന്റെ കുഞ്ഞുങ്ങളെ പഠിപ്പിയ്ക്കുന്നതുപോലെ ചുവടുകൾ ഓരോന്നായി വയ്ക്കുന്നതിന് ഞാൻ നിങ്ങളെ സഹായിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഓരോ വീഴ്ചയ്ക്കുശേഷവും എത്ര പ്രാവശ്യമാണ് ഞാൻ നിങ്ങളെ എടുത്തത്, നിങ്ങളുടെ

വേദനിക്കുന്ന മുറിവുകൾ വച്ചുകെട്ടി, ദൗർബല്യത്തിൽ ശക്തി പകർന്ന് ഈ അമ്മ കൂടെയുണ്ടായിരുന്നല്ലോ? എന്റെ സ്വർഗ്ഗീയ സാന്നിദ്ധ്യം നല്കുന്ന സുഗന്ധം ഇല്ല എന്നതിനാൽ ഞാൻ നിങ്ങളുടെ കൂടെയില്ല എന്ന് ചിന്തിക്കരുത്. നിങ്ങളെ താങ്ങി നിർത്തുന്ന പ്രാർത്ഥനയുടെ സൗരഭ്യം നിങ്ങളെ വിശുദ്ധീകരിക്കുന്ന വിശുദ്ധിയുടെ സൗരഭ്യം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. ശുദ്ധതയെന്ന അമൂല്യപുണ്യത്തെ കോപാവേശത്തോടെ അപഹരിച്ച് കൊണ്ട് പോകുന്നതിൽ സാത്താൻ കുറെ വിജയിച്ചു. എന്റെ പ്രിയമക്കൾ കുറ്റ ബോധത്തിൽ ജീവിക്കുന്നത് അവന്റെ സന്തോഷമാണ്.എന്നാൽ മക്കളെ പാപസങ്കീർത്തനത്തിലൂടെ സന്തോഷം വീണ്ടെടുക്കുകയും ദിവ്യകാരുണ്യ സ്വീകരിക്കൽ വഴി ആത്മീയ നിറവുള്ളവരാക്കുകയും ചെയ്യുക. സാത്താന്റെ രൂപവും, ഭാവവും, തന്ത്രങ്ങളും വഴി നിങ്ങളുടെ ജീവിതത്തിൽ നിരാശയ്ക്ക് സ്ഥാനം കൊടുക്കരുത്. സംശയ വീക്ഷണവും തെറ്റിദ്ധാരണകളും പരിത്യക്താവസ്ഥകളും അനുഭവിച്ച് നിങ്ങളിൽ മുറിവുകൾ ഉണ്ടാകുന്നു. മറ്റുള്ളവർക്ക് അജ്ഞാതമെങ്കിലും സ്വർണ്ണത്തേക്കാൾ വിലയേറിയ നിങ്ങളുടെ ആത്മാവിന്റെ മുറിവുകളിൽ നിന്നൊഴുകുന്ന ചുടു നിണത്താൽ ഈ അമ്മ മറ്റുള്ളവരുടെ ആത്മാക്കളെ ജ്വലിപ്പിക്കുന്നു എന്നറിയുക. സംശയാലുക്കളാൽ ചുറ്റപ്പെട്ടിരിക്കുന്ന നിങ്ങൾ സംശയങ്ങളെ കുറിച്ച് ചിന്തിക്കാതെ പ്രത്യാശയോടെ കാൽവരിമലകയറുക. നിങ്ങളുടെ സഹനവും, എളിമയും, താഴ്മയും, പുറന്തള്ളലും, നിശബ്ദതയും വഴി ദൈവീക പദ്ധതി പൂർത്തികരിക്കപ്പെടും. നിങ്ങളുടെ അരികെ ഈ അമ്മയുണ്ട്. ഉറ്റ സുഹൃത്തുക്കളാൽ പോലും പുച്ഛിച്ച് തള്ളാവുന്ന പരിത്യക്താവസ്ഥയിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിച്ചിരിക്കുന്നത്. ഈ ക്ഷണം സ്വീകരിക്കുക വഴി എന്റെ സൈന്യനിരയെ തടസ്സപ്പെടുത്തുവനായി എന്റെ ശത്രുമാരകമായ കെണികൾ ഒരുക്കുന്നതിൽ പരാജയപ്പെടും. മക്കളെ സഹനജീവിതവും, ജപമാല പ്രർത്ഥനയുടെ ശക്തിയും, ദിവ്യകാരുണ്യസമർപ്പണവും, വിമലഹൃദയപ്രതിഷ്ഠയും വഴി നിങ്ങൾ ശക്തരായി ധീരതയോടെ മുന്നേറുക.

ഇത് മഹാസമരത്തിന്റെ സമയമാണ്. ഭീകരതകളും, പ്രക്ഷോപണങ്ങളും, കൂട്ടകൊലപാതകങ്ങളും, പ്രകൃതിക്ഷോപങ്ങളും, യുദ്ധം, വരൾച്ച, കലഹം, ദൈവീകവിശ്വാസം പരിത്യജിക്കൽ, ഇവയെല്ലാം സാത്താന്റെ സന്തോഷത്തിന്റെ അടയാളങ്ങളാണ്. മക്കളെ നിങ്ങൾ കൂടുതൽ ഒരുക്കമുള്ളവരായിരിക്കുക. സ്നേഹത്തിലും പുണ്യാഭിവൃദ്ധിയിലും ജീവിക്കുക, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ രാജാവായ യേശുക്രിസ്തു തന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിന്റെ പ്രഭാപൂരത്തിൽ എഴുന്നുള്ളിവരുന്ന സമയം സമീപിച്ചിരിക്കുന്നു. ഈ ദ്വിതീയ ആഗമനത്തിന്റേയും അമ്മയാകുവാൻ ഞാൻ തിരഞ്ഞെടുക്കപ്പെട്ടതിനാൽ മാതൃവിശേഷമായ സ്നേഹത്തോടെ മനുഷ്യരാശിയെ ഒരുക്കുകയെന്ന ദൗത്യനിർവ്വഹണത്തിനായി ഈ അമ്മ പരിശ്രമിക്കുകയാണ്. മക്കളെ, ഈ അമ്മയ്ക്ക് ശക്തിപകരുക. വേദനാപൂർണ്ണമായ കാലയളവിൽ നിങ്ങൾക്ക് സമാധാനമായി കഴിയാനുള്ള എന്റെ വിമലഹൃദയത്തിൽ സ്വയം പ്രതിഷ്ഠ നടത്തുക. നമുക്കൊരുമിച്ച് കാൽവരി കയറി വിശുദ്ധിയുള്ള സഹനത്തിലൂടെ

മഹത്വീകൃതമായ ഭാവിയെ പുൽകാം. മക്കളെ തിരുസഭയ്ക്കും, മാർപ്പാപ്പയ്ക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. ഭരണകൂടങ്ങളിൽ വിള്ളൽ ബാധിച്ചിരിക്കയാൽ നിങ്ങളുടെ പ്രാർത്ഥനകൾ കൂടുതൽ തീക്ഷണത ഉള്ളതാക്കുക. ഇനി ഞാൻ അല്പം മാത്രം സംസാരിക്കുന്ന കാലം വരുന്നു. എങ്കിലും നിസ്സാരമെന്ന് തോന്നുന്ന ഒരു കാര്യം പോലും അനുസരിക്കാതിരിക്കരുത്. ഭയമില്ലാതെ, നിങ്ങളുടെ കാലഘട്ടത്തിന്റെ വ്യഗ്രതകളുടേയും, ഭയാശങ്കകളുടേയും മധ്യേ അരൂപിയുടെ പ്രശാന്തതയിൽ ജീവിക്കുക. ഈ അമ്മ നിങ്ങളോടൊപ്പമുണ്ട്.

XXXXIII 2001 ജനുവരി 9

അടയാളങ്ങളെക്കുറിച്ച് സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ ലഭിച്ച സന്ദേശം "കുഞ്ഞേ, കതിരും, പതിരും തിരിയ്ക്കേണ്ട സമയമാണിത്. വിരലിലെണ്ണാവുന്നവർ വിശ്വസ്തരായി നിലനിൽക്കുകയും അത് വഴി രക്ഷിക്കപ്പെടുന്ന മക്കൾ ജീവിതം അനുഭവമാക്കിതീർക്കുകയും ചെയ്യും. ഈ ശുശ്രൂഷയിലൂടെ നല്കപ്പെട്ട അടയാളങ്ങൾ വഴി രക്ഷിക്കപ്പെടുന്നവരേറെയാണ്. അടയാളങ്ങളെ തിരസ്ക്കരിക്കുന്നവരും, ഫലശൂന്യമായ രീതിയിൽ മുദ്രചെയ്യുന്നവരും വിരളമല്ല. പിതാവിന്റെ കരവേലകളായ മനുഷ്യമക്കളെല്ലാം യേശുക്രിസ്തുവിനെ അടയാളമായി സ്വീകരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. എപ്പോഴെങ്കിലും അനുഭവപ്പെടുന്ന സുഗന്ധം കരുണയാലാണെന്നറിയുക. വിശുദ്ധിയുള്ള ജീവിതത്തിന്റെ ഉടമകളാകാൻ ഘോരസമരം ചെയ്ത് വിജയിച്ചേ പറ്റൂ. അപ്പോൾ ഈ ഭൂമുഖം നറുമണത്താൽ നിറയും. ദൈവസന്നിധിയിൽ കൃപ കണ്ടെത്താനുള്ള അതീവ ആഗ്രഹം നിങ്ങളിൽ ഉണ്ടാകട്ടെ. പരാതിയുമായി പരോമന്നതന്നെ സമീപിച്ചിരിക്കുന്ന സാത്താനെ പ്രാർത്ഥനയും, പരിത്യാഗവും വഴി ചെറുത്ത് തോല്പിക്കുക. പരീഷണങ്ങളെ അതിജീവിക്കാനുള്ള ദൈവീകശക്തി സംഭരിക്കുക. യേശുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ നിറയട്ടെ.

XXXXIV. 2001 മാർച്ച് 25 മാതാവ് നല്കിയ സന്ദേശം

"എന്റെ മക്കളെ അവതരിച്ച വചനത്തിന്റെ അമ്മയാണ് ഞാൻ" വചനം മനുഷ്യപ്രകൃതി സ്വകരിക്കുന്നതിന് സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുമടിയിൽ നിന്നും എളിയവളായ നിങ്ങളുടെ അമ്മയുടെ ഉദരത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദിനത്തിന്റെ സ്മരണകളാൽനിറഞ്ഞിരിക്കുന്ന മക്കളെ, നിങ്ങളേയും ദൈവതിരുമനസ്സ് പരിപൂർണ്ണമായി നിറവേറ്റാനുള്ള ജീവിത്തിൽ സഹായിക്കാൻ സദാസന്നദ്ധയാണെന്നറിയുക. അധരത്താൽ മാത്രമല്ല, ഹൃദയം കൊണ്ട് ഈ അമ്മയോടൊപ്പം 'ഉവ്വ്' പ്രത്യുത്തരിക്കുന്ന മക്കളാകുക. നിങ്ങളുടെ ആത്മാവിനെ കളങ്കപ്പെടുത്തുന്ന മാലിന്യങ്ങളെ ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുക, എന്റേതല്ലാത്ത പാദമുദ്രകളെ തിരിച്ചറിയാതെ നിങ്ങൾ ജീവിക്കുന്നതിനാൽ ഈ അമ്മ ദു:ഖിതയാണ്. വളരെ പ്രതീക്ഷയോടെ ഈ ഭൂമിയെ മനോഹരമായ പൂന്തോട്ടമായി സൃഷ്ടിച്ചുകാവൽക്കാരെ

ഏർപ്പെടുത്തി. എന്നാൽ ഇന്ന് കാവൽക്കാർ സുഖാന്വേഷികളായി, പൂക്കളെല്ലാം ഉണങ്ങുന്നു, ചുറ്റുപാടും നോക്കുമ്പോൾ എന്റെ തിരുകുമാരന്റെ ഹൃദയം ദുഃഖംകൊണ്ട് നിറയുന്നു. നശിച്ച് കിടക്കുന്ന ഒരു മരുഭൂമിയും അതിൽ വന്യമൃഗങ്ങൾ വിഹരിക്കുന്നതും കാണുമ്പോൾ ഞങ്ങളുടെ ഹൃദയം എത്രമാത്രം വേദനിക്കുന്നു എന്ന് നിങ്ങളറിയുക. വിരളമായി അരൂപിയിൽ നിലനിൽക്കുന്ന മക്കൾ അടിതെറ്റിവീഴാതിരിക്കുവാനും, അനുതപിച്ച് തിൻമയ്ക്ക് പകരം നന്മചെയ്ത് മാനവകുലം മുഴുവനും രക്ഷ അനുഭവിക്കാനുമായി നിങ്ങൾ പ്രാർത്ഥിക്കുക. നിങ്ങളുടെ ഇച്ഛാശക്തിയെ ഈ അമ്മയ്ക്ക് വിട്ടുതരിക, നിങ്ങളെ ബാധിച്ചിരിക്കുന്ന തിന്മയുടെ കെണികളിൽ നിന്നും, എന്റെ ആത്മാവ് വെറുക്കുന്ന സർവ്വതിൽ നിന്നും മോചിപ്പിച്ച് വചനമായ യേശുവിലേയ്ക്ക് ഞാൻ നിങ്ങളെ വളർത്താം. മക്കളെ ദൈവം നൽകുന്ന അനുഭവങ്ങളിൽ അവിശ്വസിക്കുകയോ, അവനെ പ്രതി നിങ്ങളെ പരിഹസിക്കുകയോ ചെയ്യുന്നവരെ ഭയപ്പെടേണ്ട. ധൈര്യപൂർവ്വം യേശുക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുക. പരീക്ഷണങ്ങളുണ്ടാകുമ്പോൾ ധൈര്യം കൈവെടിയരുത്. നിങ്ങൾ പ്രത്യേകമായി നിർവ്വഹിക്കേണ്ട ചുമതലകൾ ചുരുങ്ങിയ കാലയളവിൽ നിർവ്വഹിക്കപ്പെടേണ്ടിയിരിക്കുന്നു. അംഗീകാരത്തിനോ, പുകഴ്ച്ചക്കോ മനുഷ്യമനസ്സിൽ സ്ഥാനം കൊടുക്കരുത്. സഹനത്തിന്റെ പാതയെ പുൽകുക. എന്തെന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, ആരെങ്കിലും നിങ്ങളെ നിശബ്ദരാക്കുന്നുവെങ്കിൽ കല്ലുകൾ ആർത്തട്ടഹസിക്കുകയും, ലോകത്തെ ഭയന്ന് സത്യത്തിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ച് സാക്ഷ്യം നല്കാതിരുന്നാൽ കല്ലുകൾ എന്റെ ദുഃഖത്തെ പ്രതിനിലവിളിക്കുകയും ചെയ്യും. മക്കളെ നിങ്ങളുടെ ജീവിതത്തിൽ എത്ര വലിയ പാപങ്ങൾ ചെയ്തവരായാലും ദൈവസ്നേഹത്തിൽ ആശ്രയിക്കുകയും, അനുതാപം നിങ്ങളിൽ ഉണ്ടാകുകയും ചെയ്താൽ തീർച്ചയായും രക്ഷ നിങ്ങൾ അനുഭവിക്കും. നിങ്ങളോടുള്ള ദൈവത്തിന്റെ ആർദ്രതയ്ക്ക് പരിമിതിയില്ല. മക്കളെ സാക്ഷ്യത്തിനായി നിങ്ങൾക്ക് നൽകപെട്ടിരിക്കുന്ന കുരിശിനെ സൂക്ഷിക്കുക. വഞ്ചകരെ തിരിച്ചറിയുക. കാപട്യത്തിന്റെ പുറംകുപ്പായങ്ങൾ ധരിച്ചിരിക്കുന്നവരുടെ സമ്പർക്കത്തിൽ വിവേചനം പുലർത്തുക. സർവ്വരുടേയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

മക്കളെ യേശുവാകുന്ന സത്യം ഈ വിമലഹൃദയത്തിലൂടെ മഹത്വീകരിക്കപ്പെടേണ്ട സമയം അടുത്തിരിക്കുന്നു. അതിനാൽ ഒരുക്കമുള്ളവരായിരിക്കുക. തന്റെ ആലയമായ നിങ്ങളുടെ ഇടയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ശൂന്യമാക്കുന്ന മ്ലേച്ഛതയെ അവിടുത്തെ അഗ്നിയാൽ അവിടുന്ന് ദഹിപ്പിക്കും. ഇത് ഘോരപരീക്ഷണത്തിന്റെ സമയമാണ്. അസത്യം സത്യത്തെ പീഡിപ്പിക്കുന്നു. എന്റെ ശത്രു എന്റെ അനേകകോട്ടകളെ ആക്രമിച്ച് കീഴ്പ്പെടുത്തുന്നു. പിരശുദ്ധാത്മാവിനെ തള്ളിക്കളഞ്ഞ് ഭക്തകളും, ഭക്തന്മാരുമായി, ചമഞ്ഞ് നടക്കുന്നവരെ “അനുതപിക്കുക” മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഒരു മഹാവിപത്തിന്റെ കാലം വരും. ഭൂമിയുടെ അടിസ്ഥാനം പ്രകമ്പനം കൊണ്ട് കൊണ്ടേയിരിക്കുന്നു. മക്കളെ പശ്ചാത്തപിക്കുക. നഗ്നപാദനും, രക്തത്താൽ കുതിർന്ന ശരീരമുള്ളവനും, എന്നാൽ നിങ്ങളോടുള്ള സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയമുള്ളവനും, നിങ്ങളുടെ ആത്മീയസ്നേഹം

ലഭിക്കാത്തതുമൂലം ചുണ്ടുകൾ ഉണങ്ങിയിരിക്കുന്നവനുമായ എന്റെ തിരുകുമാരനെ ഒന്ന് നോക്കുക, നിങ്ങൾ രക്ഷപ്രാപിക്കും. മക്കളെ തിരുസഭയ്ക്കായി പ്രാർത്ഥിക്കുക. പുരോഹിതഗണത്തിന്റെ രഹസ്യം മനുഷ്യാവതാരത്തിലൂടെയെന്നപോലെ മനുഷ്യമക്കളിൽ പൂർണ്ണമാകുന്നത് തിരിച്ചറിയാനും, സ്വീകരിക്കുവാനും മക്കളെ, നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ഈ അമ്മ പ്രാർത്ഥിക്കുന്നു. ഈ വിമലഹൃദയമാകുന്ന സങ്കേതത്തിലേക്ക് മക്കളെ ഓടിയണയുക. ഉണർവ്വോടെ പ്രാർത്ഥനാനിർഭരരായി കുരിശിൻ പാതയിൽ നമുക്ക് ഒരുമയോടെ നീങ്ങാം. യേശുവിൽ സമാധാനം നിങ്ങൾക്കാശംസിക്കുന്നു.

XXXXV. 2001 ആഗസ്റ്റ് 15-ാം തിയ്യതി സ്വർഗ്ഗാരോപണ തിരുനാൾ ദിവസം പരിശുദ്ധ മാതാവ് നൽകിയ സന്ദേശം

പിതാവായ ദൈവം ഏകപുത്രന് മനുഷ്യനായി അവതരിക്കാൻ അവിടുത്തെ കരുണയാൽ യോഗ്യനാക്കിയ നിങ്ങളുടെ അമ്മയുടെ സ്വർഗ്ഗാരോപണദിനം അനുസ്മരിക്കുന്ന മക്കളെ, ഇതാ ഈ അമ്മ എന്റെ വിമലഹൃദയത്തിന്റെ സുവർണ്ണ കവാടം തുറന്ന് നിങ്ങളെ അതിലേയ്ക്ക് സ്വീകരിക്കുകയും പരിശുദ്ധത്രീത്വത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.

മക്കളെ നിങ്ങൾ തിരിച്ചറിവിലേക്ക് വളരേണ്ട കാലഘട്ടമാണിത്. സ്വാർത്ഥതയാൽ ശുഷ്കിച്ച്പോയ മനുഷ്യഹൃദയങ്ങളിൽ ദൈവസ്നേഹം വറ്റിപോകുന്നു. ലോകത്തിലെ വലിയൊരു ഭാഗത്തെ തന്റെ കൊടിക്കീഴിൽ കൊണ്ടുവരാൻ സാധിച്ചു എന്ന് വീമ്പിളക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുന്ന സാത്താൻ ദൈവീക പദ്ധതിയിൽ നിന്ന് മാനവരാശിയെ അകറ്റികൊണ്ടുപോകുന്നു. മക്കളെ ഈ അമ്മ നിങ്ങളെ ഓർമ്മിപ്പിക്കുന്നു, ലോകം കണ്ടിട്ടുള്ളതിൽ നിന്നും വിഭിന്നമായ, മനുഷ്യന് സങ്കല്പിക്കാൻ കഴിയാത്ത മഹാപീഡനത്തിന്റെ നാളുകൾ വരുന്നു. സ്വയം വഞ്ചിക്കപ്പെടാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കുക. പാപത്തിനെതിരെ യുദ്ധം ചെയ്യാനും, പ്രാർത്ഥിക്കുവാനും, പരിഹാരം ചെയ്യുവാനും, പ്രാർത്ഥിക്കാനുള്ള കൃപനിലനിർത്തുക, നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക. പരിഹാര പ്രവൃത്തികൾ നിങ്ങളുടെ ജീവിതത്തിന്റെ പ്രത്യുത്തരമായി സമർപ്പിക്കുക.

മക്കളെ നിങ്ങൾ കാണുന്നതും, കേൾക്കുന്നതും, അനുഭവിക്കുന്നതുമായ ഇന്നത്തെ ലോകത്തിന്റെ സ്ഥിതികൾ നിങ്ങൾ തന്നെ മനസ്സിലാക്കുക. ഈ അമ്മ പലതവണ ആവർത്തിച്ചിട്ടുള്ളതും, എന്നാൽ മനുഷ്യൻ ഗൗനിക്കാത്തതുമായ പലതും സംഭവിക്കുന്നു. ആന്തരീക ശുദ്ധീകരണത്തിലൂടെയും മാനസാന്തരത്തിലൂടെയും സത്യദൈവത്തിൽ വിശ്വസിച്ച് എളിയ ജീവിതം നയിക്കാൻ ഈ അമ്മ വീണ്ടും ആവശ്യപ്പെടുന്നു. മാറ്റമില്ലാത്തതും പരിപൂർണ്ണവുമായ ദൈവീക സത്യം എന്നേക്കും നിലകൊള്ളും. മനുഷ്യനോടുള്ള തീക്ഷണമായ സ്നേഹത്താൽ ജ്വലിക്കുന്ന തീചൂളയായി മാറിയിരിക്കുന്ന യേശുവിന്റെ ദിവ്യഹൃദയത്തിലേയ്ക്ക് ലോകം മുഴുവനേയും സമർപ്പിക്കുക. തീചൂളയായ ദിവ്യഹൃദയത്തെ താങ്ങുന്ന ഈ അമ്മയുടെ അരികിലേയ്ക്ക് അനുതാപത്തോടെ മക്കളെ ഓടിയണയുക. ആത്മവിശ്വാസത്തോടും സ്നേഹത്തോടും കൂടെ പരിശുദ്ധ ജപമാല ചൊല്ലുക. കൂടെക്കൂടെ കുമ്പസാരിക്കുക, പരി

ശുദ്ധനായ ദിവ്യകാരുണ്യ നാഥനെ സ്വീകരിക്കുക. പാപം, സാഹചര്യങ്ങളോടുമൊപ്പം വർജ്ജിക്കുക. തിരുസഭയോട് വിധേയരായിരിക്കുക. മാർപ്പാപ്പയ്ക്കായി പ്രാർത്ഥിക്കുക. ഹോമയാഗത്തിനുള്ള കുഞ്ഞാടുകളായി പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്ന എന്റെ പ്രിയപ്പെട്ട വൈദീകർക്കും സന്യസ്തർക്കുമായി പ്രാർത്ഥിക്കുക, തീക്ഷണമായി പ്രാർത്ഥിക്കുക, കാരണം സാത്താൻ അവന്റെ സന്തോഷത്തിലേക്ക് സമർപ്പിതരെ ആകർഷിക്കുന്നതിൽ കൂടുതൽ തൽപരനായിരിക്കുന്നു.

മക്കളെ, ഈ അമ്മയുടെ ഓരോ ആഹ്വാനങ്ങളും ഗൗരവമായി സ്വീകരിക്കുക. ഞാൻ നിങ്ങളുടെ കൂടെയുണ്ട്. എന്റെ തിരുക്കുമാരന്റെ തിരുമുഖത്തിൽ ആശ്വാസം കണ്ടെത്താൻ ഈ അമ്മ നിങ്ങളെ സഹായിക്കാം. സ്വന്തമായി കരുതിയവരിൽ നിന്നുണ്ടായ യാതൊന്നിനെയൊ, പരിഹാസങ്ങളെയോ ഗൗനിക്കാതെ എളിമയിലും, വിശുദ്ധിയിലും, വിശ്വാസത്തിലും, പ്രാർത്ഥനയിലും ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും ഈ അമ്മയോടൊപ്പം ആയിരിക്കുക. നിത്യതയുടെ പ്രകാശത്തിലേക്ക് പ്രവേശനം നല്കുന്ന വചനമാകുന്ന കവാടം നിങ്ങളുടെ അമ്മയുടെ വിമലഹൃദയം വഴി നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറയുക. ദ്വിതീയ പന്തക്കുസ്തയ്ക്കായി ഒരുങ്ങുക. ദൈവത്തിന്റെ മഹത്വം പാടിപുകഴ്ത്തുവാൻ ഇടയാകുംവിധത്തിൽ അവിടുത്തെ ദിവ്യമായ കരുണവഴി എല്ലാ തിന്മകളും പാപങ്ങളും നിർമ്മാർജ്ജനം ചെയ്യപ്പെടട്ടെ എന്ന് ഈ അമ്മ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ.

XXXXVI. 2001 സെപ്തംബർ 8 ന് ലഭിച്ച സന്ദേശത്തിലെ പ്രധാന കാര്യങ്ങൾ

1. വികലമാക്കപ്പെടുന്ന കുരിശിന്റെ അടയാളങ്ങളെയോർത്ത് യേശുവും പരിശുദ്ധ അമ്മയും വേദനിക്കുന്നു.

ഈ ലോകത്ത് ജീവിക്കുന്ന ഓരോ മനുഷ്യനും, യേശുക്രിസ്തു കാൽവരിക്കുരിശിൽ അർപ്പിച്ച ബലിയാൽ വിശുദ്ധീകരിച്ച് നേടിയെടുക്കപ്പെട്ടവരാണ്. യേശു കുരിശിന്റെ പാതസ്വീകരിച്ച്, ജീവൻ ബലിയർപ്പിച്ച് ഓരോ വ്യക്തികളേയും വിശുദ്ധ കുരിശിന്റെ അടയാളത്താൽ മുദ്ര ചെയ്ത് പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ പുതുജന്മമേകി സംരക്ഷിക്കാൻ ഏല്പിച്ചു. ഇങ്ങനെ ഏല്പിക്കപ്പെട്ട ഓരോ മനുഷ്യനും യേശുക്രിസ്തുവിന്റെ കുരിശിന്റെ അടയാളങ്ങളാണ്. മഹത്വീകരിക്കപ്പെട്ട കുരിശിന്റെ അടയാളങ്ങളായ മനുഷ്യൻ സഹനം സ്വീകരിക്കാതെയും, പാപകരമായ ജീവിതം പിൻതുടർന്നും ബലിജീവിതം നശിപ്പിക്കുമ്പോൾ കുരിശുമരണത്തിലൂടെ മാനവകുലത്തെ നേടിയെടുത്ത യേശുവേദനിക്കുന്നു. ക്രൂശിതനെ താങ്ങിയ വിമലഹൃദയവും വേദനിക്കുന്നു.

(ii) കരകൗശല വസ്തുക്കളെപ്പോലെ തച്ചുടയപ്പെടുന്ന സമർപ്പണ ജീവിതങ്ങളെ കണ്ട് യേശുവും അമ്മയും വേദനിക്കുന്നു.

(iii) പൊതുവേദിയിലെ പ്രദർശന വസ്തുവായിത്തീരുന്ന പരിശുദ്ധ ദിവ്യകാരുണ്യം
(പരിശുദ്ധ കുർബ്ബാനയ്ക്കു നേരെയുള്ള അവഹേളനങ്ങൾ)

- സ്വർഗ്ഗനിവാസികളോട് ചേർന്ന് ത്രീത്വൈക - ദൈവത്തെ ആരാധിച്ച മഹത്വപ്പെടുത്തുക.

- സമ്പൂർണ്ണ സമർപ്പണം നടത്തി ജീവിക്കുന്ന -

മക്കളോട് ചേർന്ന് ദൈവത്തെ ആരാധിച്ച് - മഹത്വപ്പെടുത്തുക

- കുടുംബജീവിതം നയിക്കുന്ന മക്കളോട് - ചേർന്ന് ദൈവത്തെ ആരാധിച്ച് മഹത്വപ്പെടുത്തുക.

XXXXVII നവംബർ 2-ാം തിയ്യതി മാതാവ് നൽകിയ സന്ദേശം

എന്റെ പ്രിയ കുഞ്ഞുങ്ങളെ, സ്വർഗ്ഗത്തിൽ അതീവ സന്തോഷത്തിന് കാരണമായ നിങ്ങളുടെ പ്രാർത്ഥനയേയും സഹനത്തേയും സ്വീകരിച്ചുകൊണ്ട് ഈ അമ്മയും ഈ സുദിനത്തിൽ നിങ്ങളോടൊപ്പം സന്തോഷിക്കുന്നു. മക്കളെ അന്ധകാര ശക്തികളെ തോൽപ്പിക്കുന്ന ശക്തിയുള്ള ജപമാലയെന്ന ആയുധം നിത്യരക്ഷയുടെ അലംഘനീയമായ ഉറപ്പാണ്. പാഷാണ്ഡതകളെ ഉൻമൂലനം ചെയ്ത് പാപത്തെ ക്ഷയിപ്പിച്ച് തിന്മയുടെ ശക്തിയെ നശിപ്പിക്കാൻ കഴിവുള്ള ഈ പ്രാർത്ഥന ഏറ്റവും അത്യാവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. കാരണം ഇത്രമാത്രം നാശവും, അപകടവും, തിന്മയും യുദ്ധഭീഷണിയും ഉണ്ടായിട്ടുള്ള ഒരുമനുഷ്യവർഗ്ഗം ഇതിന് മുമ്പ് ഉണ്ടായിട്ടില്ല. ലോകത്തിൽ ദൈവീക സമാധാനം ഉണ്ടാകുവാൻ നിരന്തരം ജപമാല ചൊല്ലിയും പരിശുദ്ധ കുർബ്ബാനയുടെ ശക്തി സ്വീകരിച്ചും പ്രാർത്ഥിക്കുക. പരിശുദ്ധ കുർബ്ബാനയുടെ മഹത്തായ രഹസ്യത്തേയും ശക്തിയേയും കുറിച്ച് ലോകത്തിന് ബോധ്യം നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിങ്ങൾ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിലേക്ക് ഓടിയണയുക, ഈ അമ്മ എപ്പോഴും അവിടെയുണ്ട്. ജപമാല ഭക്തി പ്രചരിപ്പിക്കുക, ജപമാല ഭക്തർ എന്തു ചോദിച്ചാലും അതു ലഭിക്കും. ഈ ലോകത്ത് കാണുന്ന എല്ലാ തിന്മകളുടെയും അടിസ്ഥാനം ലോകസുഖത്തിന്റെ പൂർണ്ണതയിലെത്തണമെന്ന മനുഷ്യന്റെ അജ്ഞതയാണ്. പരിപൂർണ്ണനായ ദൈവത്തിന്റെ ഹിതം പ്രവർത്തിക്കാൻ മനുഷ്യൻ തയ്യാറാവുന്നില്ല. ഈ നാശം ഒഴിവാക്കാൻ ഒരു മാർഗ്ഗമേ ഉള്ളൂ, മാനസാന്തരപ്പെടുക. മാനസാന്തരം പാപിക്കും പരിശുദ്ധനും ആവശ്യമാണ്. ഇത് ഒരു നിമിഷം കൊണ്ട് ആരംഭിച്ചുവെന്ന് വരാം, എന്നാൽ അത് ഒരു ജീവിതം കൊണ്ടേ പൂർത്തിയാകൂ. മക്കളെ ആരാണ് നിങ്ങൾക്ക് അനുകൂലമെന്നും, പ്രതികൂലമെന്നും പരിഗണിക്കേണ്ട, നിന്ദാപാമാനങ്ങളുടെ മദ്ധ്യേ സമാധാനത്തിൽ കഴിയുക. മൗനമായിസഹിക്കാൻ അഭ്യസിക്കുക. എന്റെ തിരുകുമാരന്റെ സഹായം നിങ്ങളോടൊപ്പം ഉണ്ട്. കുരിശിന്റെ സന്ദേശം ആകണം നിങ്ങളുടെ സന്തോഷം. കുരിശിലാണ് രക്ഷ, കുരിശിലാണ് സ്വർഗ്ഗീയ മാധുര്യത്തിന്റെ പൂർത്തീകരണം. കുഞ്ഞുമക്കളെ കുരിശ് എല്ലായിടത്തും നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നു. പൂർണ്ണഹൃദയത്തോടെ അതിനെ പുൽകുക, അല്ലാത്തപക്ഷം അതിന്റെ ഭാരം വർദ്ധിക്കും. സാത്താൻ വഞ്ചിതരായതുമൂലം ദൈവീക ആസൂത്രണത്തിന് പ്രത്യുത്തരിക്കാൻ തയ്യാറാകാത്ത, ഞാൻ തിരഞ്ഞെടുത്ത ഉപകരണങ്ങൾ മൂലം വിഷമങ്ങളും ഏറ്റുമുട്ടേണ്ട അവസരങ്ങളും വരുമ്പോൾ മക്കളെ, ഭയപ്പെടരുത്. ദൈവത്തിൽ വിശ്വാസം അർപ്പിക്കുക, ഈ അമ്മ നിങ്ങളുടെ കൂടെയുണ്ട്. മക്കളെ മതമർദ്ദനം ഇനി ഏറെയുണ്ടാകും. എവിടെയും സമാധാനമില്ലാത്ത അവസ്ഥ വരും ഈ കാലയളവിൽ സുവിശേഷത്തെ ഒറ്റിക്കൊടുത്ത് നടത്തുന്ന പ്രസംഗ

ങ്ങൾ ശ്രദ്ധിക്കപ്പെടുകയും അതനുസരിച്ച് മക്കൾ ജീലിക്കുകയും ചെയ്യുന്നു.  കള്ള പ്രവാചകരുടെ പ്രവാഹം എന്റെ വിശ്വസ്ഥരായമക്കളിൽ ഭൂരിഭാഗത്തിലും അവ്യക്തതയും ചിന്താകുഴപ്പവും ഉണ്ടാക്കിയിരിക്കുന്നു.  മക്കളെ, ഓർക്കുക ദൈവത്തെ മാറ്റിനിർത്തി പരിഹാര മാർഗ്ഗങ്ങൾ തേടുന്നവർ മരീചികയിൽ വെള്ളമന്വേഷിക്കുകയാണ് ചെയ്യുന്നത്.  യേശുവിനെ കൂടാതെ ഒരു സത്യമില്ല, ഒരു മാർഗ്ഗവുമില്ല.  എന്തെന്നാൽ ഇതാ അവൻ എന്നേക്കും ജീവിക്കുന്നു.  മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ അവന്റെ കയ്യിലുണ്ട്.  മക്കളെ യേശുവിനെ അറിഞ്ഞ്, അനുഭവിച്ച് സ്നേഹിക്കുക, വിശ്വസിക്കുക, മന:സ്തപിക്കുക, അനുതപിക്കുക, പാപത്തിന്റെ പീഢനങ്ങളിൽ നിന്ന് രക്ഷപ്പെടുക, ഈ അമ്മ നിങ്ങളെ സഹായിക്കാം.  പാപത്തിന്റെ പീഢനം അതിന്റെ നിത്യതയായ നരകത്തിലേക്കാണ് നിങ്ങളെ നയിക്കുക.  ഇതാണ് രക്ഷയുടെ സമയമെന്നറിയുക.

സർവ്വ നന്മകളുടേയും വിരോധിയായ പൂർവ്വശത്രു പരീക്ഷകൾ നിർത്താതെ, ജാഗരൂകരല്ലാത്തവരെ കെണിയിൽ വീഴിച്ചുകൊണ്ട് എന്റെ ഇവിടുത്തെ പ്രവർത്തനങ്ങളേയും തകർക്കാൻ അക്ഷീണം ശ്രമിക്കുന്നു.  മക്കളെ യേശുവിന്റെ ഉദ്ദേശങ്ങളോട് യോജിച്ചു നിന്നുകൊണ്ട് പ്രാർത്ഥനയിലും പരിത്യാഗത്തിലും  ജീവിക്കുക. പലപ്പോഴും ഞാൻ പറഞ്ഞിട്ടുള്ളതും ഇപ്പോൾ സ്ഥിരീകരിക്കുന്നതുമായ സുഗന്ധാഭിഷേകത്തെക്കുറിച്ച് പരിഹാസങ്ങൾ സ്വീകരിക്കുവാനും, ശാന്തതയുടേയും, വിശുദ്ധിയുടേയും ജീവിതം നയിക്കുവാനും ഒരുങ്ങുക. പല സന്ദർഭങ്ങളിലും, പല വിധത്തിലും പലർക്കും അഭിഷേകമായി അതു ലഭിക്കാമെങ്കിലും എന്റെ പ്രിയകുഞ്ഞിലൂടെ  ഭവനത്തിലൂടെ നൽകി കൊണ്ടിരുന്ന അടയാളം മറ്റുള്ളവർക്ക് അനുഭവമാകും വിധത്തിൽ ഇനിമേൽ ലഭിക്കുകയില്ല. ഏറ്റവും വലിയ ദുരന്തം സംഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യഹൃദയങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കാൻ മക്കളെ, സുഗന്ധത്തിന്റെ അടയാളമായി നിങ്ങൾ ഈ അമ്മയോടൊപ്പം അണിചേരുക. നമുക്ക് ഒന്നുചേർന്ന് ദൈവപിതാവിന്റെ തിരുസന്നിധിയിൽ നിന്ന് ഈ ഭൂമിയിലേക്ക് കൃപകൾ സ്വീകരിച്ച് പ്രാർത്ഥിക്കാം. എന്റെ പ്രിയപ്പെട്ട മക്കളുടെ ആത്മനാശം കണ്ട് വേദനിക്കുന്നതൊടൊപ്പം വേദനയോടെ ഒരു കാര്യം നിങ്ങളെ അനുസ്മരിപ്പിക്കട്ടെ , ഞാൻ നിങ്ങൾക്ക് പറഞ്ഞു തന്ന പല സന്ദേശങ്ങളും നിങ്ങൾ ഗൗനിക്കാതെയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് എനിക്ക് ഏറെ വേദനാജനകമാണ്. നിങ്ങൾ എത്ര വേദനിപ്പിച്ചാലും എനിക്ക് നിങ്ങളെ സ്നേഹിക്കാനെ കഴിയൂ. മക്കളെ ഇനിയും എനിക്ക് എന്തെങ്കിലും പറയണമെങ്കിൽ കഴിഞ്ഞ നാളുകളിൽ ഞാൻ പറഞ്ഞിട്ടുള്ളത് നിങ്ങൾ അനിസരിക്കണമെന്നാണ് എന്റെയും എന്റെ തിരുകുമാരന്റെയും ഹൃദയാഭിലാഷം അതിനാൽ വചനം അനുസരിക്കുക, പരിശുദ്ധ കുർബ്ബാനയിലും, ജപമാല ഭക്തിയിലും, ഉപവാസത്തിലും, കുമ്പസാരത്തിലുംതീക്ഷ്ണതയുള്ളവരാകുക.  എന്റെ സന്ദേശങ്ങൾ ധ്യാനിക്കുക, ജീവിക്കുക.  അനുസരണത്തിലും, എളിമയിലും പാപത്തെ ഉപേക്ഷിച്ച് വിശ്വാസത്തിന്റേയും, സത്യത്തിന്റേയും പാതയെ പുൽകുക.  ഇനിയും ഇപ്രകാരം വളരെ ഞാൻ സംസാരിക്കില്ല.  ഈ വിമല ഹൃദയത്തിൽ എല്ലാം സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.  മക്കളെ ഈ ഹൃദയം നിങ്ങളുടെ സ്വന്തമാണ്.  സ്വന്തമായതിനെ തള്ളികള

യരുതെ, യേശുവിന്റെ ഹൃദയ തണലിലേക്ക് ഞാൻ നിങ്ങളെ നയിക്കാം എന്ന് സമാധാനം നൽകികൊണ്ട്, ഈ നല്ല ദിനത്തിന്റെ ആശംസകൾ യേശുവിൽ നിന്നും സ്വീകരിച്ച് നിങ്ങൾക്കേകുന്നു. ആമേൻ.

2001 നവംബർ 2ന് പരിശുദ്ധ ദൈവമാതാവ് വെളിപ്പെടുത്തിയ സന്ദേശത്തെയും ചരിത്ര ത്തെയും കുറിച്ച്.

ചരിത്രത്തെക്കുറിച്ച്:- ഭൂമിയെ പ്രതിനിധീകരിക്കുന്ന വലിയ ഒരു ഭൂഗോളം. ഈ ഭൂഗോള ത്തിന്റെ 3/4 ഭാഗത്തെ ഒരു സർപ്പം ചുറ്റിയിരിക്കുന്നു. 1/4 ഭാഗം വിഴുങ്ങാൻ സർപ്പം വാപി ളർന്ന് നിൽക്കുന്നു. തീയ്യും, പൊടിയും, പുകയും, കാറ്റും, ഭീകര ശബ്ദങ്ങളും നിറഞ്ഞ അന്തരീക്ഷം. എങ്ങും അസമാധാനം..... അപ്പോഴതാ ത്രീലോകരാജ്ഞിയായ പരിശുദ്ധ ദൈവമാതാവ് പിതാവായ ദൈവത്തിന്റെ ആശീർവ്വാദ അനുഗ്രഹത്തോടെ പരിശുദ്ധാത്മ സഹായത്താൽ ലോകത്തെ രക്ഷിക്കാൻ രണ്ട് ദിവ്യ ആയുധങ്ങളുമായി കടന്ന് വരുന്നു. മാലാഖമാർ വീണകളും തംബുരുകളും മീട്ടുന്നു. എളിമയുടെ പര്യായമായ ശാന്തതയും ഒപ്പം തീക്ഷ്ണതയുടെ ഗാംഭീര്യം നിറഞ്ഞ മുഖഭാവത്തോടെ, അറപ്പോടും വെറുപ്പോടും കൂടെ സാത്താനെ നോക്കുന്നു - അവന്റെ തലയെ ചവിട്ടി തകർക്കുന്നു. ഈ തകർക്കൽ സാധ്യമാകുന്നതിനെക്കുറിച്ച് അമ്മ മക്കളോട് പറയുന്നു.

മക്കളെ എന്റെ വിമല ഹൃദയമാകുന്ന സക്രാരിയിൽ നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കുർബ്ബാനയുടെ ശക്തി വഴിയും (ഒന്നാമത്തെ ആയുധം) അരുണശക്തിയേക്കാൾ പതിന്മ ടങ്ങ് ശക്തിയുള്ള ജപമാല പ്രാർത്ഥന(രണ്ടാമത്തെ ആയുധം) വഴിയും മാത്രമെ സാത്താന്റെ തല തകർക്കപ്പെടുകയുള്ളൂ. മക്കളെ ദിവ്യസക്രാരിയുടെ അരികിലേയ്ക്ക് ഓടിയണയു വിൻ. തിരുമണിക്കൂർ ആരാധന നടത്തുവിൻ. പരിപൂർണ്ണമായ അനുതാപത്തോടും, സ്നേഹ ത്തോടും ഭയഭക്തിയാദരവോടെ സമർപ്പണം നടത്തി ബലിയർപ്പണം നടത്തുവിൻ, പങ്കുപറ്റു വിൻ. അത്ഭുതകരമായ ശക്തിയും ധൈര്യവും പകരുന്ന ദിവ്യകാരുണ്യനാഥന്റെ ഹൃദയസ ക്രാരിയിൽ നിങ്ങളുടെ സ്നേഹത്തിന്റെ ഒരുതുള്ളി പകരാൻ തൽപരരാകുവിൻ. അനേകം ദൈവദോഷങ്ങളെ അത് ശമിപ്പിക്കും. എന്റെ നിർമ്മലമായ ഉദരത്തിൽ ആയിരുന്നപ്പോൾ മുതൽ ദിവ്യകാരുണ്യത്തിന്റെ ജീവിതത്തിലുടനീളവും, ഉത്ഥാനാനന്തരം മഹിമാപ്രതാപ ത്തോടെ ദർശിച്ചപ്പോൾവരെയും ഇപ്പോൾ നിരന്തരവും ഈ അമ്മ അവിടുത്തെ ആരാധിക്കു ന്നു. യേശുവിനോടും അവിടുത്തെ തിരുഹൃദയത്തോടും യോജിച്ച് വിശുദ്ധ കുർബ്ബാന യിലെ കാരുണ്യവുമായി ഗാഢബന്ധം പുലർത്തി, വിമലഹൃദയമാകുന്ന ദിവ്യസക്രാരിക്ക് ചുറ്റും നിങ്ങളുടെ ജീവിതചക്രം തിരിക്കാൻ ഈ അമ്മയെ അനുവദിക്കുക. തീക്ഷ്ണത യോടെ ജപമാല ചൊല്ലുക. തീർച്ചയായും സാത്താന്റെ തലതകർക്കപ്പെടും. മക്കളെ ദിവ്യ കാരുണ്യത്തിന്റെ അമ്മയായ ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു. വിമലഹൃദയ വിജയം സാധ്യമാകേണ്ട സമയമായി. ഇരുണ്ട മേഘങ്ങളെ തൂത്തെറിയാൻ, സകലഹൃദയങ്ങളെയും

കുടുംബങ്ങളെയും, സമുദായങ്ങളെയും, ലോക സംവിധാനത്തെത്തന്നെ മാറ്റി മറിയ്ക്കാൻ ദിവ്യകാരുണ്യനാഥനോട് ചേർന്ന്, ബലിയർപ്പണം വഴി, ജപമാല വഴി നമുക്കൊന്നിച്ച് പോരാടാം. തികച്ചും നവീനവും സമാധാനപരവുമായ ഭൗമീക പറുദീസായുടെ അനുഭവത്തിൽ പ്രവേശിക്കാൻ വിശ്വസ്തരായ മക്കൾക്ക് സാധിക്കും. അതിനാൽ ദിവ്യസക്രാരിയുടേയും, അൾത്താരയുടയും അരികിൽ സന്നിഹിതയാകുന്ന ഈ ദിവ്യകാരുണ്യമാതാവിനെ ശ്രവിക്കൂ – അനുസരിക്കൂ. ഈ ചിത്രവും സന്ദേശവും പ്രചരിപ്പിക്കുന്നവരെയും അവരുടെ ജീവിത സാഹചര്യങ്ങളെയും ഞാൻ യേശുവിന്റെ അനുഗ്രഹങ്ങൾ കൊണ്ട് നിറയ്ക്കും. ഇത് സ്ഥാപിക്കുന്നിടങ്ങൾ, സന്ദേശം ഉൾക്കൊള്ളുന്നവർ അനുഗ്രഹിക്കപ്പെടും.

മക്കളെ ദിവ്യകാരുണ്യനാഥനായി. ഹോമിക്കപ്പെട്ട ബലീവസ്തുവായിക്കഴിയുന്ന യേശുവിനോട് ചേർന്ന് ഈ അമ്മയും നിങ്ങളെ ആശീർവദിക്കുന്നു. കാരുണ്യത്തിന്റെ സക്രാരികളായി പുതിയ ആകാശവും ഭൂമിയും സംജാതമാകുവാൻ പ്രാർത്ഥനയിലും വിശുദ്ധിയിലും മുന്നേറൂ.

XXXXVIII. 2001 ഡിസംബർ 8 ന് പരിശുദ്ധ അമ്മ നല്കിയ സന്ദേശം

കുഞ്ഞുമക്കളെ, മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിന്റേയും മരണത്തിന്റേയും, പരാജയത്തിന്റേയും വേദനകൾ അനുഭവിക്കുന്നത് കണ്ട് പുത്രനെ തന്നെ മോചനദ്രവ്യമായി നല്കാൻ പിതാവായ ദേവം തിരുമനസ്സാകുകയും, അമലോത്ഭവയായ നിങ്ങളുടെ അമ്മയായ എന്നെ അതിനുള്ള കവാടമായി തിരഞ്ഞെടുക്കുകയും ചെയ്ത സ്നേഹത്തെ ആദരവോടെ നിങ്ങൾ അനുസ്മരിക്കുന്നുണ്ടല്ലോ? എന്റെ മാതൃത്വസഹകരണത്തോടെ പാപമോചകനായ യേശു ഈ ഭൂമിയിലേയ്ക്ക് വന്നു. സൗഖ്യം, സ്നേഹം, സമാധാനം ഇവയിലൂടെ മക്കളെ നയിച്ച് പീഢാനുഭവവും കിരുശുമരണവും വഴി തന്നെത്തന്നെ മോചനദ്രവ്യമായി മാനവകുലത്തിനേകി പിതാവിന്റെ തിരുഹിതം നിറവേറ്റി.... എന്നാൽ മക്കളെ, സ്നേഹം ഇന്ന് സ്നേഹിക്കപ്പെടുന്നില്ല, ക്രൂശിതനോട് ലോകമക്കൾക്ക് പുച്ഛമാണ്, ലോകാരൂപിയുടെ സമ്പന്നതയിൽ നിങ്ങൾ സന്തോഷം കണ്ടെത്തുന്നു. മക്കളെ സൃഷ്ടാവിനെ വെല്ലുവിളിച്ച് ജീവിയ്ക്കരുത്. എന്റെ മാതൃഹൃദയം നിങ്ങളുടെ പാപഭാരത്താൽ തളരുന്നു. എന്റെ തിരുക്കുമാരൻ നിങ്ങളിലൂടെ അവഗണിക്കപ്പെടുന്നത് എന്നെയും വേദനിപ്പിക്കുന്നു. മക്കളെ നെടുവീർപ്പുകളോടെ ഈ അമ്മ നിങ്ങളോട് പറയുന്നു. ദൈവീക തീക്ഷ്ണതയും വിശുദ്ധിയുമുള്ള ഈ ലോകത്ത് ജീവിക്കുന്ന മനുഷ്യമക്കളുടെ ആത്മാക്കളാണ് എന്റെയും എന്റെ തിരുക്കുമാരന്റേയും സമ്പത്ത്. എന്നാൽ ഞങ്ങളുടെ സമ്പത്ത് ക്ഷയിച്ച്കൊണ്ടിരിക്കുന്നു. ശത്രുവായ സാത്താൻ വിജയം ആഘോഷിച്ചുകൊണ്ട് ഞങ്ങളെ കളിയാക്കാൻ പോലും ധൈര്യപ്പെടുന്നു. കാരണം സാത്താന്റെ സമ്പത്ത് വർദ്ധിച്ചിരിക്കുന്നു.

തന്റെ വീണ്ടെടുപ്പിന്റെ പൂർണ്ണതയിലേക്ക് മനുഷ്യമക്കളെ വിളിക്കുന്ന ദൈവത്തിന്റെ സ്വരത്തിനുനേരെ കാതുകളടച്ച് പാപസുഖം അനുഭവിച്ച് സാത്താന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്ന മക്കളെ തിരിച്ച്വരുവിൻ. എന്റെ തിരുക്കുമാരന്റെ ദിവ്യഹൃദയത്തിന്റെ ആഴം അളക്കാൻ തൃണതുല്ല്യമായ നിങ്ങളുടെ ജീവിതംകൊണ്ട് പരിശ്രമിക്കരുത്. ഹൃദയകവാടങ്ങൾ തുറക്കൂ

മക്കളെ, സംഭവിക്കാനിരിക്കുന്ന ഭയങ്കരമായ ശിക്ഷാവിധിയെക്കുറിച്ച് ചിന്തിക്കൂ. നിങ്ങളുടെ രക്ഷ സാധ്യമാക്കാനുള്ള ഈ അമ്മയുടെ പരിശ്രമത്തെ നിങ്ങൾ സ്വീകരിക്കൂ. ഈ അമലോത്ഭവ ഹൃദയം നാളിതുവരെ നിങ്ങളോട് പറഞ്ഞത് അനുസരിയ്ക്കൂ. വളരെയധികം പ്രാർത്ഥിക്കൂ, പാപത്തെ സാഹചര്യത്തോടെ ഉപേക്ഷിക്കൂ, സഹനത്തെ സ്നേഹിക്കൂ, പരിഹാര കുർബ്ബാന സ്വീകരങ്ങൾ കൂടുതലായി നടത്തൂ. കർത്താവിന്റെ ബലിവസ്തുക്കളായിത്തീരൂ. എല്ലാം നവീകരിയ്ക്കാനും, തന്റെ മഹനീയ ഭരണം പുനസ്ഥാപിക്കാനുമായി എന്റെ തിരുക്കുമാരൻ വാനമേഘങ്ങളിൽവരും, എന്നോടൊത്ത് കാലഘട്ടത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി ഹൃദയ സമാധാനത്തിലും ആത്മവിശ്വാസത്തിലും ജീവിക്കൂ. ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിയ്ക്കട്ടെ.

XXXXIX. 2002 ജനുവരി 1ന് പരിശുദ്ധ അമ്മ നല്കിയ സന്ദേശം

മൂന്നാം സഹസ്രാബ്ദത്തിന്റെ അനുഭവങ്ങളുമായിക്കഴിയുന്ന എന്റെ കുഞ്ഞുമക്കളെ, ഈ പുതുവർഷ പുലരിയിൽ ദൈവമാതൃത്വത്തിന്റെ ഉത്തരവാദിത്വനിർവ്വഹണംഅതിന്റെ പൂർണ്ണതയിൽ സമർപ്പിക്കാൻ ഈ അമ്മയോടൊപ്പം നിങ്ങൾ സഹകരിക്കണമെന്ന് വീണ്ടും ആവശ്യപ്പെടുകയാണ് നിങ്ങളുടെ അമ്മ. നിങ്ങൾക്കനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഏറ്റവും പരിശുദ്ധപരമത്രീത്വത്തെ അധികമായി മഹത്വപ്പെടുത്തി നിത്യരക്ഷ ഉറപ്പാക്കാൻ നിങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ജാഗരൂകരായിരിക്കുവാൻ അനേകം തവണ ഞാൻ നിങ്ങളോടാവർത്തിച്ചിട്ടുണ്ട്. എന്നാൽ ലോകത്തിലെ ഭൂരിഭാഗം മക്കളും ഈ ദൈവമാതാവിൽ നിന്നും യേശുവിൽ നിന്നും അകന്ന് പോയിരിക്കുന്നു. അവരവരുടേതായ നാസ്തിക - ഭൗതീക സംസ്ക്കാരം കെട്ടിപ്പടുക്കി, പുതിയ മാനദാണ്ഡങ്ങൾ അവതരിപ്പിച്ച്, ലോകസുഖ വികാരങ്ങളെ തൃപ്തിപ്പെടുത്തി ധാർമ്മിക അരാചത്വങ്ങൾക്ക് അംഗീകാരം കൊടുത്ത്, വിശ്വാസം, സ്നേഹം, പ്രത്യാശ ഇവയ്ക്ക് പകരം അഹങ്കാരം, അവിശ്വാസം അത്യാഗ്രഹം, കാമവികാരങ്ങളഉടെ പരക്കം പാച്ചിൽ, തട്ടിപ്പും, ചതിയും, വിദ്വേഷവും, ഹൃദയകാഠിന്യം മുലമുള്ള കൊല, കൊള്ള, കവർച്ച ഇവവഴി ലോകതൃപ്തിയിൽ മുഴുകാൻ മനുഷ്യവംശം കാണിക്കുന്ന ഉത്സാഹം എന്നെയും എന്റെ തിരുക്കുമാരനേയും ഏറെ വേദനിപ്പിക്കുന്നു.

മക്കളെ, എന്റെ പ്രിയകുഞ്ഞിലൂടെ നൽകുന്ന സന്ദേശങ്ങൾ അവസാനിക്കാറായി. എന്റെ തിരുക്കുമാരൻ ഈ കേരളത്തിലെ ഈ കൊച്ചു ഗ്രാമത്തെ തിരഞ്ഞെടുത്ത്, ഈ കുഞ്ഞിലൂടെ ലോകത്തോടു സംസാരിക്കാൻ എന്നെ ഭരമേൽപിച്ചത് വലിയ പ്രതീക്ഷയോടെയാണ്. ഈ കൊച്ച് കേരളത്തിനു മാത്രമായല്ല ഞാൻ സംസാരിക്കുന്നത് ലോകം മുഴുവനും വേണ്ടിയാണ്. മാനുഷിക ബുദ്ധിയിൽ ഒതുങ്ങി നിൽക്കുന്ന കണക്കുകൂട്ടലുകളും, തീരുമാനങ്ങളും, അംഗീകരിക്കപ്പെടലും ഞാൻ കാത്ത് നില്ക്കുന്നില്ല. മക്കളെ മാനസാന്തര

പ്പെടുക. തിരുസഭയ്ക്ക് രക്തം ചിന്തലിന്റേയും, ലോകത്തിന് ശുദ്ധീകരണത്തിന്റേയും നാളുകൾ അടുത്തു വരുന്നു. എന്റെ തിരക്കുമാരൻ അത്യധികമായ സ്നേഹത്തോടെ മനുഷ്യവംശത്തെ രക്ഷിച്ചു. എന്നാൽ മനുഷ്യരിന്ന് രക്ഷകനെ മറക്കുന്നു, സ്നേഹസ്വഭാവം ലൈംഗീക, ലൗകീക തൃപ്തയിലേക്ക് മറയുന്നു. നന്മയുടെ രൂപത്തിൽ വരുന്ന തിന്മയെ വിജയിപ്പിക്കുന്നതിൽ ഉത്തരവാദിത്വ സ്ഥാനങ്ങളിൽ ഇരിക്കുന്നവർ പോലും തയ്യാറാക്കുന്നത് കണ്ട് ഈ അമ്മ വേദനിപ്പിക്കുന്നു. എല്ലാവർക്കും രക്ഷയുടെ മാർഗ്ഗം കാണിച്ച് കൊടുക്കുവാൻ സഭയിലൂടെ ദൈവം ആഗ്രഹിക്കുമ്പോൾ സഭയ്ക്കുള്ളിലുള്ളവർതന്നെ വഴിതെറ്റുന്നു. സഹവർത്തിത്വം എന്ന പേരിൽ സാത്താൻ ചില അന്ധകാരശക്തികളെ സ്വാധീനിക്കുന്നവരിലൂടെ കൊണ്ടുവരുന്ന പുതിയ ആസൂത്രണങ്ങൾ സഭയെ പ്രഹരിക്കുകയും, സഭാമാതാവിന്റെ നിലവിളി കേൾക്കാതെയും, കേൾപ്പിക്കാതെയും, രക്തം ചിന്താതെയും അവളെ കൊല്ലുന്നതിനുള്ള പുതിയ മാർഗ്ഗത്തിൽ പങ്കുകാരാകുകയും, എതിർക്കുന്നവരെ അടിച്ചമർത്തുകയും ചെയ്യുന്ന എന്റെ പ്രിയ മക്കളെ ഓർത്ത് ഞാൻ വേദനിക്കുന്നു. മഹാനഗരമായിരുന്ന ബാബിലോണിനെക്കുറിച്ചുള്ള പ്രവചനം സംഭവിക്കുന്ന കാലഘട്ടമാണിത് - മക്കളെ അനുതപിക്കുക. നൂറ്റാണ്ടുകളിലൂടെയുള്ള യാത്രയിൽ പലപ്രാവശ്യംഭിന്നിപ്പുകളാൽ പിളർന്ന സഭ വീണ്ടും ആന്തരിക ഐക്യത്തിലേക്ക് വന്നു. എന്നാൽ ഇന്ന് ദിവ്യ ഐക്യത്തിന്റെ കാന്തിയെ സാത്താന്റെ കറുത്തപുക കൊണ്ട് അന്ധകാരമാക്കുന്നതിൽ അവൻ വിജയിക്കുന്നു. സത്യം ഒറ്റിക്കൊടുക്കപ്പെടുന്നു. എന്റെ പുത്രന്റെ സുവിശേഷം വിഭജിക്കപ്പെടുന്നു. എന്റെ പുത്രന്റെ സുവിശേഷം വിഭജിക്കപ്പെടുന്നു. ഇത് ആന്തരിക ഭിന്നതയ്ക്ക് കാരണമാകുന്നു. സത്യത്തെ പിൻതാങ്ങുന്നവർ വലയില്ലാത്തവരാകുന്നു. ഈ ഭിന്നത വൈദീകർ വൈദീകർക്കെതിരായും മെത്രാന്മാർ - മെത്രാന്മാർക്കെതിരാകാനും വഴി തെളിക്കുന്നു. എന്നന്നേത്തേക്കാളുമപരി അവരുടെ പരസ്നേഹത്തിന്റെ കെട്ടുറപ്പ് തകർക്കുന്നതിൽ സാത്താൻ വിജയിക്കുന്നു. യെശു ആഗ്രഹിക്കുന്നതും ജീവിച്ചുറപ്പിച്ചതും തിരുസഭ നിശ്ചയിച്ചതുമായ, വൈദീക ജീവിതത്തിന്റെ സമർപ്പണത്തിന്റെ അന്തസത്തയായ വിശുദ്ധമായ ബ്രഹ്മചര്യ കർത്തവ്യങ്ങൾക്കെതിരെയുള്ള എതിർപ്പ് എന്റെ തിരുക്കുമാരനെ ആഴമായ വേദനയിലേക്ക് തള്ളിയിടുന്നു. അമിതമായ പ്രവർത്തനങ്ങളിൽ മുഴുകി പ്രാർത്ഥനാ ജീവിതത്തോട് വിരസതയും, വെറുപ്പും തോന്നുന്ന മക്കളെ തിരിയുവിൻ, യേശുവിലേക്ക് തിരിയുവിൻ. നിങ്ങളുടെ അച്ചടക്കരാഹിത്യവും, ലോകായതികമായ സുഖഭോഗങ്ങൾക്കുള്ള കീഴ്‌വഴക്കവും നിങ്ങളെ വലിയ നാശത്തിലെത്തിക്കും. സത്യം പൂർണ്ണമായി നിരസിക്കപ്പെടുന്നില്ല എന്ന വ്യാജേന അപകടകരമായ വിധത്തിൽ അസത്യം പ്രചരിക്കപ്പെടുന്നു. ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത സത്യത്തെ തള്ളികളഞ്ഞ് ആധുനികമായ രീതിയിലുള്ള പഠനങ്ങളും, പ്രർത്തനങ്ങളും മനുഷ്യവംശത്തെ ആശയകുഴപ്പത്തിലേയ്ക്ക് നയിക്കും. മക്കളെ തിരിച്ചറിയുക. കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയുക.

എന്റെ തിരുക്കുമാരന്റെ രണ്ടാമത്തെ ആഗമനത്തിനുമുമ്പ് വലിയ കഷ്ടതകളും

ലോകത്തെ നവീകരിക്കുന്ന ശുദ്ധീകരണ പ്രക്രിയകളും ഉണ്ടാകും. നിങ്ങൾക്ക് ലഭിച്ച മുന്നറിയിപ്പുകൾ ഓർക്കുക. സഭയ്ക്ക് എന്ന പോലെ ഈ ശുദ്ധീകരണത്തിന്റെ നാളുകൾ നിങ്ങൾക്കും സഹനസമയമാണ്. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതുപോലെ സാത്താന്റെ സേവകരായ ദുഷ്ടാരൂപികളും ക്രിസ്തുവിരോധികളും തങ്ങളുടെ ദൈവവിരോധം പരസ്യമായി പ്രഖ്യാപിക്കും. പല അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. മക്കളെ നിങ്ങൾ സത്യം സംസാരിച്ചാൽ കുറ്റവാളികളായി പരിഗണിക്കപ്പെടും. സത്യത്തിനെതിരായ നിയമങ്ങൾ രാഷ്ട്രങ്ങളിലെ നിയമനിർമ്മാണ സഭകൾ നടപ്പിലാക്കും. അങ്ങിനെ ക്രൈസ്തവ പീഢനം ആരംഭിക്കും. അനേകരെ ബലിമൃഗങ്ങളാകുന്ന യുദ്ധവാർത്തകൾ വർദ്ധിക്കും. ആഭ്യന്തര സംഘട്ടനങ്ങൾ വർദ്ധിക്കും. രക്തരൂക്ഷിത യുദ്ധങ്ങൾ സമാധാനസ്ഥാപന ശ്രമങ്ങളെ പരാജയപ്പെടുത്തും. കടുത്ത ക്ഷാമം ലോകത്തെ കാർന്ന് തിന്നും. പാപഭാരം താങ്ങുന്ന ഭൂമി – പ്രകമ്പനം കൊണ്ടും, പ്രകൃതി കൊടുങ്കാറ്റ് കൊണ്ടും, സൂര്യ ചന്ദ്ര നക്ഷത്രങ്ങൾ അർത്ഥദ്യോതകങ്ങളായ അടയാളങ്ങൾക്കൊണ്ടും പ്രതികരിക്കും. വലിയ അഗ്നിഗോളത്തിന്റെ ഉരസൽ വഴി ഭൂമിയിലെ ഒരു വിഭാഗം ചാമ്പലാകും. മുഴുവൻ ലോകത്തെയും പിടിച്ച് കുലുക്കുന്ന ഒരു മഹാ സംഭവം വരാൻ പോകുന്നു. ദൈവകല്പനകൾ അനുസരിക്കുന്നവരും ക്രിസ്തുരാജ്യത്തെ അംഗീകരിക്കുന്നവരും, മാനസാന്തരാനുഭവത്തിലൂടെ പ്രാർത്ഥിക്കുന്നവരും ഇതിനെ അതിജീവിയ്ക്കുകയും രക്ഷപ്പെടുകയും ചെയ്യും. മക്കളെ ഈ അമ്മ നിങ്ങളെ സഹായിക്കാനുണ്ട്. നിങ്ങൾ ഭയവിഹ്വലരാകരുത്. സാത്താന്റെ ശക്തി അസമാധാനവും ഭീകരതയും സൃഷ്ടിക്കുമ്പോൾ സമാധാനത്തിന്റെ ദൈവം അവനെ നശിപ്പിക്കാൻ നിങ്ങളെ സഹായിക്കും. ഉണരുക മക്കളെ, പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാരം ഇവ അനുഷ്ഠിക്കുന്നതിൽ അതീവ തല്പരരാകുക.

എന്റെ വിമലഹൃദയം വിജയം വരിക്കുമ്പോൾ ഒരു നവയുഗം സമാഗതമാകുന്നതിനുമുമ്പ് സഹിക്കേണ്ടുന്നതും, സംഭവിക്കേണ്ടതുമായ അതിഘോരമായ പിഢകളുടെ സൂചനകൾ ഞാൻ നല്കിയതിൽ നിങ്ങൾ ദുഃഖിക്കരുത്. പിളർക്കപ്പെട്ട ഈ ഹൃദയത്തിൽ ഞാൻ നിങ്ങളെയെല്ലാം സ്വീകരിച്ച് എന്റെ പുത്രന് നല്കും. വരും നാളുകളിൽ സഭ വഴി, എന്റെ വിമല ഹൃദയത്തിന്റെ സ്നേഹഭാജനമായ മാർപ്പാപ്പവഴി നിങ്ങൾക്ക് ലഭിക്കാനിരിക്കുന്ന പുതിയ വെളിപ്പെടുത്തലുകളും ആഹ്വാനങ്ങളും സശ്രദ്ധം പാലിയ്ക്കൂ. വഴിയും, സത്യവും, ജീവനും, ലോകത്തിന്റെ പ്രകാശവുമായ യേശുക്രിസ്തു കാൽവരിബലിവഴി മനുഷ്യവംശത്തോട് ആവശ്യപ്പെട്ടതും, മനുഷ്യന് വേണ്ടി ബലിയർപ്പിക്കപ്പെട്ടതിരുശരീരരക്തത്തെ സ്വീകരിക്കേണ്ടതിനെയും കുറിച്ചുള്ള ആധികാരിക പ്രബോധനം നിങ്ങളെ പ്രബുദ്ധരാക്കട്ടെ. പ്രകാശിപ്പിക്കേണ്ട പ്രകാശത്തെ മറച്ച് വയ്ക്കുന്ന ലോകമേ! അമലോത്ഭവഹൃദയാഭിലാഷമായ പ്രകാശ രഹസ്യങ്ങൾ അനാവരണം ചെയ്യപ്പെടുമ്പോൾ പ്രകാശത്തെ മറയ്ക്കാൻ നിനക്കാകില്ല എന്നോർക്കൂ. രക്ഷയുടെ സമ്പൂർണ്ണത യേശുവിലൂടെ മാത്രം, ആ രക്ഷ പരിശുദ്ധ കുർബ്ബാനയിലൂടെ ലോകത്തിലേക്ക്, മനുഷ്യഹൃദയങ്ങളിലേക്ക് ഒഴുകിയിറങ്ങും. അതിനാൽ

മക്കളെ ജീവിക്കുന്ന വചന രഹസ്യം, പരിശുദ്ധ കുർബ്ബാനയിലൂടെ ലോകത്തിലേയ്ക്ക്, മനുഷ്യഹൃദയങ്ങളിലേക്ക് ഒഴുകിയിറങ്ങും. അതിനാൽ മക്കളെ ജീവിക്കുന്ന വചന രഹസ്യം, പരിശുദ്ധ ജപമാല വഴി സ്വന്തമാക്കൂ. ജപമാലയോടൊപ്പം പരിഹാര കുർബ്ബാനസ്വീകരണങ്ങൾ നടത്തൂ. ഈ ലോകത്തിലുള്ള എല്ലാ നന്മപ്രവൃത്തികളുടെ ആകെ വിലയെടുത്താലും ഒറ്റ വിശുദ്ധകുർബ്ബാനയോളമാവില്ല. സ്വർഗ്ഗം മുഴുവനും ഭൂമിയിൽ നിറയുന്ന ആ മഹനീയ കൂദാശ വഴി, പരിഹാരബലി വഴി, നിങ്ങളും ലോകം മുഴുവനും വിശുദ്ധീകരിക്കപ്പെടും. ഭയാനകമായ വിപത്തുകൾ കുറയും, ശുദ്ധീകരണത്തിന്റെ ഘോരത കുറയും. ആയതിനാൽ വരൂ ക്ഷമിച്ച്, സ്നേഹിച്ച്, അനുതപിച്ച്, പാപസങ്കീർത്തനം നടത്തി കാൽവരിബലിയിൽ നമുക്ക് ഒന്നാകാം. കുർബ്ബാനയുടെ അമ്മ നിങ്ങളെ സഹായിക്കാം. ക്രൂശിക്കപ്പെട്ട് ഉത്ഥിതനായവൻ എന്നും നിങ്ങളിൽ നിങ്ങളോടൊപ്പം - ആമ്മേൻ

XXXXX. 2002 മാർച്ച് 25 ന് പരിശുദ്ധ അമ്മ നല്കിയ സന്ദേശം

എന്റെ കുഞ്ഞുമക്കളെ, എന്റെ തിരുക്കുമാരൻ അവിടുത്തെ രണ്ടാമത്തെ ആഗമനത്തിനായി നിങ്ങളെ ഒരുക്കുവാൻ, അവസാനകാലത്തെ പ്രവാചികയായി ഈ അമ്മയെ നിയോഗിച്ചിരിക്കുന്നതിനാൽ - സ്നേഹത്തോടെ ആ ദൗത്യം പൂർത്തീകരിയ്ക്കുക നിങ്ങളുടെ സഹകരണത്തോടെയാണെന്ന് ഈ അമ്മ ഓർമ്മിപ്പിക്കട്ടെ. സ്നേഹത്തിന്റെ പ്രബോധനങ്ങളെ നിങ്ങൾ സ്വീകരിക്കണം. മുൻപൊരിക്കൽ നിങ്ങളെ അറിയിച്ചിട്ടുള്ള അതേ കാര്യം ഒരിക്കൽകൂടി ആവർത്തിക്കുന്നു. ഇത് ദൈവനീതിയുടെ മണിക്കൂറാണ്. ദൈവനീതിയുടേയും കരുണയുടേയും കാസനിറഞ്ഞ് കവിയുന്നു. മാനസാന്തരപ്പെടുവിൻ മക്കളെ തിരിച്ചറിവിലേയ്ക്ക് വരുവിൻ. ദൈവീക ജ്ഞാനത്തിനായി ദാഹിക്കുവിൻ. ലോകം തരുന്ന ക്ഷണിക സന്തോഷങ്ങളിൽ അവസാനിക്കാനുള്ളതല്ല നിങ്ങളുടെ വിലപ്പെട്ട ജീവിതം. അത് യേശുവിന്റെ രക്തത്തിന്റെ വിലയും നിത്യതയിലേയ്ക്കുള്ള വിളിയുമാണ്. ഗബ്രിയേൽ ദൈവദൂതൻ സകല ജനതയ്ക്കുമുള്ള വിമോചകൻ എന്നിലൂടെ പിറക്കുമെന്ന സ്വർഗ്ഗീയ വാർത്ത എന്നെ അറിയിച്ചപ്പോൾ മുതൽ കുരിശിൻ ചുവട്ടിൽ വച്ച് എന്റെ സഹരക്ഷണീയ കൃത്യത്തിന്റെ ഫലമായി ലഭിച്ച ആദ്ധ്യാത്മിക മാതൃത്വം വരെയുള്ള നിമിഷങ്ങൾ നിങ്ങളൊന്ന് ഓർത്ത് നോക്കൂ. പിളർക്കപ്പെട്ട എന്റെ വിമലഹൃദയമാകുന്ന പിള്ളത്തൊട്ടിലിൽ നിങ്ങളെ ഭരമേല്പിച്ച എന്റെ തിരുസുതന്റെ രോദനം ഇന്നും ഈ ഹൃദയത്തിൽ ഏറ്റ് വാങ്ങിയാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. മക്കളെ ഒരിക്കലും തളരാതെ പരിശുദ്ധപരമത്രിത്വത്തെ സ്നേഹിക്കൂ. ദേവാലയങ്ങളിൽ ഏകനായി കഴിയുന്ന എന്റെ തിരുക്കുമാരന്റെ വേദന നിങ്ങൾ മനസ്സിലാക്കൂ. പരിശുദ്ധ കുർബ്ബാനയിലെ യേശു സാന്നിദ്ധ്യത്തെ വെളിപ്പെടുത്തുന്ന അത്ഭുതങ്ങളെ നിരാകരിച്ചും സത്യസാന്നിദ്ധ്യത്തെ തിരിച്ചറിയാതെ, ഉൾകൊള്ളാതെ യേശുവിനെ ഉപേക്ഷിക്കുന്ന, ഉപദ്രവിക്കുന്ന മക്കളെയോർത്ത് ഞാൻ ദുഃഖിതയാണ്. സത്യവചനത്തെ - അവഹേളിക്കുകയും യുക്തിവാദപരമായ വ്യാഖ്യാനം വഴി കീറിമുറിവേൽപ്പിച്ച് മർദ്ദിക്കുന്നു, തിന്മയുടേയും പാപത്തിന്റെയും മാർഗ്ഗത്തിലൂടെ സഞ്ചരിച്ച്, ദുഷ്പ്രവൃത്തി

കളും അശുദ്ധിയും, സ്വാർത്ഥതയും, വിദ്വേഷവും വ്യാപിക്കുകയെന്നത് ഈ ലോകത്തിന്റെ പ്രത്യേകതയായി കാണുന്നു. മക്കളെ ഈ സമയത്ത് നിങ്ങളുടെ അമ്മയ്ക്ക് ഗൗരവമേറിയ ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്. അന്തിക്രിസ്തുവിനെ ഭരണമേല്പിക്കാൻ ലോകം ഒരുങ്ങുകയാണ്. ക്രിസ്തുവിനേയും അവിടുന്ന് പഠിപ്പിച്ച സത്യങ്ങളേയും ലോകം നിഷേധിക്കുകയും വലിയ വിശ്വാസത്യാഗം സംഭവിക്കുകയും സഭയുടെ അധികാരം നിഷേധിക്കപ്പെടുകയും ചെയ്യുമ്പോൾ അന്തിക്രിസ്തുവരും. വ്യാപകമായ സഭാഭിന്നതകൾ, വിശ്വാസത്യാഗം, ഭക്തിരാഹിത്യം, ദൈവനിന്ദ ഇവവഴി ലോകം അശുദ്ധിയിൽ മുങ്ങുകയും കല, സാഹിത്യം, രാഷ്ട്രീയം, മതജീവിതം, മനുഷ്യന്റെ ചിന്തകൾ, വിദ്യഭ്യാസം, നിർബ്ബന്ധിത വിഗ്രഹാരാധന ഇവ മൂർദ്ധന്യത്തിലെത്തുകയും ചെയ്യുമ്പോൾ മിശിഹായുടെ പരിവേഷത്തോടെ ദുഷ്ടനായ അന്തിക്രിസ്തുവരം. തിന്മയുടെ മൂർത്തീകരണമാണ് അവൻ. യുഗാന്ത്യത്തിൽ യേശുവും പിശാചുക്കളുമായുള്ള യുദ്ധത്തിൽ സാത്താൻ സൈന്യത്തെ നയിക്കുന്നത് അവനായിരിക്കും. നശിപ്പിക്കുകയാണ് അവന്റെ ലക്ഷ്യം. ദുഷ്ടർ സത്യദൈവത്തെ ആരാധിക്കുന്നവരെ ചവിട്ടിമെതിയ്ക്കും. സാത്താന്റെ അന്ധകാരം ഭൂതലമെങ്ങും വ്യാപിക്കും. നാശത്തിന്റെ സന്തതികളുടെ എണ്ണം കൂടുകയും നീതിയുടെ മക്കളുടെ എണ്ണം കുറയുകയും ചെയ്യും മക്കളെ ഈ അമ്മ വീണ്ടും പറയുന്നു. തിരിച്ചറിവിലേയ്ക്ക് വരിക - യേശുവിലേയ്ക്ക് വരിക. ലോകത്തെ രക്ഷിച്ച യേശുക്രിസ്തു സ്ത്രീത്വത്തിന്റെ ഏറ്റവും മഹോന്നതവും പരിപാവനവുമായ അവസ്ഥയിൽ നിന്ന് ജന്മമെടുത്തുവെങ്കിൽ അന്തിക്രിസ്തു സ്ത്രീയുടെ ഏറ്റവും ഹീനമായ അവസ്ഥയിൽ നിന്ന് ജന്മമെടുക്കുകയും വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. അവന്റെ പ്രവർത്തികളെക്കുറിച്ച് തിരുവചനത്തിലൂടെ പരിശുദ്ധാത്മാവ് നിങ്ങളോട് സംസാരിച്ചിട്ടുള്ളതിനെക്കുറിച്ച് നിങ്ങൾ ഏറ്റവും കൂടുതൽ ബോധ്യമുള്ളവരായിരിക്കേണ്ട സമയമാണിത്.

മത്തായി 24-4,5.......14, 15, 2 തിമോത്തി 2/3, 2 തെസലോനിക്ക -2/4-9, ദാനിയേൽ 12/9 12, 2 പത്രോസ് 2/1-3- എന്നീ തിരുവചനങ്ങൾ ധ്യാനിക്കുകയും, ആത്മീയശക്തിയോടെ ഒരുങ്ങുകയും ചെയ്യുക. അധർമ്മം വർദ്ധിക്കുമ്പോൾ പലരുടേയും സ്നേഹം തണുത്തുറഞ്ഞ് പോകും. വിശുദ്ധ കുർബ്ബാനയെന്ന നിരന്തരബലി നിർത്തലാക്കാനും, വൈദികരെ നാടുകടത്താനും എതിർക്രിസ്തു ശ്രമിക്കുകയും അതുവഴി ചുരുങ്ങിയ കാലത്തേയ്ക്കുള്ള അവന്റെ ഭരണത്തിൽ അവൻ വിജയിക്കുകയും ചെയ്യും. ചുരിങ്ങിയ കാലമേ അവശേഷിച്ചിട്ടുള്ള എന്ന ചിന്തയിൽ അവൻ എന്നത്തേക്കാളുമുപരി കോപവെറിയാൽ മനുഷ്യരെ കീഴ്പ്പെടുത്തുന്നു.

എന്റെ പ്രിയമക്കളെ ഭയപ്പെടരുത്. നിങ്ങളുടെ ഉള്ളിലുള്ളവൻ പുറമെയുള്ളവനെക്കാൾ വലിയവനാണെന്ന തിരുവചനം നിങ്ങൾക്ക് ധൈര്യം പകരട്ടെ. നിങ്ങളും, നിങ്ങളുടെ കുഞ്ഞുങ്ങളും ക്രിസ്തുവിൽ ക്രിസ്തുവിനായി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ജീവയ്ക്കുക. തിരുസഭയ്ക്കായി, മാർപ്പാപ്പയ്ക്കായി, എന്റെ പാവപ്പെട്ട വൈദീക തനയർക്കായി, സന്യസ്തർക്കായി നിരന്തരം പ്രാർത്ഥിക്കുക. സാത്താനെതിരെ പോരാടാൻ എന്നോടൊപ്പം സൈന്യ

നിരയിൽ മുൻനിരയിലാണ് സമർപ്പിതർ. വിശുദ്ധിയുടെ കവചം ധരിച്ച്, വിശ്വാസത്തിന്റെ പടത്തൊപ്പിയണിഞ്ഞ് പ്രത്യാശയോടെ വചനവാളുമായി പൊരുതി ജയിക്കുവാൻ പ്രാർത്ഥിക്കുക. വളരെയധികം പ്രാർത്ഥിക്കുക. പിരശുദ്ധകുർബ്ബാനയർപ്പണം ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയും ബലിയുമാണ്. പരിഹാര കുർബ്ബാന സ്വീകരങ്ങൾ നടത്തുക. ജപമാല പ്രാർത്ഥനയിൽ തീക്ഷ്ണതയുള്ളവരാകുക. കർത്താവ് കല്പിച്ചു തരുന്ന വേദനകളെ സ്നേഹപൂർവ്വം സ്വീകരിക്കുക.

സഹനം - ദൈവവരപ്രസാദ പിയുഷമാണ്. മക്കളെ, നൊമ്പരങ്ങളും, ഒറ്റപ്പെടുത്തലുകളും, തെറ്റുധരിക്കപ്പെടലും വഴി കുരിശിനെ പരിചയപ്പെടാനും, കുരിശിന്റെ വഴിയെ സഞ്ചരിക്കാനും നിങ്ങൾക്ക് ധാരാളം അവസരങ്ങൾ കിട്ടും. അവയൊന്നും പാഴാക്കാതെ നിത്യസമ്മാനത്തിനുള്ള യോഗ്യതയായി സ്വീകരിച്ച് സമർപ്പിക്കൂ. ആത്മീയ രക്തസാക്ഷിത്വം ദൈവതിരുമുമ്പിൽ ഏറെ വിലയുള്ളതാണ്. സാമ്പത്തിക ഞെരുക്കങ്ങളും, നിരാശയും വർദ്ധിക്കുന്ന ഈ കാലത്ത് പ്രത്യാശയുടെ പൊൻ പ്രഭ പകരുവാൻ കഴിവുള്ള യേശു ക്രിസ്തുവിൽ പ്രത്യാശയർപ്പിക്കൂ.

അമലോത്ഭവയായ നിങ്ങളുടെ അമ്മ നരകസർപ്പത്തിന്റെ തലയെ ചവിട്ടുമ്പോൾ നരകത്തിന്റെ വാതിലുകൾ അടയപ്പെടും. ഉണർവ്വോടെ മാലഖമാരോട് ചേർന്ന് പ്രാർത്ഥിക്കൂ മക്കളെ. ദ്വിതീയ പെന്തക്കുസ്താ എത്രയും വേഗം ആഗതമാകുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ. ആത്മവിശ്വാസത്തോടും സ്നേഹത്തോടും കൂടി വിശുദ്ധമായ പ്രാർത്ഥനാ ജീവിതം നയിക്കുവിൻ. കറുത്തകുർബ്ബാന ഈ ലോകത്ത് നിന്നും പാടെ നീക്കം ചെയ്യപ്പെടാൻ പ്രാർത്ഥനയും പരിത്യാഗവും വഴി ഈ അമ്മയോടൊപ്പം പ്രവർത്തിക്കുവിൻ. ആന്തരികവും രക്തപങ്കിലവുമായ ശുദ്ധീകരണത്തിലൂടെ മനുഷ്യവംശത്തിന് ലഭിയ്ക്കാനുള്ള യഥാർത്ഥമായ സമാധാനത്തിനായി പ്രാർത്ഥിക്കുവിൻ. പുതിയ ആകാശവും പുതിയ ഭൂമിയും എങ്ങും സമാധാനവും സന്തോഷവും ഉള്ള നല്ല നാളുകൾ തീർച്ചയായും നിങ്ങൾക്ക് ലഭിക്കും. എന്റെ പ്രിയ കുഞ്ഞിലൂടെ വെളിപ്പെടുത്തപ്പെട്ട സ്വർഗ്ഗീയ രഹസ്യങ്ങളടങ്ങുന്ന ചിത്രത്തിന്റെ സന്ദേശം ലോകം മുഴുവൻ പ്രചരിക്കട്ടെ എന്ന് ഞാനാഗ്രഹിക്കുന്നു. നിങ്ങളുടെ അമ്മയുടെ വേദനാപൂർണ്ണമായ സ്വരത്തിനു നേരെ നിങ്ങളുടെ ഹൃദയകവാടങ്ങൾ കൊട്ടിയടച്ച് ശിക്ഷാവിധി സ്വീകരിക്കരുത്. പാവങ്ങളിൽ, ദരിദ്രരിൽ നിങ്ങളിൽ യേശുവിനെക്കണ്ട് സ്നേഹത്തിൽ മുന്നേറൂ. ഈ അമ്മയെന്നും സഹായത്തിനായി നിങ്ങളോടൊപ്പമുണ്ട്. ആമ്മേൻ.

(അവസാന സന്ദേശം (Last Message)

XXXXXI. 2002 ആഗസ്റ്റ് 22ന് പരിശുദ്ധ അമ്മ നല്കിയ സന്ദേശം

എന്റെ കുഞ്ഞുമക്കളെ, എന്റെ മാതൃത്വപരമായ രാജ്ഞീപദസ്വീകരണത്തിന്റെ അനുസ്മരണയിലായിരിക്കുന്ന നിങ്ങളുടെ സന്തോഷത്തിൽ ഞാൻ പങ്ക് ചേരുന്നു. കരുണയുടേയും സ്നേഹത്തിന്റേയും രാജാവ് ഈ അമ്മയുടെ വിമലഹൃദയത്തിൽ ഉരുവായതുപോലെ നിങ്ങളെ ഓരോരുത്തരേയും ഈ ഹൃദയത്തിൽ സ്വീകരിക്കാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. മുന്നറിയിപ്പുകളിലൂടെ അടയാളങ്ങളിലൂടെയെല്ലാം ഞാൻ നിങ്ങളെ നയിച്ചിട്ടുണ്ട്. അവ

യൊന്നും ശൂന്യമായി പോകാൻ അനുവദിക്കരുതെയെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. എന്റെ പ്രിയ കുഞ്ഞിലൂടെ എഴുതിപ്പിക്കുന്ന അവസാന സന്ദേശമാണിത്. ആത്മീയ പ്രചോദനത്താൽ നയിക്കപ്പെടുമെങ്കിലും ഞാൻ നേരിട്ട് നല്കുന്ന അനുഭവങ്ങളുടെ സമാപന സമയമായി. കുഞ്ഞുമക്കളെ, നിങ്ങളുടെ ഈ ലോകജീവിത്തിനുള്ള ഉത്തരം തിരുവചനങ്ങളിൽ (ബൈബിളിൽ) വേരൂന്നിയിരിക്കുന്നു. നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്ന യന്ത്രം സുവിശേഷമാകണം. ജീവനും രക്ഷയും നിറഞ്ഞ പരിശുദ്ധ നിയമ സമാഹാരം, സ്നേഹമാണ് അതിന്റെ ഭാഷ, അതിൽ എഴുതപ്പെടാത്തതായി ഒന്നുമില്ല. കപടതയിലേയ്ക്കും, കാപട്യത്തിലേയ്ക്കും നയിക്കപ്പെടാതെ ജീവന്റെ വചനത്തെ സ്വീകരിക്കാൻ തയ്യാറാകുക. മക്കളെ ഭൂമിയിലുള്ള വസ്തുക്കളെല്ലാം നിങ്ങൾക്ക് വിലയില്ലാതായിത്തീരുമ്പോഴാണ് ദൈവത്തെ മാത്രം ലക്ഷ്യം വയ്ക്കാൻ നിങ്ങൾക്ക് സാധിക്കുക. ഇത് സാധ്യമാകുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി. മക്കളെ നിങ്ങൾ കുരിശിൻ ചുവട്ടിൽ നിങ്ങൾക്കായി മരിക്കുകയും യേശുവിനായി ജനിക്കുകയും ചെയ്യുക. സ്വർഗ്ഗത്തിലെ നിക്ഷേപത്തിൽ നിന്ന് ഈ ഭൂമിയിലേക്ക് കൃപകൾ വർഷിക്കുവാൻ എന്റെ തിരുക്കുമാരനാൽ തിരഞ്ഞെടുക്കപ്പെട്ട ദൈവീകർക്കായും, സന്യാസ ജീവിത്തിലൂടെ സമർപ്പണം നടത്തുന്ന എന്റെ പ്രിയ പുത്രിമാർക്ക് വേണ്ടിയും ജീവിതാവസാനം വരെ നിങ്ങൾ പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ ഈ അമ്മ ആരാധനയുടേയും പ്രായശ്ചിത്തത്തിന്റേയും അമ്മയാണ്. മക്കളെ നിങ്ങൾക്ക് നല്കിയീട്ടുള്ള ഏറ്റവും വലിയ അത്ഭുതവും, ദാനവും പരുശുദ്ധ കുർബ്ബാനയാണ്. ഓരോ ബലിയും ലോകം മുഴുവന്റേയും പാപ പരിഹാരബലിയായി സ്വീകരിയ്ക്കപ്പെടുകയും, മോചന ദ്രവ്യമായി എന്റെ തിരുക്കുമാരൻ, സ്വീകരിക്കുന്നവരിൽ നിറയുകയും ചെയ്യുന്നു. പരിശുദ്ധ ബലിയോടുള്ള വിശ്വസ്തത ഓരോ ബലിയിലും ഏറ്റ് പറയുന്ന വ്യക്തിയേയും, കുടുംബത്തേയും, നാടിനേയും എന്റെ തിരുക്കുമാൻ അനുഗ്രഹിക്കും. മക്കളെ നിങ്ങൾക്ക് ദിവ്യകാരുണ്യം ആവശ്യമുണ്ട്. ദിവ്യകാരുണ്യ രഹസ്യം പരിശുദ്ധിയോടെ പരികർമ്മം ചെയ്യാൻ വൈദീകരെ ആവശ്യമുണ്ട്. മതപീഢനത്തിന്റെ നാഴികകൾ അടുത്ത് വരുന്നു. നിശബ്ദതയിൽ സഹിച്ച് പൗരോഹിത ജീവിതത്തിന്റെ പവിത്രതയിൽ ജീവിതം ബലിയായി സമർപ്പിച്ച് ജീവിക്കുന്ന എന്റെ വൈദീകരായ മക്കളെയോർത്ത് ഞാൻ ആശ്വസിക്കുന്നു. എന്നാൽ പ്രതികാരത്തിന്റെയും ദൈവീകനീതിയുടെയും തുലാസ് തലയ്ക്ക് മുകളിൽ തൂക്കി, അശുദ്ധിയുടെ തോരണങ്ങളാൽ അലംകൃതരായി, അബദ്ധ പ്രബോധനങ്ങളിലേയ്ക്ക് മനുഷ്യരെ നയിച്ച് ജീവിക്കുന്ന എന്റെ മക്കളെ ഓർത്ത് ഞാൻ വേദനിക്കുന്നു. വഞ്ചന നിറഞ്ഞ ലോകത്ത് ജഡികാസക്തരായിത്തീരുന്ന മക്കൾ കാട്ടുമൃഗത്തെ മൃഗീയമായി വലിച്ച് കീറുന്ന മനോഭാവത്തോടെ എന്റെ തിരുകുമാരന്റെ തുരുശരീര രക്തങ്ങൾ പരികർമ്മം ചെയ്യുന്നത് കാണുമ്പോൾ ഹൃദയം പിളർന്ന് ഞാൻ കരയുകയാണ്. മക്കളെ സാത്താൻ വിജയിക്കാൻ അനുവദിക്കരുത്. വിശുദ്ധിയുടെ സമർപ്പണത്തെ കാരാഗൃഹത്തിലാക്കുന്ന നരക സർപ്പം അധികം വൈകാതെ നശിക്കും. മക്കളെ ജപമാല ഭക്തിയിലും, പരിഹാര കുർബ്ബാന സ്വീകരണത്തിലും നിങ്ങൾ തൽപരരാകുവിൻ. സുവിശേഷത്തിന്റെ അരൂപിയെ നഷ്ടപ്പെടുത്തി, താത്വീക ചിന്തകളും, മാനു

ഷിക ശാസ്ത്രങ്ങളും നിരത്തി ദൈവ വചനത്തെ വധിക്കുന്ന ഒരു സമൂഹത്തെ ഒരുക്കുന്നതിൽ സാത്താൻ വിജയിക്കുന്നു എന്ന് അവകാശപ്പെടുന്നു. സഭ തന്റെ ശുശ്രൂഷകരാൽ നശിപ്പിക്കപ്പെടുന്നു. ബാഹ്യതയിൽ പൂർണ്ണയെന്ന് തോന്നുമെങ്കിലും അപൂർണ്ണതയുടെ നിരത്തിലൂടെ സഭ ഇഴഞ്ഞ് നീങ്ങുകയാണ്. മാർപാപ്പയ്ക്കായി പ്രാർത്ഥിക്കുക ത്യാഗത്തോടും, ധീരതയോടും വിധേയത്വത്തോടും കൂടെ സഭയെ നയിക്കുന്ന പ്രകാശത്തിന്റെ മാർപ്പാപ്പ സഭയ്ക്ക് നല്കുന്ന പ്രബോധനങ്ങളാൽ നിങ്ങൾ പ്രബുദ്ധരാകുക.

മക്കളെ, എന്റെ വിമലഹൃദയം അഗാധമായ മനോവ്യഥയാൽ നിറഞ്ഞ് തുളുമ്പുകയാണ്. വിശ്വായ പരിത്യാഗം എന്നത്തേക്കാളധികമായി നിങ്ങളെ വേട്ടയാടും. നിർബ്ബന്ധത്താൽ മാത്രം ഉപയോഗിക്കുന്ന വസ്തുവായിത്തീരും ബൈബിൾ. കഠിന പട്ടിണി, അതിശൈത്യം, അമിതമായ ചൂട്. വരൾച്ച ഇവമൂലം ദശലക്ഷങ്ങൾ മരിച്ചുവീഴും. ദൈവത്തിന്റെ ആലയമായ മനുഷ്യന്റെ നാശം, ദേവാലയങ്ങൾ നശിപ്പിക്കാൻ കൂടുതലായി അവനെ പ്രേരിപ്പിക്കും, ഭർതൃഭാര്യ ബന്ധങ്ങളുടെ തകർച്ച, ആത്മഹത്യ, ശിശുവധം ഇവ വർദ്ധിക്കും. ഭരണകക്ഷികളുടെ വഴക്കും, യുദ്ധസന്നാഹങ്ങളും മനുഷ്യ ജീവിതത്തിന്റെ സമാധാനം നഷ്ടപ്പെടുത്തും. ആത്മീയ നേതൃത്വം വഹിക്കുന്നവരുടെ ഇടയിലുള്ള ഭിന്നത, വിശ്വാസത്തെ സംബന്ധിച്ച് തർക്കം ഇവ വർദ്ധിക്കുന്നതോടെ സഭയുടെ ശക്തി ക്ഷയിക്കും. മാധ്യമങ്ങൾ ജഡത്തേക്കാൾ ഉപരി ആത്മാവിനെ നശിപ്പിക്കും. ദൈവത്തെയും, ദൈവീകനിയമങ്ങളെയും നിരാകരിക്കുക മനുഷ്യജീവിതത്തിലെ ഒരു പൊതു ജീവിതശൈലിയായി മാറും. പരസ്പരം കുറ്റപ്പെടുത്തുന്ന ആത്മീയ ശുശ്രൂഷകരുടെ മുഖം തെളിയും. സാമ്പത്തിക നഷ്ടം, ഉപഭോഗ വസ്തുക്കളുടെ വിലയിടിവ്, കുടുംബങ്ങളേയും രാഷ്ട്രങ്ങളെയും ബാധിക്കും. മനുഷ്യന്റെ പാപഭാരം താങ്ങുന്ന ഭൂമി പ്രകോപിതയാകും. പ്രപഞ്ചത്തിലൂടെ സാത്താൻ സ്വാധിനം ചെലത്തും. യൂറോപ്യൻ നാടുകളിലെ വഷളത്വങ്ങൾ ദൈവകോപം ചോദിച്ച് വാങ്ങും. മക്കളെ ഇതെല്ലാം ഈ അമ്മ കണ്ട്കൊണ്ടിരിക്കുന്നു. പിൻതിരിയുവിൻ, മക്കളെ പിൻതിരിയുവിൻ പ്രലോഭനങ്ങളിൽ നിന്നും ഉണ്ടാകുന്ന സന്തോഷം ഒഴിവാക്കി പാപത്തെ വെറുത്ത് വിട്ടകലുവിൻ നിങ്ങളുടെ ചുറ്റുമുള്ളവരിൽ മുറിവേറ്റ എന്റെ തിരുക്കുമാരന്റെ മുഖശോഭ ദർശിക്കുവിൻ. ദൈവം നല്കിയ സുബോധത്തെ നഷ്ടപ്പെടുത്തുന്ന മദ്യത്തിലും മയക്കുമരുന്നിലും നിന്ന് ഓടിയകലുവിൻ നിരാശയുടേയും, ദുഃഖത്തിന്റെയും, നടുവിലാണെങ്കിലും ദൈവത്തെ വിളിച്ച് അപേക്ഷിക്കുവിൻ. സർവ്വശക്തന്റെ രക്ഷാകര ശക്തി നിങ്ങളിൽ നിറയുന്നതിനായി ഈ അമ്മയുടെ വിമല ഹൃദയത്തിലേയ്ക്ക് സകലതും സമർപ്പിക്കുവാൻ ദൈവത്തിന്റെ കരുണയെ അളക്കുന്ന മനുഷ്യൻ ശുദ്ധീകരണത്തിന്റെ നാളുകളെ നേരിടേണ്ടതുണ്ട്. മഹാ ദുരിതത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഈ കാലയളവിൽ മക്കളെ ഈ അമ്മയോടൊപ്പം മുന്നേറുക. മക്കളെ ഇത് വെളിപാടിന്റെ പൂർത്തീകരണ കാലഘട്ടമാണ്, ഫാത്തിമായിലെ മൂന്നാം പ്രവചനത്തിന്റെ പൂർത്തീകരണ കാലവുമാണ്. എന്റെ ശത്രുവിന്റെ കാൽചുവട്ടിൽ അമർന്ന് കഴിയുന്ന മനുഷ്യമക്കളുടെ പാപത്തിനായി നിങ്ങൾ പ്രായശ്ചിത്തമനുഷ്ടിക്കൂ. കഷ്ടപ്പാടിന്റെ കാഠിന്യം അതിന്റെ തികവിൽ മനുഷ്യൻ

അനുഭവിച്ചറിയുന്നു. ദൈവീക കാരുണ്യത്തിന്റെ ഇടപെടൽ കൂടാതെ ഈ ക്ലേശങ്ങളിൽ നിന്ന് മോചനം ലഭിക്കില്ല.

ഞാൻ ഇവിടെ നല്കിയ സന്ദേശങ്ങളെ സ്വീകരിക്കുന്നവരെയും തിരസ്ക്കരിക്കുന്നവരെയും ഞാൻ സ്നേഹിക്കുന്നു. മക്കളെ ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കുക. നിർവചിക്കാൻ സാധിക്കാത്ത ദുഃഖങ്ങളിലൂടെയും വേദനയിലൂടെയും നിങ്ങൾക്ക് മുന്നേറി വിജയിക്കേണ്ടിവരും. മുന്തിരച്ചെടിയിലെ ഇത്തിൾകണ്ണികളെ നീക്കാൻ നിങ്ങളുടെ സഹകരണം എനിക്കാവശ്യമുണ്ട്. ഈ ഭവനത്തിലുള്ളവരെ, വിശുദ്ധീകരണത്തിന്റെ പാതയിലേയ്ക്ക് നയിച്ച എല്ലാവരേയും, ഈ കുഞ്ഞുമക്കളുടെ സഹനത്തിൽ സന്തോഷിച്ച് ഞാൻ ആശീർവദിക്കുന്നു. സഹനത്തിന്റെ പാരമ്യത്തിൽ പിളർക്കപ്പെട്ട എന്റെ തിരുകുമാരന്റെ ഹൃദയത്തിൽ നിന്നും പ്രവഹിക്കുന്ന കരുണയാൽ ഈ ലോകം മുഴുവനും നിറയാനുള്ള ഈ മക്കളുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ ഏറെ വിലയുള്ളതായിത്തീരുന്നു. സമയത്തിന്റെ തികവിൽ അടയാളങ്ങളിലൂടെ, അനുഭവങ്ങളിലൂടെ, പരിമള നിറവിലൂടെ അഭിഷേകമായി, സന്ദേശങ്ങളിലൂടെയെല്ലാം എന്റെ തിരുക്കുമാരന്റെ കാരുണ്യത്താൽ മാതൃ സ്നേഹത്താൽ നയിക്കപ്പെട്ട ശുശ്രൂഷയുടെ ദൈവീക വെളിപ്പെടുത്തലുകളും നിങ്ങൾ സ്വീകരിക്കണം. മാനുഷിക പദ്ധതികളെയും കണക്ക് കൂട്ടലുകളെയും അതിലംഘിക്കുന്ന ദൈവീക രഹസ്യങ്ങളെ നിങ്ങൾ സ്വീകരിക്കുക, സ്നേഹിക്കുക. അനേകം ചോദ്യങ്ങൾക്കും, സംശയങ്ങൾക്കും, വാദങ്ങൾക്കും ഇത് കാരണമാകും മക്കളെ നിങ്ങൾ ഭയപ്പെടരുത്. അന്ധകാരത്തിൽ പ്രകാശമായി നിലകൊള്ളുക. നിരന്തരം പ്രാർത്ഥിക്കുക. എണ്ണത്തിൽ കുറഞ്ഞാലും ഇവിടെ നിന്നുയരുന്ന സഹന കുസുമങ്ങളുടെ സൗരഭ്യം അനേക പാപികളുടെ മാനസാന്തരത്തിന് കാരണമാകും. വീണുപോയ എന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഉയർച്ചയ്ക്ക് അത് കാരണമാകും. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെയെന്ന് എളിമയോടെ പ്രാർത്ഥിക്കുക. എളിമ പരിപൂർണ്ണതയുടെ അടിസ്ഥാനകല്ലാണ്. നിങ്ങളെ എളിമപ്പെടുത്താൻ ആഗ്രഹിക്കുകയും, എളിമപ്പെടുത്തുന്നവരെ അനുഗ്രഹിക്കുകയും വേണം. സ്വർഗ്ഗീയസിംഹാസനങ്ങൾ നിർമ്മിക്കാൻ അത് ആവശ്യമാണ്. പ്രലോഭനങ്ങളിൽ വിജയം വരിച്ച്, നിങ്ങളെ തേടിയെത്തുന്ന സഹനങ്ങളെ ഭയപ്പെടാതെ സ്വീകരിച്ച് സഹനത്തിന്റെ രത്നകല്ലുകൾ പതിപ്പിച്ച കിരീടത്തിന് അവകാശികളാകുക. ജപമാല ഭക്തിയിലും, ദിവ്യകാരുണ്യത്തിലും, വചനത്തിലും, ഉപവാസത്തിലും തീക്ഷ്ണതയുള്ളവരാകുക. നരകത്തിലെ നക്ഷത്രം, എന്റെ നക്ഷത്രങ്ങളുടെ മുദ്രയെ നശിപ്പിക്കാൻ ഓടിനടക്കുമ്പോൾ, മക്കളെ, അന്ധകാരത്തിലാണ്ട് പോയി നിങ്ങൾ വിശ്രമിക്കരുത്. തെറ്റായ മൂല്യങ്ങൾ പകർന്ന് വാങ്ങി കുതിരയേക്കാൾ വേഗത്തിൽ പായുന്ന യുവജനങ്ങളെ, സുബോധമുള്ളവരാകുക. കണ്ണുനീരോടെ മനം നൊന്ത് ഈ അമ്മ പറയുന്നു. ലോകമക്കളെ, നിങ്ങൾ വിശുദ്ധിയിൽ ജീവിക്കുക. മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ കർത്താവിങ്കലേയ്ക്ക് മടങ്ങുക. ക്രിസ്തുവിന്റെ കുരിശ് പരിശുദ്ധാത്മ ശക്തിയാൽ എല്ലാ ഹദൃയങ്ങളിലും നട്ടു വളർത്താൻ ഈ അമ്മയെ അനുവദിക്കുക.

കുഞ്ഞുങ്ങളെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. അപകടങ്ങളുടെ വക്കിൽ ജീവിക്കുന്ന നിങ്ങളോടൊപ്പം, ഇവിടെ വന്ന് പ്രാർത്ഥിക്കുന്നവരോടൊപ്പം, ഇവിടെ സമർപ്പിക്കുന്ന പ്രാർത്ഥനകളോടൊപ്പം യേശുവിന്റെ രക്ഷയുമായി ഈ അമ്മയുണ്ട്. പ്രകാശ സൂര്യനായ യേശു

തന്റെ രക്ഷയുടെയും കരുണയുടെയും രശ്മികളെ പ്രതിബിംബിപ്പിച്ചുകൊണ്ട് സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമ്മേൻ.